# ശിയാക്കളുടെ കളവും ജമാഅത്തിന്റെ വെളവും

തയ്യാറാക്കിയത്: ആരിഫ് അബ്ദുൽഖാദർ

ശിയാക്കളുടെ ആദർശത്തോട് എന്നും കൂറ് കാണിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രസ്ഥാനമാണ് ജമാഅത്തെ ഇസ്‌ലാമി. അവരിൽ നിന്നും അനന്തരമെടുത്ത ഒരുപാട് വിശ്വാസങ്ങൾ ജമാഅത്തിനുണ്ട്. അല്ലാഹുവിന്റെ ഭൂമിയിൽ അല്ലാഹുവിന്റെ നിയമം മാത്രമേ നിലനില്ക്കാൻ പാടുള്ളൂ എന്ന ഭരണപരമായ കാഴ്ചപ്പാട് ശിയാക്കളിൽ നിന്ന് സ്വീകരിച്ചതിന്റെ തിക്തഫലങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന ഇവർ ഇന്ന് നല്ലപിള്ള ചമഞ്ഞ് ജനാധിപത്യത്തിന്റെ കുടക്കീഴിൽ അണിഞ്ഞൊരുങ്ങി നില്ക്കാനുള്ള തത്രപ്പാടിലാണ്. ഇതിനിടയിൽ ചിലരൊക്കെ ചിന്തിക്കാറുണ്ട്, മുമ്പ് പറഞ്ഞ പല വാദങ്ങളും പ്രശ്നങ്ങളും മൗദൂദിസ്റ്റുകൾ ഇപ്പോൾ ശക്തമായി ഉന്നയിക്കാറില്ലല്ലോ. പലതും അവർ പിൻവലിക്കുകയും ചെയ്തു. എന്നിട്ടുമെന്തിന് അവരെ ഇങ്ങനെ വിമർശിക്കുന്നു? എന്നാൽ അറിയുക, മൗദൂദിസ്റ്റുകളുടേതായി അറിയിച്ച തീവ്രവാദ മതരാഷ്ട്രവാദ നിയമങ്ങളൊന്നും അവർ പിൻവലിച്ചിട്ടില്ലെന്നും പൂർവോപരി ശക്തിയോടെ നിഗൂഢമായി മറ്റു പ്രസ്ഥാനങ്ങൾക്കകത്തു പോലും ഈ ചിന്താഗതികൾ അടിച്ചേൽപിക്കാനുള്ള പദ്ധതികൾ അവർ ആവിഷ്കരിക്കുന്നുണ്ടെന്നും നാം തിരിച്ചറിയണം.

വോട്ടു ചെയ്യുന്നത് ശിർക്കാണെന്ന് ഞങ്ങൾ പറഞ്ഞിട്ടില്ലെന്ന് അമീർ പ്രസ്താവനയിറക്കുമ്പോഴും 'നമ്മുടെ സ്വാതന്ത്ര്യസമരം', 'നമ്മുടെ ജനാധിപത്യത്തിന്റെ സംരക്ഷണം' എന്നൊക്കെ അവർ എഴുതുന്നതു കാണുമ്പോഴും സർക്കാർ ജോലിയിൽ അവർ പ്രവേശിക്കുമ്പോഴുമെല്ലാം ശിയാക്കളുടെ ഏറ്റവും ദുഷിച്ച തക്വിയ്യത്ത് എന്ന നിഗൂഢതാവിശ്വാസം മൗദൂദിസ്റ്റുകളേയും ബാധിച്ചിരിക്കുന്നുവെന്നാണ് നാം മനസിലാക്കേണ്ടത്. പ്രത്യേക സാഹചര്യങ്ങളിൽ സത്യം മറച്ചുവെക്കുക എന്നതിനാണ് ശിയാക്കൾ തക്വിയ്യത്ത് എന്നു പറയുന്നത്. തക്വിയ്യത്ത് ഇല്ലാതെ ഈമാനും ഇസ്‌ലാമുമില്ലെന്നൊക്കെ വ്യാജ ഹദീഥുകളും അവർ പ്രചരിപ്പിക്കാറുണ്ട്.

വ്യക്തമായ കളവും കാപട്യവും ന്യായീകരിക്കാൻ ശിയാക്കൾക്ക് ജൂതൻ സംഭാവന ചെയ്ത തക്വിയ്യത്ത് എന്ന ഫോർമുല ഇവിടെ അഹ്‌ലുസ്സുന്നത്തിൽ നിന്ന് ബഹുദൂരം അകന്ന മൗദൂദിസ്റ്റുകൾ സ്വാഭാവികമായും പ്രയോഗവത്കരിക്കുന്നുവെന്നു മാത്രം. അതുകൊണ്ട് അവരുടെ അസ്തിത്വം തന്നെ കളഞ്ഞുകുളിച്ചുവെന്ന് തോന്നുമാറുള്ള പുത്തൻ പ്രസ്താവനകളും നടപടികളും കാണുമ്പോൾ അവർ മൗദൂദിയൻ ചിന്തകൾ വെടിഞ്ഞുവെന്നും നല്ല കുട്ടികളായെന്നും ആരും തെറ്റിദ്ധരിക്കരുത്. മറിച്ച് അത് ശക്തമായി നടപ്പിൽ വരുത്തുകയാണെന്ന് മനസിലാക്കുക. അതുകൊണ്ടാണ് മൗദൂദിയുടെ കൃതികളും മറ്റും ഇന്നും ഐ.പി.എച്ച് വഴി യുവാക്കളുടെ മസ്തിഷ്ക്കങ്ങളിലേക്ക് കുത്തിവെച്ചുകൊണ്ടിരിക്കുന്നത്, അല്ലെങ്കിൽ അതല്ലെ ആദ്യം അവർ നിറുത്തേണ്ടത്.

പ്രമുഖ പണ്ഡിതനായിരുന്ന ശൈഖ് ഇഹ്സാൻ ഇലാഹീ ളഹീർ രചിച്ച 'അശ്ശീഇത്തു വസ്സുന്ന' എന്ന പുസ്തകം ശിയാക്കളുടെ അടിസ്ഥാനപരമായ തക്വിയത്ത് എന്ന വിശ്വാസത്തെ സംബന്ധിച്ച് ചർച്ച ചെയ്യുന്നുണ്ട്. ദഅ്‌വാ ബുക്സ്, കൊച്ചിൻ പ്രസിദ്ധീകരിച്ച അതിന്റെ മലയാള പതിപ്പിൽ നിന്നുള്ള 'ശിയാക്കളും കളവും' എന്ന മൂന്നാം അദ്ധ്യായമാണ് ഇതോടൊപ്പമുള്ളത്. തക്വിയ്യത്തുമായി ബന്ധപ്പെട്ട ശിയാക്കളുടെ വിശ്വാസം മനസിലാക്കിയാൽ ജമാഅത്തെ ഇസ്‌ലാമിയുടെ ഈ രംഗത്തുള്ള വെളവ് കൃത്യമായി നമുക്ക് ബോധ്യപ്പെടും. അല്ലാഹു അനുഗ്രഹിക്കട്ടെ, ആമീൻ.

# ശിയാക്കളും കളവും

ശീഇസവും കളവും രണ്ടു പര്യായ പദങ്ങളാണ്. അവക്കിടയിൽ അന്തരമേതുമില്ല. ശീഇസത്തിന് അടിത്തറപാകിയ അന്ന് തൊട്ടിന്നേവരെ രണ്ടും ഒന്നിച്ച് നീങ്ങിക്കൊണ്ടിരിക്കുകയാണ്. കളവിൽ നിന്ന് കളവെന്നോണമാണ് അതിൻെറ ആരംഭം.

കളവിൻെറ സന്താനമായി ശീഇസം പിറവിയെടുത്തപ്പോൾ അവരതിന് പരിശുദ്ധിയുടേയും മഹത്വത്തിൻേറയും നിറവും, അതിൻേറതല്ലാത്ത അനർഹമായ പേരും നൽകി. അതിനുവേണ്ടിയവർ 'തക്വിയ്യ' എന്ന പദത്തെ ഉപയോഗപ്പെടുത്തി. 'മനസിലുള്ളതിന് വിരുദ്ധമായി പുറത്തു പ്രകടിപ്പിക്കുക' എന്നതാണ് തക്വിയ്യ കൊണ്ട് അവരുദ്ദേശിച്ചത്. ഈ ആശയത്തെ അവർ മുറുകെപ്പിടിച്ചു. തങ്ങളുടെ മതത്തിൻെറ അടത്തറയായി, അടിസ്ഥാന വിശ്വാസങ്ങളിലെ ഒന്നായി അവരതിനെ നിശ്ചയിച്ചു. പാപസുരക്ഷിതരെന്ന് തങ്ങളാൽ വിശേഷിപ്പിക്കപ്പെടുന്ന ഇമാമുകളിലേക്ക് ഈ കളവിനെയവർ ചേർത്തു പറഞ്ഞു. മുഹമ്മദ് ബ്ൻ കുലൈനി പ്രസ്താവിക്കുന്നത് കാണുക: "തക്വിയ്യ എൻെറ മതമാണ് എൻെറ പിതാമഹൻമാരുടെ മതം. തക്വിയ്യ സ്വീകരിക്കാത്തവന് ഈമാനില്ലതന്നെ." ശീഇകളുടെ അഞ്ചാമത് ഇമാമായി പരിഗണിക്കപ്പെടുന്ന അബൂജഅ്ഫർ പറഞ്ഞതാണത്രെ ഇത്. (അൽകാഫി ഫിൽ ഉസ്വൂൽ, ബാബുത്തക്വിയ്യ, വാ. 2, പേ. 219, ഇറാൻ, പേ. 484, ഇന്ത്യ)

അബൂ ഉമർ അൽ അഅ്ജമിയിൽ നിന്നും കുലൈനി വീണ്ടും ഉദ്ധരിക്കുന്നു. അദ്ദേഹം പറഞ്ഞു: എന്നോട് അബൂ അബ്ദില്ല ഇപ്രകാരം പറയുകയുണ്ടായി: "അബൂ ഉമർ, ദീനിൻെറ പത്തിൽ ഒമ്പതും തക്വിയ്യയാണ്. തക്വിയ്യ ഇല്ലാത്തവന് ദീനില്ല."(അൽകാഫി ഫിൽ ഉസ്വൂൽ, ബാബുത്തക്വിയ്യ, വാ. 2, പേ. 217, ഇറാൻ, വാ. 1, പേ. 482, ഇന്ത്യ)

കുലൈനിയുടെ 'സ്വഹീഹി'ൽ തന്നെ ഇതിലും വലിയ പ്രസ്താവനയുണ്ട്. അബൂ ബസ്വീർ നിവേദനം ചെയ്യുകയാണ്, അബൂ അബ്ദില്ല(അ) പറഞ്ഞു: "തക്വിയ്യ അല്ലാഹുവിൻെറ ദീനിൽപ്പെട്ടതാകുന്നു." ഞാൻ ചോദിച്ചു: 'അല്ലാഹുവിൻെറ ദീനിൽപ്പെട്ടതൊ?' അദ്ദേഹം പറഞ്ഞു: "അതെ, അല്ലാഹുവിൻെറ ദീനിൽപ്പെട്ടതു തന്നെ." (അൽകാഫി ഫിൽ ഉസ്വൂൽ, ബാബുത്തക്വിയ്യ, വാ. 2, പേ. 217, ഇറാൻ, വാ. 1, പേ. 483, ഇന്ത്യ)

ഇതാണ് ശീഇകളാചരിച്ചു പോരുന്ന ദീൻ. ഇതാണ് അവർ വിശ്വസിച്ചു പോരുന്ന അഖീദ. സത്യം മറച്ചു വെച്ച് കളവ് പ്രകടിപ്പിക്കുകയാണ് തക്വിയ്യ. പ്രസ്തുത വിഷയത്തിൽ അവർ വ്യാജമായുണ്ടാക്കിയ ഒരു ഹദീസ് കാണുക.

സുലൈമാൻ ബ്ൻ ഖാലിദ് പറയുകയാണ്: "ഒരു ദിവസം അബൂ അബ്ദില്ല പറഞ്ഞു: സുലൈമാനേ, നിങ്ങൾ ഒരു മതത്തിലാണ് നിലകൊള്ളുന്നത്. അതിനെ മറച്ചു വെച്ചവനെ അല്ലാഹു അന്തസ്സുള്ളവനാക്കും. അതിനെ പ്രചരിപ്പിക്കുന്നവനെ അല്ലാഹു നിന്ദ്യനാക്കും." (അൽകാഫി ഫിൽ ഉസ്വൂൽ, ബാബുത്തക്വിയ്യ, വാ. 2, പേ. 222, ഇറാൻ, വാ. 1, പേ. 485, ഇന്ത്യ)

ദീൻ പരസ്യമാക്കരുതെന്ന ശീഈ വിശ്വാസം അല്ലാഹുവിൻെറ വചനങ്ങളുമായി എങ്ങനെ ഒത്തുപോകും എന്നറിയുന്നില്ല. ക്വുർആൻ പറയുന്നു:

"ഹേ; റസൂലേ, നിന്റെ രക്ഷിതാവിങ്കൽ നിന്ന് നിനക്ക് അവതരിപ്പിക്കപ്പെട്ടത് നീ (ജനങ്ങൾക്ക്) എത്തിച്ചുകൊടുക്കുക. അങ്ങനെ ചെയ്യാത്ത പക്ഷം നീ അവന്റെ ദൗത്യം നിറവേറ്റിയിട്ടില്ല." (മാഇദഃ 67)

“അതിനാൽ നീ കൽപിക്കപ്പെടുന്നതെന്തോ അത് ഉറക്കെ പ്രഖ്യാപിച്ച് കൊള്ളുക. ബഹുദൈവവാദികളിൽ നിന്ന് തിരിഞ്ഞുകളയുകയും ചെയ്യുക.” (ഹിജ്ർ: 94)

ഹജ്ജത്തുൽ വദാഇൽ വെച്ച് മഹാനായ പ്രവാചകൻ വിശുദ്ധ മതത്തിൻെറ തത്വങ്ങൾ പരസ്യമായി പ്രഖ്യാപിച്ച ശേഷം ചോദിച്ചു: ‘ജനങ്ങളേ, ഞാൻ നിങ്ങൾക്ക് എത്തിച്ചു തന്നില്ലയോ?’ അവർ പറഞ്ഞു: ‘തീർച്ചയായും റസൂലെ.’ തിരുമേനി(സ്വ) പറഞ്ഞു: “അല്ലാഹുവേ നീ സാക്ഷി. ഇവിടെ ഹാജരുള്ളവർ സന്നിഹിതരായവർ ഹാജരില്ലാത്തവർക്ക് ഈ സത്യം എത്തിച്ചു കൊടുക്കുക. ഒരുപക്ഷെ, കേട്ടവരേക്കാൾ പാഠമുൾക്കൊള്ളുന്നവർ പിന്നീട് എത്തിക്കപ്പെടുന്നവാരായിരിക്കും.” (മുത്തഫക്വുൻ അലൈഹി)

നബി(സ്വ) പറഞ്ഞു: ‘എന്നിൽ നിന്നെന്തെങ്കിലും കേൾക്കുകയും, കേട്ടതു പോലെ മറ്റുള്ളവർക്ക് എത്തിച്ചു കൊടുക്കുകയും ചെയ്യുന്ന ഒരുവനെ അല്ലാഹു പ്രകാശപൂരിതമാക്കട്ടെ. പിന്നീട് എത്തിക്കപ്പെടുന്നവരിൽ കേട്ടവരേക്കാൾ പാഠമുൾക്കൊള്ളുന്നവർ എത്രയോ പേരുണ്ട്” (തിർമിദി)

പ്രവാചകനരുളി: “എന്നിൽ നിന്ന് ഒരു ആയത്തെങ്കിലും നിങ്ങൾ ജനങ്ങളെ അറിയിക്കുക.” (ബുഖാരി)

അല്ലാഹു തആല തൻെറ പ്രവാചകൻമാരെ പുകഴ്ത്തിക്കൊണ്ടു പറഞ്ഞ വചനവും ഇതോടു ചേർത്ത് വായിക്കേണ്ടതാണ്.

“അതായത് അല്ലാഹുവിന്റെ സന്ദേശങ്ങൾ എത്തിച്ചുകൊടുക്കുകയും, അവനെ പേടിക്കുകയും അല്ലാഹുവല്ലാത്ത ഒരാളെയും പേടിക്കാതിരിക്കുകയും ചെയ്തിരുന്നവർ” (അഹ്സാബ്: 39)

പ്രവാചകാനുചരൻമാരേയും അല്ലാഹു തആല വാഴ്ത്തിപ്പറഞ്ഞിട്ടുണ്ട്.

“സത്യവിശ്വാസികളുടെ കൂട്ടത്തിൽ ചില പുരുഷൻമാരുണ്ട്. ഏതൊരു കാര്യത്തിൽ അല്ലാഹുവോട് അവർ ഉടമ്പടി ചെയ്തുവോ, അതിൽ അവർ സത്യസന്ധത പുലർത്തി. അങ്ങനെ അവരിൽ ചിലർ (രക്ത സാക്ഷിത്വത്തിലൂടെ) തങ്ങളുടെ പ്രതിജ്ഞ നിറവേറ്റി. അവരിൽ ചിലർ (അത്) കാത്തിരിക്കുന്നു. അവർ (ഉടമ്പടിക്ക്) യാതൊരു വിധ മാറ്റവും വരുത്തിയിട്ടില്ല.

സത്യവാൻമാർക്ക് തങ്ങളുടെ സത്യസന്ധതയ്ക്കുള്ള പ്രതിഫലം അല്ലാഹു നൽകുവാൻ വേണ്ടി. അവൻ ഉദ്ദേശിക്കുന്ന പക്ഷം കപടവിശ്വാസികളെ ശിക്ഷിക്കുകയോ, അല്ലെങ്കിൽ അവരുടെ പശ്ചാത്താപം സ്വീകരിക്കുകയോ ചെയ്യാൻ വേണ്ടിയും. തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.” (അഹ്സാബ്: 23, 24)

“ഒരു ആക്ഷേപകന്റെ ആക്ഷേപവും അവർ ഭയപ്പെടുകയില്ല.” (മാഇദ: 54)

അല്ലാഹു മുനാഫിക്വുകളെ ആക്ഷേപിച്ചു കൊണ്ട് പറഞ്ഞു:

“കപട വിശ്വാസികൾ നിന്റെ അടുത്ത് വന്നാൽ അവർ പറയും: തീർച്ചയായും താങ്കൾ അല്ലാഹുവിന്റെ ദൂതനാണെന്ന് ഞങ്ങൾ സാക്ഷ്യം വഹിക്കുന്നു. അല്ലാഹുവിന്നറിയാം തീർച്ചയായും നീ അവന്റെ ദൂതനാണെന്ന്. തീർച്ചയായും മുനാഫിഖുകൾ (കപടൻമാർ) കള്ളം പറയുന്നവരാണ് എന്ന് അല്ലാഹു സാക്ഷ്യം വഹിക്കുന്നു.” (മുനാഫിക്വൂൻ: 1)

കപടവിശ്വാസികളുടെ സ്വഭാവം വിശദീകരിച്ചു കൊണ്ട് ക്വുർആൻ പറഞ്ഞു:

“വിശ്വാസികളെ കണ്ടുമുട്ടുമ്പോൾ അവർ പറയും; ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു എന്ന്. അവർ തങ്ങളുടെ (കൂട്ടാളികളായ) പിശാചുക്കളുടെ അടുത്ത് തനിച്ചാകുമ്പോൾ അവരോട് പറയും: ഞങ്ങൾ നിങ്ങളോടൊപ്പം തന്നെയാകുന്നു. ഞങ്ങൾ (മറ്റവരെ) കളിയാക്കുക മാത്രമായിരുന്നു.” (അൽബഖറ: 14)

കപടവിശ്വാസികൾക്കുള്ള ശിക്ഷയെപ്പറ്റിയും ക്വുർആൻ വിശദീകരിക്കുന്നുണ്ട്.

“തീർച്ചയായും കപടവിശ്വാസികൾ നരകത്തിന്റെ അടിത്തട്ടിലാകുന്നു. അവർക്കൊരു സഹായിയെയും നീ കണ്ടെത്തുന്നതല്ല. ” (നിസാഅ്: 145)

നബി തിരുമേനി(സ്വ) കളവിനെ വിരോധിക്കുകയും അതിനെ ആക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. സത്യസന്ധത പാലിക്കണമെന്ന് ഉപദേശിക്കുകയും അതിനെ വാഴ്ത്തിപ്പറയുകയും ചെയ്തിട്ടുണ്ട്.

ബുഖാരിയും മുസ്‌ലിമും ഉദ്ധരിച്ച ഒരു ഹദീസ് ശ്രദ്ധിക്കുക. ഇബ്നു മസ്ഊദി(റ)ൽ നിന്ന്. റസൂൽ (സ്വ) പറഞ്ഞു: നിങ്ങൾ സത്യം മുറുകെ പിടിക്കുക. തീർച്ചയായും സത്യം പുണ്യത്തിലേക്ക് വഴികാട്ടും. പുണ്യമാകട്ടെ സ്വർഗത്തിലേക്കും വഴികാട്ടുന്നതാണ്. സത്യം പറയുകയും, സത്യം മുറുകെ പിടിക്കുകയും ചെയ്തു കൊണ്ടിരിക്കുന്ന മനുഷ്യൻെറ പേര് അല്ലാഹുവിൻെറ അടുക്കൽ ‘സത്യസന്ധൻ’ എന്ന് എഴുതപ്പെടും. കളവ് പറയുന്നത് നിങ്ങൾ സൂക്ഷിക്കുക. കളവ് പറയൽ അധർമ്മത്തിലേക്ക് വഴി തെളിയിക്കും. അധർമ്മം വഴിതെളിക്കുന്നതാകട്ടെ നരകത്തിലേക്കും. കളവ് പറയുകയും കളവ് തന്നെ മുറുകെപ്പിടിക്കുകയും ചെയ്യുന്ന മനുഷ്യൻെറ പേര് അല്ലാഹുവിൻെറയടുക്കൽ ‘പെരും നുണയൻ’ എന്ന് എഴുതപ്പെടുന്നതാണ്. (ബുഖാരി, മുസ്‌ലിം)

സുഫ്‌യാൻ ബ്ൻ അബ്ദില്ല അസക്ക്ഫിയിൽ നിന്ന്. അദ്ദേഹം പറഞ്ഞു: “താനെന്തു പറഞ്ഞാലും വിശ്വസിക്കുന്ന സ്വന്തം സഹോദരനോട് കളവു പറയുന്നതാണ് ഏറ്റവും വലിയ വഞ്ചന” എന്ന് നബി (സ്വ) പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്.” (അബൂദാവൂദ്)

## തക്വിയ്യ: മതവും മതസംഹിതയും (ദീനും ശരീഅത്തും)

അല്ലാഹുവിൻെറ കൽപനയും റസൂലിൻെറ നിർദ്ദേശവും മാനിക്കുന്ന മുസ്‌ലിമുകൾ യഥാവിധി വിശ്വസിക്കുന്ന സംഗതിയാണ് മേലെ വായിച്ചവ. ശീഇകൾ പക്ഷെ വിശ്വാസ കാര്യങ്ങളിൽ കളവിനെ കൂട്ടിച്ചേർത്തു. എന്നല്ല തങ്ങളുടെ അഖീദയുടെ അടിസ്ഥാന തത്വമായിത്തന്നെ അവരതിനെ നിശ്ചയിച്ചു.

ശീഇകളുടെ വിശ്വസ്തനും ഹദീസു പണ്ഡിതനുമായ മുഹമ്മദ് ബ്ൻ അലി അൽ ക്വുമ്മി തൻെറ ‘അൽ ഇഅ്തിക്വാദാത്ത്’ എന്ന വിശ്രുത കൃതിയിൽ എഴുതുന്നു: “തക്വിയ്യ വാജിബാണ്. അതിനെ ഉപേക്ഷിക്കുന്നവൻ നമസ്കാരം ഉപേക്ഷിക്കുന്നവന് തുല്യമാണ്. ‘അവതാര പുരുഷൻ’ വരുവോളം ഒരാളും അതിനെ കയ്യൊഴിച്ചു കൂടാ. അദ്ദേഹത്തിൻെറ വരവിനു മുമ്പ് തക്വിയ്യയെ ഉപേക്ഷിക്കുന്നവൻ മതഭ്രഷ്ടനാണ്. ഇമാമിയ്യ ദീനിൽ നിന്നും പുറത്തു പോയവനാണ്. അല്ലാഹുവിനേയും, റസൂലിനേയും, ഇമാമുകളേയും ധിക്കരിച്ചവനാണ്. സ്വാദിക്വ്(അ)നോട് ഒരാൾ ചോദിച്ചു: ‘അല്ലാഹുവിങ്കൽ നിങ്ങളിൽ ഏറ്റവും ആദരണീയൻ നിങ്ങളിലെ ‘അത്ക്വ’ ആയവനാണ്.’ എന്ന ക്വുർആനിക വചനത്തിൻെറ താത്പര്യമെന്താണ്?’ അദ്ദേഹം പറഞ്ഞു: നിങ്ങളിൽ ‘തക്വിയ്യ‘ പ്രകാരം കൂടുതൽ പ്രവർത്തിക്കുന്നവരാണ്.’ (അൽ ഇഅ്തിക്വാദാത്ത്, അധ്യായം: തക്വിയ്യ, ഇറാൻ, 1274 ഹി)

കളവിനെ തങ്ങളുടെ വിശ്വാസത്തിൻെറ അടിത്തറയായി ശീഇകൾ എങ്ങനെ നിശ്ചയിക്കാതിരിക്കും? അല്ലാഹുവിൻെറ റസൂലിൻെറ പേരിലല്ലെ ഇവൻമാർ വ്യാജ ഹദീസുകൾ പടച്ചുണ്ടാക്കിയിരിക്കുന്നത്. അത് കാണുക. നബി(സ്വ) പറഞ്ഞു: “തക്വിയ്യയില്ലാത്ത മുഅ്മിൻ ശിരസില്ലാത്ത ശരീരം പോലെയാണ്.” (തഫ്സീറുൽ അസ്കരി, പേ. 162, അൽജഅ്ഫരി പ്രസ്, ഇന്ത്യ)

പ്രഥമ മഅ്സ്വൂമായ ഇമാമെന്ന് ശീഇകൾ സകൽപിക്കുന്ന അലി ബ്ൻ അബീ ത്വാലിബ്(റ) പറഞ്ഞതായി ഒരു പ്രസ്താവനയുണ്ട്. അദ്ദേഹം പറഞ്ഞു: “വിശ്വാസിയുടെ ഏറ്റവും ശ്രേഷ്ഠമായ കർമ്മമാണ് തക്വിയ്യ. തെമ്മാടികളിൽ നിന്ന് സ്വന്തത്തേയും സ്വന്തം സഹോദരങ്ങളേയും സംരക്ഷിക്കുന്ന കവചമാണത്.” (ഇബിഡ്)

മൂന്നാം ഇമാമായി പരിഗണിക്കപ്പെടുന്ന ഹുസൈൻ ബ്ൻ അലിയിൽ നിന്നുള്ള പ്രസ്താവന ഇങ്ങനെ. "തക്വിയ്യ ഇല്ലെങ്കിൽ നമ്മുടെ ശത്രുവിനേയും മിത്രത്തേയും വേർതിരിച്ചറിയുക സാധ്യമല്ല."(ഇബിഡ്) ശീഇകളെ അറിയാനുള്ള മാനദണ്ഡം തന്നെ കളവാണെന്നു സാരം.

നാലാം ഇമാമായ അലി ബ്ൻ ഹുസൈനിൽ നിന്നുള്ള പ്രസ്താവന കാണുക: "ഒരു വിശ്വാസിയുടെ സകല പാപങ്ങളും അല്ലാഹു പൊറുത്തു കൊടുക്കുകയും, ഇഹലോകത്തും പരലോകത്തും അവയിൽ നിന്ന് അവനെ ശുദ്ധീകരിക്കുകയും ചെയ്യും. എന്നാൽ രണ്ടു പാപങ്ങൾക്ക് ഒരിക്കലും മാപ്പില്ല. ഒന്ന്, തക്വിയ്യ ഉപേക്ഷിക്കുക (വല്ലാത്തൊരു കുറ്റം തന്നെ. ഗ്ര.) രണ്ട്, സഹോദരങ്ങളോടുള്ള ബാധ്യതകൾ നിരസിക്കുക." (ഇബിഡ്, പേ. 164)

ബാക്വിർ എന്ന പേരിലറിയപ്പെടുന്ന അഞ്ചാം ഇമാം മുഹമ്മദ് ബ്ൻ അലി ബ്ൻ ഹുസൈൻ പറയുന്നു: "തക്വിയ്യയേക്കാൾ കൺകുളിർമ്മ നൽകുന്ന മറ്റെന്തുണ്ടെനിക്ക്! തക്വിയ്യ വിശ്വാസിയുടെ പരിചയാണ്." (അൽകാഫീ ഫിൽ ഉസ്വൂൽ, തക്വിയ്യ അധ്യായം, വാ. 2, പേ. 220, ഇറാൻ)

സ്വാദിക്വ് എന്ന അപരനാമത്തിലറിയപ്പെടുന്ന അബൂ അബ്ദില്ല ജഅ്ഫർ ബ്നുൽ ബാക്വിറിൽ നിന്ന്: "ഹബീബേ, തക്വിയ്യയേക്കാൾ എനിക്കിഷ്ടമുള്ള മറ്റൊന്ന് ഭൂമുഖത്തില്ല. ഏതൊരാളിൽ തക്വിയ്യയുണ്ടോ അല്ലാഹു അവനെ ഉന്നതിയിലേക്ക് ഉയർത്തുക തന്നെ ചെയ്യും. തക്വിയ്യയില്ലാത്തവനെ അല്ലാഹു അധഃമനാക്കി മാറ്റും." (ഇബിഡ്, വാ. 2, പേ. 217)

ഏഴാം ഇമാമായ മൂസ ബ്ൻ ജഅ്ഫർ തന്റെ അനുയായികളിലൊരാളായ അലി ബ്ൻ സുവൈദിന് ഇപ്രകാരം എഴുതി: "നമ്മെപ്പറ്റി കേൾക്കുന്നതൊ, നമ്മിലേക്ക് ചേർത്ത് പറയപ്പെടുന്നതോ ആയ സംഗതികളെ, അത് തെറ്റാണെന്ന് നിനക്ക് അറിയുമെങ്കിലും, അടിസ്ഥാനരഹിതമെന്ന് നീ പറയരുത്. കാരണം എന്തിനു വേണ്ടി, ഏതു സമയത്താണ് നാമത് പറഞ്ഞത് എന്ന് നിനക്കറിയില്ല. നിന്നെ ഉണർത്തിയ കാര്യത്തിൽ ഞാൻ നിന്നെ വിശ്വസിക്കുകയാണ്. മറച്ചു വെക്കണമെന്ന് ഞാൻ നിന്നോടാവശ്യപ്പെട്ട ഒരു കാര്യവും നീ പരസ്യപ്പെടുത്തരുത്." (രിജാലുൽ കുഷി, പേ. 356, അലി ബ്ൻ സുവൈദിന്റെ ജീവചരിത്രം, കർബല)

എട്ടാം ഇമാമായ അലി ബ്ൻ മൂസ പറയുന്നു: "ഭക്തിയില്ലാത്തവന് ദീനില്ല. തക്വിയ്യയില്ലാത്തവന് ഈമാനുമില്ല. അല്ലാഹുവികൽ നിങ്ങളിൽ ഏറ്റവും ആദരണീയൻ നിങ്ങളിൽ കൂടുതൽ തക്വിയ്യയുള്ളവനാണ്.' അപ്പോൾ ഒരാൾ ചോദിച്ചു: ഏതു കാലംവരെ ഈ തക്വിയ്യ കാത്തുസൂക്ഷിക്കണം? അദ്ദേഹം പറഞ്ഞു: ഒരു നിർണ്ണിത കാലം വരെ, അഥവാ നമ്മുടെ 'അവതാര പുരുഷൻ' വരുന്നതുവരെ. ആദ്ദേഹം വരുന്നതിനു മുമ്പ് ആര് തക്വിയ്യ ഉപേക്ഷിക്കുന്നുവൊ, അവൻ നമ്മിൽപ്പെട്ടവനല്ല." (കശ്ഫുൽ ഗുമ്മ, അർദബീലി, പേ. 341)

ഇത്രയും നാം വായിച്ചത് കളവിന്റെ കാര്യത്തിൽ ശീഇകളുടെ അഖീദയെ സംബന്ധിച്ചാണ്. അതിനെ അവർ എത്രമാത്രം പരിശുദ്ധമായി കാണുന്നു, അക്കാര്യത്തിൽ അവർ എത്രകണ്ട് അതിരുവിട്ടിരിക്കുന്നു എന്നതിനെ സംബന്ധിച്ചുമാണ്.

ഈ വിഭാഗത്തെ വിശ്വസിക്കാനും അവരോടൊപ്പം നടക്കാനും അവരുമായി യോജിപ്പിലെത്താനും ഇനിയും ആർക്കാണാവുക? ഇന്ത്യൻ ശീഈ പണ്ഡിതനായ സയ്യിദ് ഇംദാദ് ഇമാം പറഞ്ഞതാണു ശരി: "ഇമാമിയ്യ മദ്ഹബും അഹ്ലുസ്സുന്നത്തിന്റെ മദ്ഹബും രണ്ട് വിരുദ്ധ ദിശകളിലേക്കൊഴുകുന്ന നദികളാണ്. അന്ത്യനാൾവരേയും അവ അങ്ങനെത്തന്നെ അകന്നകന്ന് ഒഴുകിക്കൊണ്ടിരിക്കും. അവതമ്മിൽ ഒരുകാലത്തും ഒന്നിക്കുന്ന പ്രശ്നമില്ല." (മിസ്ബാഹു ള്ളുൽമ്, പേ. 41, 42, ഉറുദു പതിപ്പ്)

അപ്പോൾ, സത്യവും അസത്യവും തമ്മിൽ യോജിപ്പുണ്ടാകുന്നതെങ്ങനെ? സത്യവാനും നുണയനും തമ്മിൽ ഐക്യത്തിന് സാധ്യതയെവിടെ? വെറും നുണയനല്ല, നുണ പറയൽ തന്റെ ഈമാനിന്റെ നിർബന്ധ ബാധ്യതയാണെന്ന് വിശ്വിക്കുന്ന പെരുംനുണയൻ! കളവിനെ അല്ലാഹുവിലേക്കടുക്കാനുള്ള ഏറ്റവും നല്ല ആരാധനയായി കണക്കാക്കുന്ന പെരുകള്ളൻ!

# തഖിയ്യയെന്നാൽ കളവു തന്നെ

'തഖിയ്യയെന്നാൽ ഞങ്ങളുദ്ദേശിക്കുന്നത് കളവ് പറയുക എന്നല്ല. സ്വന്തം ശരീരത്തിന് അപകട മേൽക്കാതിരിക്കാൻ സൂക്ഷ്മതയെന്നോണം സത്യത്തെ മറച്ചു പിടിക്കലാണ് തഖിയ്യ.' ചില ശീഇകൾ ഇങ്ങനെ അവകാശപ്പെടാറുണ്ട്.

യാഥാർത്ഥ്യം അപ്പറഞ്ഞതല്ല. ഈ കാര്യത്തിലും അവർ നുണ പറയുകയാണ്. തഖിയ്യ കൊണ്ട് കളവും ചതിയുമല്ലാതെ മറ്റൊന്നും അവരുദ്ദേശിക്കുന്നില്ല. ഹൃദയത്തിലുള്ളതിനു വിരുദ്ധമായി പുറത്തു പ്രകടിപ്പിക്കുന്ന കാപട്യം മാത്രമാണത്.

ഈ വാദത്തിന് ഉപോദ്ബലകമായ തെളിവുകൾ എത്ര വേണെങ്കിലുമുണ്ട്.

മുഹമ്മദ് യഅ്കൂബ് അൽ കുലൈനി തൻെറ 'അൽ കാഫീ ഫിൽ ഫുറൂഅ്' എന്ന കൃതിയിൽ പറയുന്നത് വായിക്കുക. അബൂ അബ്ദില്ലയിൽ നിന്നാണ് നിവേദനം. ഒരിക്കൽ ഒരു മുനാഫിക്വ് മരണപ്പെട്ടു. ഹുസൈൻ ബ്ൻ അലി (അ) അദ്ദേഹത്തിൻെറ മൃതശരീരത്തെ അനുഗമിച്ചു കൊണ്ടു നടക്കുന്ന വേളയിൽ തൻെറ മൗലയെ അദ്ദേഹം കാണുകയുണ്ടായി. 'എവിടേക്കു പോകുന്നു മനുഷ്യാ' അദ്ദേഹം മൗലയോടു ചോദിച്ചു. 'ഈ മുനാഫിക്വിൻെറ ജനാസ നമസ്കരിക്കാതിരിക്കാൻ ഓടി രക്ഷപ്പെടുകയാണു ഞാൻ.' അയാൾ മറുപടി പറഞ്ഞു. അപ്പോൾ ഹുസൈൻ ബ്ൻ അലി പറഞ്ഞു: 'ഇയാളുടെ ജനാസ നമസ്കരിക്കാൻ നീ എൻെറ വലതു വശത്തു നിൽക്കുക. ഞാൻ പ്രാർത്ഥിക്കുന്നത് ശ്രദ്ധിച്ച് അതു പോലെ നീയും പ്രാർത്ഥിച്ചാൽ മതി.' അങ്ങനെ അവർ നമസ്കാരത്തിന് തക്ബീർ ചൊല്ലി കൈകെട്ടി. എന്നിട്ട് ഹുസൈൻ(അ) ഇങ്ങനെ പ്രാർത്ഥിക്കാൻ തുടങ്ങി: "അല്ലാഹുവേ, നിൻെറ ഈ അടിമയെ ആയിരം വട്ടം അനുസ്യൂതം ശപിക്കേണമേ. അല്ലാഹുവേ നിൻെറ ഈ അടിമക്ക് മതിയായത് നൽകേണമേ. നരകാഗ്നിയുടെ ചൂടിൽ ഇവനെ നീ കിടത്തി എരിയിക്കേണമേ. നിൻെറ ഏറ്റവും കഠിനമായ ശിക്ഷയെ ഇദ്ദേഹത്തിന് അനുഭവിപ്പിക്കേണമേ. ഇയാൾക്ക് നിൻെറ ശത്രുക്കളുമായി സൗഹൃദവും നിൻെറ വലിയ്യുകളോട് വൈരവുമായിരുന്നു. നിൻെറ നബിയുടെ കുടുംബാംഗങ്ങളോട് ഇയാൾക്ക് വിദ്വേഷമായിരുന്നു." (അൽ കാഫീ ഫിൽ ഫുറൂഅ്, കിതാബുൽ ജനാഇസ്, അസ്സ്വലാത്തു അല ന്നാസ്വിബ് എന്ന അധ്യായം. വാ. 3, പേ. 189, ഇറാൻ പതിപ്പ്, വാ. 1. പേ. 99, ഇന്ത്യൻ പതിപ്പ്)

എങ്ങനെയുണ്ട് കാര്യം? ആളുകളുടെ മുമ്പിൽ നല്ലപിള്ള ചമയുകയും രഹസ്യമായി മയ്യിത്തിനെതിരിൽ പ്രാർത്ഥിക്കുകയും ചെയ്യുന്ന ഈ ഇരട്ടത്താപ്പിനെ കാപട്യമെന്നല്ലാതെ മറ്റെന്തു വിളിക്കും? പ്രവാചക പൗത്രൻെറ പേരിലാണ് ഈ കള്ളപ്രസ്താവന എഴുതിവിട്ടിട്ടുള്ളത്. അതിലും വലിയ പാതകം ചെയ്തവർക്ക് ഇതെത്ര നിസ്സാരം! കാരണം, ഇതേതരത്തിലൊരു വ്യാജകഥ മഹാനായ നബി തിരുമേനിയുടെ പേരിലും ഇവർ എഴുന്നെള്ളിച്ചിട്ടുണ്ട്.

അബൂ അബ്ദില്ല പറയുന്നു: "അബ്ദുല്ലാഹിബ്നു ഉബയ്യ് ബ്നു സുലൂൽ മരണപ്പെട്ടപ്പോൾ, നബി (സ്വ) അയാളുടെ ജനാസക്കൊപ്പം സന്നിഹിതനാവുകയുണ്ടായി. അപ്പോൾ ഉമർ ചോദിച്ചു: 'റസൂലേ, ഇയാളുടെ ക്വബറിന്നരികിൽ നിന്നു പോകരുതെന്ന് അല്ലാഹു താങ്കളെ വിലക്കിയിട്ടുള്ളതല്ലെ?' നബി (സ്വ) അതിന് മറുപടിയൊന്നും പറഞ്ഞില്ല. ഉമർ തൻെറ ചോദ്യം വീണ്ടും ആവർത്തിച്ചു: 'റസൂലേ, ഇയാളുടെ ക്വബറിന്നരികിൽ നിന്നു പോകരുതെന്ന് അല്ലാഹു താങ്കളെ വിലക്കിയിട്ടുള്ളതല്ലെ?' അപ്പോൾ നബി(സ്വ) പറഞ്ഞു: "നിനക്കു നാശം, ഞാനെന്താണ് ഇയാൾക്കു വേണ്ടി പ്രാർത്ഥിച്ചത് എന്ന് നിനക്കറിയുമൊ?: 'അല്ലാഹുവേ, ഇവൻെറ വയറിലും ക്വബറിലും നീ അഗ്നി നിറക്കേണമേ, ഇവനെ നരകത്തിലേക്ക് വലിച്ചെറിയേണമേ.' ഈ വിധമാണ് ഞാൻ പ്രാർത്ഥിച്ചത്.' അബൂ അബ്ദില്ല പറയുകയാണ്: 'പ്രവാചകനതു പറയുമ്പോൾ അവിടുത്തെ മുഖത്ത് വെറുപ്പ് പ്രകടമായിരുന്നു." (അൽ കാഫീ ഫിൽ ഫുറൂഅ്, കിതാബുൽ ജനാഇസ്, വാ. 3, പേ. 188, ഇറാൻ പതിപ്പ്, വാ. 1. പേ. 99, ഇന്ത്യൻ പതിപ്പ്)

ഇതാണ് ശീഈ വിശ്വാസം. അല്ലാഹുവിൻെറ റസൂൽ(സ്വ), പാപമോചനം തേടരുതെന്ന് അല്ലാഹു വിലക്കിയ ഒരു കപടവിശ്വാസിക്കു വേണ്ടി മാപ്പിരക്കുന്നതായി നടിച്ച് ജനങ്ങളെ പറ്റിച്ചു (അല്ലാഹുവിൽ ശരണം) എന്നാണ് നാം മുകളിൽ വായിക്കുന്നത്. പടച്ചവൻെറ കല്പനകൾക്കും വിരോധങ്ങൾക്കും അല്ലാഹുവിൻെറ റസൂൽ എതിരു പ്രവർത്തിക്കുകയൊ? തന്നിൽ നിന്ന് പ്രത്യക്ഷത്തിൽ കാണും വിധം അനുചരൻമാർ ഒന്ന് പ്രവർത്തിക്കുകയും, അവർക്ക് വിരുദ്ധമായത് രഹസ്യമായി പ്രവാചകൻ തന്നെ അനുഷ്ഠിക്കുകയും ചെയ്യുകയൊ? അബ്ദുല്ലാഹിബ്നു ഉബയ്യിന് തിരുമേനി(സ്വ) അനുകൂലമായാണൊ പ്രതികൂലമായാണൊ പ്രാർത്ഥിക്കുന്നത് എന്ന് അവർക്കറിയുമായിരുന്നില്ലല്ലൊ? ഒരു വ്യക്തിക്ക് സ്വഹാബികൾ കാരുണ്യത്തിനു വേണ്ടി തേടിക്കൊണ്ടിരിക്കുമ്പോൾ അതേ വ്യക്തിക്ക് അല്ലാഹുവിൻെറ റസൂൽ ശാപപ്രാർത്ഥന നടത്തുകയൊ? 'അകത്തൊന്ന് പുറത്തൊന്ന്' എന്ന നിലപാടുള്ളവരായിരുന്നു റസൂലെന്നൊ? പ്രവാചകൻ(സ്വ) ഈ നാട്യം എന്തിനഭിനയിക്കണം? ഇസ്‌ലാം അതിൻെറ സകലശേഷിയിലും നിറഞ്ഞു നിൽക്കുന്ന സന്ദർഭത്തിലാണ് അബ്ദുല്ലാഹിബ്നു ഉബയ്യിൻെറ മരണം നടന്നത് എന്നിരിക്കെ ആരെ പേടിച്ചാകണം തിരുമേനി(സ്വ) അയാൾക്കു വേണ്ടി നമസ്കരിച്ചത്? ഇബ്നു ഉബയ്യ് വിശ്വാസിയായി ചമഞ്ഞു ജീവിച്ചതു തന്നെ ഇസ്‌ലാമിനേയും അതിൻെറ ശക്തിയേയും ഭയന്നിട്ടായിരുന്നു. അതിൻെറ ഗുണവും നേട്ടവും വ്യാജമായനുഭവിക്കാനുള്ള മോഹം കൊണ്ടുമായിരുന്നു. അപ്പോൾ, എന്തിനു വേണ്ടിയായിരിക്കണം ശീഇകൾ പ്രവാചകൻെറ മേൽ ഈയൊരപരാധത്തിന് ധൃഷ്ടരായത്? തങ്ങളുടെ ഇമാമുകൾ ചെയ്തിരുന്ന തക്വിയ്യ അഥവ ശുദ്ധ കളവ് പ്രവാചകനും ചെയ്തിരുന്നു എന്നു വരുത്തിത്തീർത്ത് തങ്ങളുടെ വൃത്തികെട്ട വിശ്വാസത്തിന് ബലം കൂട്ടാൻ. അതിനല്ലാതെ മറ്റൊന്നിനുമല്ല.

ഇതാണ് ശീഇകളുടെ 'തക്വിയ്യ'. 'സ്വന്തം ശരീരത്തെ അപകടങ്ങളിൽ നിന്ന് സംരക്ഷിക്കാൻ സത്യത്തെ മറച്ചു പിടിക്കുക' എന്നതാണ് തക്വിയ്യ'യെന്ന് അവർ വാദിക്കുമെകിലും, സത്യമതല്ല. മേൽ പ്രസ്താവിക്കപ്പെട്ട രേഖകൾ വായിച്ചറിഞ്ഞിട്ടും ശീഇകളുടെ തക്വിയ്യയെന്നാൽ കളവും കാപട്യവുമാണെന്ന വസ്തുതയിൽ ഇനിയും ആരെകിലും സംശയിക്കുമൊ? സാധ്യതയില്ല.

തക്വിയ്യ എന്നാൽ കാപട്യം തന്നെ എന്നറിയിക്കുന്ന ഒരു പ്രസ്താവനകൂടി കാണുക. അൽകാഫിയിലെ, അർറൗള എന്ന അധ്യായത്തിൽ കുലൈനി വിശദീകരിക്കുന്നു. മുഹമ്മദ് ബ്ൻ മസ്‌ലം പറഞ്ഞു: "ഒരിക്കൽ അബൂ അബ്ദുല്ലയെ ഞാൻ സന്ദർശിച്ചു. അപ്പോൾ അദ്ദേഹത്തിൻറടുത്ത് അബൂ ഹനീഫയുമുണ്ടായിരുന്നു. ഞാൻ പറഞ്ഞു: 'അബൂ അബ്ദില്ലാഹ്, ഇന്നലെ ഞാനൊരു അത്ഭുത സ്വപ്നം കാണുകയുണ്ടായി.' അദ്ദേഹം പറഞ്ഞു: "ഇബ്നു മസ്‌ലം, എന്താണാ സ്വപ്നം? ഒന്നു പറഞ്ഞാലും. ഇവിടെയൊരു പണ്ഡിതൻ ഇരിക്കുന്നുണ്ട്, നമുക്കദ്ദേഹത്തോട് ചോദിക്കാം." അടുത്തുള്ള അബൂ ഹനീഫയുടെ നേർക്ക് അദ്ദേഹം വിരൽ ചൂണ്ടി. ഞാൻ പറഞ്ഞു: 'ഞാൻ എൻെറ വീട്ടിൽ പ്രവേശിച്ചപ്പോൾ എൻെറ ഭാര്യ കുറേ വിത്തുകൾ പൊട്ടിച്ച് അവ മുഴുവൻ എൻെറ നേർക്ക് വാരിവിതറുന്ന സ്വപ്നമാണ് ഞാൻ കണ്ടത്. അത് എന്നെ വല്ലാതെ അമ്പരപ്പെടുത്തിക്കളഞ്ഞു" ഇതു കേട്ടപ്പോൾ അബൂ ഹനീഫ പറഞ്ഞു: 'ഭാര്യയുടെ അനന്തര സ്വത്ത് ലഭിക്കാൻ വേണ്ടി താകൾ ധാരാളം തർക്കിക്കുകയും, പരിശ്രമിക്കുകയും ചെയ്യുമെന്നും. ശ്രമകരമായ അധ്വാനത്തിനു ശേഷം ആ സ്വത്തിൽ നിന്ന് ആവശ്യാനുസരണം താകൾക്ക് ലഭിക്കാൻ സാധ്യതയുണ്ട് എന്നുമാണ് നീ കണ്ട സ്വപ്നത്തിൻെറ വ്യാഖ്യാനം.' അപ്പോൾ അബൂ അബ്ദില്ല(അ) പറഞ്ഞു: 'അല്ലാഹു സത്യം, അബൂ ഹനീഫാ, താകൾ സത്യമാണ് പറഞ്ഞത്."

ഇബ്നു മസ്‌ലം തുടരുന്നു: 'അങ്ങനെ അബൂ ഹനീഫ അവിടെ നിന്നും പിരിഞ്ഞു പോയി. ഞാൻ പറഞ്ഞു: 'ആ നാസ്വിബ് (അഹ്ലുസ്സുന്നക്കാരെ ശീഈകൾ വിളിക്കുന്ന പരിഹാസപ്പേര്. വിവ.) എൻെറ സ്വപ്നത്തിന് വ്യാഖ്യാനം പറയുന്നത് എനിക്ക് ഇഷ്ടമായിരുന്നില്ല.' അദ്ദേഹം പറഞ്ഞു: 'ഇബ്നു മസ്‌ലം, അല്ലാഹു താകളെ വിഷമിപ്പിക്കാതിരിക്കട്ടെ. അവരുടെ സ്വപ്ന വ്യാഖ്യാനം നമ്മുടെ വ്യാഖ്യാനവുമായൊ, നമ്മുടേത് അവരുടേതുമായൊ ഒരിക്കലും യോജിക്കുകയില്ല. അബൂ ഹനീഫ പറഞ്ഞതു പോലെയല്ല നിൻെറ സ്വപ്നത്തിൻെറ വ്യാഖ്യാനം.' ഞാൻ ചോദിച്ചു: 'അദ്ദേഹം

പറഞ്ഞത് തെറ്റാണെന്നറിഞ്ഞിട്ടും അത് ശരിയാണെന്ന് അല്ലാഹുവിനെ ആണയിട്ടുകൊണ്ട് താങ്കൾ പറഞ്ഞതെ? 'അതെ, അദ്ദേഹം 'തെറ്റ്' വളരെ ശരിയായിപ്പറഞ്ഞു എന്നാണ് ഞാൻ ആണയിട്ടത്.' അബൂ അബ്ദില്ല പ്രതിവചിച്ചു. (അൽകാഫീ, കിതാബുർ റൗള, വാ. 8, പേ. 292, ഇറാൻ)

'സ്വശരീരത്തിൻെറ സംരക്ഷണാർത്ഥം സത്യത്തെ താത്കാലികമായി അന്യരിൽ നിന്ന് മറച്ചു വെക്കലാണ് തക്വിയ്യ' എന്ന ശിഈ വിശദീകരണത്തിൻെറ അടിസ്ഥാനത്തിൽ ഈ സംഭവത്തെ വിലയിരുത്തി നോക്കുക. അബൂ ഹനീഫ(റ), അബൂ അബ്ദില്ല ഭയക്കാൻ മാത്രം പോന്ന അധികാരമൊ ആജ്ഞാ ശക്തിയൊ ഉള്ള ആളായിരുന്നൊ? ഇവിടെ ഈ കാപട്യം കാണിക്കാൻ മാത്രം എന്ത് ഭീതിയാണ് അബൂഹനീഫ(റ)യിൽ നിന്ന് അദ്ദേഹത്തിന് സംഭവിക്കാനുള്ളത്? സത്യത്തിൽ അന്നത്തെ ഭരണാധികാരികൾക്കിടയിൽ വെറുക്കപ്പെട്ടവനും അവരെ നിശിതമായി വിമർശിക്കുന്നവനുമായിരുന്നു അബൂ ഹനീഫ(റ).

അബൂ ഹനീഫ(റ) തന്നെ ബഹുമാനിക്കണമെന്ന് അബൂ അബ്ദില്ലയോട് ആവശ്യപ്പെട്ടതല്ല. സ്വപ്ന വ്യാഖ്യാനം ചോദ്യകർത്താവ് തന്നോട് ചോദിക്കട്ടെ എന്നും അദ്ദേഹം ശഠിച്ചിട്ടില്ല. അബൂ അബ്ദില്ല തന്നെ സ്വയം അങ്ങനെ ചെയ്യുകയായിരുന്നു. അങ്ങനെയാണ് അദ്ദേഹം ഉത്തരം നൽകുന്നതും, അദ്ദേഹത്തിൻെറ മറുപടിയെ അബൂ അബ്ദില്ല ശപഥം ചെയ്ത് ശരിവെക്കുന്നതും. പക്ഷെ, അബൂ ഹനീഫ, എഴുന്നേറ്റു പോയപ്പോൾ, അദ്ദേഹം പറഞ്ഞത് തെറ്റാണെന്നും, ആ ഉത്തരത്തിൽ ഞാൻ നിരപരാധിയാണെന്നും അബു അബ്ദില്ല പ്രഖ്യാപിക്കുന്നു! ഈ പരിപാടിക്ക് പറയാവുന്ന പേരെന്തൊണ്? 'കാപഠ്യം' എന്നല്ലാതെ മറ്റു വല്ല പേരുകളുമുണ്ടൊ ദുനിയാവിൽ?!

മറ്റൊന്ന് കാണുക. മൂസ ബ്ൻ അഷീം പറയുകയാണ്: "ഞാൻ അബൂ അബ്ദില്ലയുടെ അരികിലുണ്ടായിരുന്ന വേളയിൽ ഒരാൾ വന്ന് ക്വുർആനിലെ ഒരായത്തിനെ സംബന്ധിച്ച് അദ്ദേഹത്തോട് ചോദിച്ചു. അതിനുള്ള മറുപടി അദ്ദേഹം നൽകുകയും ചെയ്തു. ശേഷം മറ്റൊരാൾ വന്നു കൊണ്ട് അതേ ആയത്തിനെപ്പറ്റി അദ്ദേഹത്തിനോട് ചോദിച്ചപ്പോൾ ആദ്യ ചോദ്യകർത്താവിനു നൽകിയ ഉത്തരത്തിൽ നിന്ന് തീർത്തും വിരുദ്ധമായ മറുപടിയാണ് അദ്ദേഹം നൽകിയത്. അത് കണ്ടപ്പോൾ എൻെറ ഹൃദയം കത്തികൾ കൊണ്ട് പിളർക്കുമാറ് വേദനിച്ചു. "ഒരു അവ്യയത്തിലെ പ്രയോഗത്തിൽ പോലും തെറ്റുപറ്റാത്ത അബൂ ക്വതാദയെ ഉപേക്ഷിച്ച് ശാമിൽ നിന്നും, ഈ തരത്തിൽ തെറ്റുവരുത്തുന്ന ഒരാളുടെ അടുത്തേക്കാണൊ ഞാൻ വന്നത്?' ഞാൻ മനസിൽ പറഞ്ഞു. അപ്പോഴുണ്ട് മൂന്നാമതൊരാൾ വന്ന് അതേ ആയത്തിനെ സംബന്ധിച്ച് അബൂ അബ്ദില്ലയോട് ചോദിക്കുന്നു. അതിനാകട്ടെ, മുമ്പു വന്ന രണ്ടാൾക്കും നൽകിയതിന് വിരുദ്ധമായ ഉത്തരമാണ് അദ്ദേഹം നൽകിയത്. എനിക്ക് സമാധാനമായി, അത് അബൂ അബ്ദില്ലയുടെ 'തക്വിയ്യ'യാണ് എന്നെനിക്ക് ബോധ്യപ്പെട്ടു." (അൽ കാഫീ ഫിൽ ഉസ്വൂൽ, വാ. 1, പേ. 163)

സുബ്ഹാനല്ലാഹ്, നീതിമാൻമാരായ എൻെറ സഹോദരങ്ങളേ, ഇതിനെ സംബന്ധിച്ച് നിങ്ങൾക്കെന്ത് പറയാനുണ്ട്? ഏതു തരം തക്വിയ്യയാണ് നാമീ കാണുന്നത്? എന്ത് ഉപദ്രവത്തെ പ്രതിരോധിക്കാനാണ് ഈ ഉത്തര വൈരുധ്യങ്ങളും വാക്കു മാറ്റങ്ങളും? ഈ പ്രവൃത്തി മുഖേന ഏതൊരാപത്തിൽ നിന്നാണ് അദ്ദേഹത്തിന് രക്ഷപ്പെടാനായത്? ദീനീ വിഷയങ്ങളിലോ, ഭൗതിക വിഷയങ്ങളിലോ ഇത്തരം നിലപാടു സ്വീകരിക്കുന്നവനെ വിശ്വസിക്കാൻ കൊള്ളുമൊ? ഇങ്ങനെയുള്ളൊരാളിൽ നിന്ന് ക്വുർആനിൽ നിന്നും സുന്നത്തിൽ നിന്നും പറയുന്നത് സ്വീകരിക്കാൻ കഴിയുമൊ?

ആർക്കാറിയാം, ഈ വർഗം എപ്പോഴാണ് തക്വിയ്യക്കനുസരിച്ച് പ്രവർത്തിക്കുന്നത് എപ്പോഴാണ് സത്യസന്ധമായി പ്രവർത്തിക്കുന്നത് എന്ന്?! ഇസ്‌ലാമികാടിസ്ഥാനങ്ങളെ തുരങ്കംവെച്ച് തകർക്കുന്ന, ക്വുർആനികായത്തുകളെ പരസ്യമായി പന്താടുന്ന പ്രവണതയല്ലെ, സത്യത്തിലിത്?

ഇപ്പറഞ്ഞതിലും ഭീകരമാണ് ശീഇകളുടെ അവസ്ഥ. അവരുടെ ഇമാമുകൾ തക്വിയ്യയുടെ ഭാഗമായി ഹലാലുകളെ ഹറാമാക്കുകയും ഹറാമുകളെ ഹലാലാക്കുകയും ചെയ്തിട്ടുണ്ട് എന്ന് കൂടി വായിക്കുമ്പോഴാണ് ആ ഭീകരത നമുക്ക് വ്യക്തമാവുക. അൽ കാഫിയിലെ നിവേദകൻമാരി

ലൊരാളായ അബാൻ ബ്ൻ തഗ്ലബ് പറയുന്നു: "അബൂ അബ്ദില്ല ഇപ്രകാരം പറയുന്നത് ഞാൻ കേൾക്കുകയുണ്ടായി: 'എൻെറ ഉപ്പ (മുഹമ്മദ് അൽ ബാക്വിർ) ബനൂ ഉമയ്യ ഭരണകാലത്ത് പരുന്തും പ്രാപിടിയനും കൊന്നത് ഭക്ഷിക്കാമെന്ന് ഫത്‌വ കൊടുക്കാറുണ്ടായിരുന്നു. അദ്ദേഹം അവരോട് തക്വിയ്യ കാണിക്കുകയായിരുന്നു. ഞാൻ അവരോട് തക്വിയ്യ കാണിക്കാറില്ല, അവ കൊന്നത് ഹറാമു തന്നെയാണ്." (അൽ കാഫി, അൽ ഫുറൂഅ്, വാ. 6, പേ. 208, ഇറാൻ പതിപ്പ്, വാ. 2, പേ. 80, ഇന്ത്യൻ പതിപ്പ്)

ഇതിനെപ്പറ്റി നമുക്കെന്തു പറയാൻ പറ്റും? ഹറാമായ ഒരു സംഗതിയെ ഹലാലെന്ന് ഫത്‌വ കൊടുക്കുക? സഹോദരങ്ങളേ, ഇത് അല്ലാഹുവിൻെറ ദീനാണൊ? അവൻെറ ശരീഅത്താണൊ? നിഷിദ്ധമായ ഒരു കാര്യത്തെ അനുവദനീയമാണെന്ന് മതവിധി നൽകാൻ ഒരു സാധാരണക്കാരൻ ധൈര്യം കാട്ടുമൊ? തങ്ങളുടെ ഇമാമുകൾക്കുണ്ടെന്ന് ഇവർ പറയുന്ന അവരുടെ പദവിയും പാപസുരക്ഷിതത്തവുമൊക്കെ എവിടെയുണ്ട് കൂട്ടരെ?!

അല്ലാഹു പറഞ്ഞതാണ് ശരി: "(നബിയേ,) പറയുക: അല്ലാഹു അവന്റെ ദാസൻമാർക്ക് വേണ്ടി ഉൽപാദിപ്പിച്ചിട്ടുള്ള അലങ്കാര വസ്തുക്കളും വിശിഷ്ടമായ ആഹാരപദാർത്ഥങ്ങളും നിഷിദ്ധമാക്കിയതാരാണ്?" (അഅ്റാഫ്: 32)

ജൂത ക്രൈസ്തവരെ വിമർശിച്ചു കൊണ്ട് അല്ലാഹു പറഞ്ഞു: "അവരുടെ പണ്ഡിതൻമാരെയും പുരോഹിതൻമാരെയും അല്ലാഹുവിന് പുറമെ അവർ രക്ഷിതാക്കളായി സ്വീകരിച്ചു." (തൗബ: 31)

ഈ ആയത്തിനെ വിശദീകരിച്ചു കൊണ്ട് മഹാനായ പ്രവാചകൻ ഇങ്ങനെ പറഞ്ഞു: "അഥവാ ആ പണ്ഡിത പുരോഹിതൻമാർ അവർക്ക് ഹലാലാക്കുന്നതിനെ അവർ ഹലാലാക്കുകയും അവർക്ക് ഹറാമാക്കുന്നതിനെ ഹറാമാക്കുകയും ചെയ്യുന്നു" (തിർമുദി, അഹ്മദ്, ബൈഹക്വി)

ഹറാമും ഹലാലും പ്രഖ്യാപിക്കാനുള്ള അവകാശം അല്ലാഹുവിന്ന് മാത്രമാണെന്നും പ്രവാചക തിരുമേനി(സ്വ)ക്കു പോലും അതിനുള്ള അധികാരമില്ലെന്നും അല്ലാഹു വ്യക്തമാക്കിയിട്ടുള്ളതാണ്.

"ഓ; നബീ, നീയെന്തിനാണ് അല്ലാഹു അനുവദിച്ചു തന്നത് നിഷിദ്ധമാക്കുന്നത്?" (തഹ്‌രീം: 1)

കാര്യം ഇങ്ങനെയാണെന്നിരിക്കെ ഹറാമിനെ ഹലാലാക്കാനും ഹലാലിനെ ഹറാമാക്കാനും ബാക്വിറിന് അധികാരമുള്ളതെങ്ങനെ? ഈ അധികാരം ഇമാം ബാക്വിറിന് മാത്രമല്ല ശീഇകൾ വകവെച്ചു കൊടുത്തിട്ടുള്ളത്. മുഴുവൻ ഇമാമുകൾക്കും ഹലാൽ ഹറാമുകളിൽ കൈകടത്താൻ അധികാരമുണ്ടെന്നാണ് അവരുടെ വിശ്വാസം.

അബൂ അംറ് മുഹമ്മദ് അൽകുഷി തൻെറ പുസ്തകത്തിലെഴുതുന്നു. അബ്ദില്ല ബ്ൻ അബീ യഅ്ഫൂർ പറയുകയാണ്: 'ഞാൻ അബൂ അബ്ദില്ലയോട് പറഞ്ഞു, താങ്കൾ ഒരു മാതളമെടുത്ത് രണ്ട് കഷ്ണങ്ങളാക്കുകയും, അതിൽ ഒരു ഭാഗം ഹലാലും മറ്റേ ഭാഗം ഹറാമുമാണ് എന്ന് പറയുകയും ചെയ്താൽ, അങ്ങ് ഹലാലെന്നു പറഞ്ഞ ഭാഗത്തെ ഹലാലായും, ഹറാമെന്നു പറഞ്ഞ ഭാഗത്തെ ഹറാമായുമാണ് ഞാൻ വിശ്വസിക്കുക.' (ഇങ്ങനെ പറഞ്ഞ ഇയാളോട് അബൂ അബ്ദില്ല, പാടില്ലെന്ന് പറഞ്ഞിട്ടുണ്ടാകുമൊ?) അപ്പോൾ അദ്ദേഹം പറഞ്ഞു: 'അല്ലാഹു നിനക്ക് കരുണ ചെയ്യട്ടെ, അല്ലാഹു നിനക്ക് കരുണ ചെയ്യട്ടെ" (രിജാലുൽ കുഷി, പേ. 215, കർബല, ഇറാഖ്)

ശീഇകൾ വാഴ്ത്തിപ്പറയുന്ന അവരുടെ വിശ്വാസമാണ് ഇത്!! അതെ, തങ്ങളുടെ ഇമാമുകളെ ഹലാൽ ഹറാമുകൾക്കധികാരമുള്ള ആരാധ്യൻമാരായി സ്വീകരിക്കാനാണ് ശീഇകൾ ജനങ്ങളെ ആഹ്വാനം ചെയ്യുന്നത് എന്നർത്ഥം !! വെറുതെ പറയുകയല്ല, തങ്ങളുടെ ഒമ്പതാമത്തെ ഇമാമായ മുഹമ്മദ് ബ്ൻ അലി ബ്ൻ മൂസ അക്കാര്യം പരസ്യമായിത്തന്നെ വ്യക്തമാക്കിയിട്ടുള്ളതാണ്. ശീഈകൾക്കിടയിലെ അഭിപ്രായാന്തരങ്ങളുടെ കാരണത്തെപ്പറ്റി ആരാഞ്ഞ വ്യക്തിയോട് അദ്ദേഹം പറഞ്ഞു: "ഇമാമുകൾ തങ്ങൾക്ക് തോന്നിയവയെ ഹലാലാക്കുകയും തോന്നിയവയെ ഹറാമാക്കുകയും ചെയ്യുന്നവരായിരുന്നു."

മതനിയമങ്ങളിൽ ഇവരുടെ നിലപാടുകളും വിശ്വാസവും ഈവിധത്തിലാണെങ്കിൽ മറ്റുള്ള വിഷയങ്ങളിൽ ഇവർ കളവു പറയില്ലെന്നതിന് എന്തുണ്ട് രേഖ? ഹലാൽ ഹറാമുകളിൽ പോലും വിശ്വസിക്കാൻ കൊള്ളാത്ത ഒരാളെ അനുവദനീയമായ കാര്യങ്ങളിൽ നാമെങ്ങനെ വിശ്വസിക്കും? ബനൂ ഉമയ്യ ഭരണാധികാരികളെ തൃപ്തിപ്പെടുത്താൻ വേണ്ടിയാണ് തൻെറ പിതാവ് ഹറാമിനെ ഹലാലാക്കിയത് എന്ന് ജഅ്ഫർ പറഞ്ഞത് നാം മുകളിൽ വായിച്ചു. എന്നാൽ അതേ ബാക്വിറിൽ നിന്നു തന്നെ ഉദ്ധരിക്കപ്പെട്ട ഒരു നബി വചനം കാണുക: "അല്ലാഹുവിനെ കോപിപ്പിച്ചു കൊണ്ട് ഭരണാധികാരികളെ തൃപ്തിപ്പെടുത്തുന്നവൻ അല്ലാഹുവിൻെറ ദീനിൽ നിന്നും പുറത്തു പോയവനാണ്." (അൽ കാഫീ ഫിൽ ഉസ്വൂൽ, വാ. 3, പേ. 373, ഇറാൻ)

അതല്ല, ഹറാമിനെ ഹലാലാക്കുന്ന പ്രവൃത്തി അല്ലാഹുവിനെ കോപിപ്പിക്കുയില്ലെന്നാണൊ ശീഈ വിശ്വാസം?

അലി ബ്ൻ അബീത്വാലിബ് തൻെറയൊരു പ്രസംഗത്തിൽ പറഞ്ഞു: "നിനക്ക് ഉപകാരമുണ്ടാകട്ടെ ഉപദ്രവമുണ്ടാകട്ടെ, കളവിനേക്കാൾ സത്യത്തെ പരിഗണിക്കുന്നതാണ് ഈമാൻ." (നഹ്ജുൽ ബലാഗ, വാ. 2, പേ. 129, ബെയ്റൂത്ത്)

തക്വിയ്യയെന്നാൽ ശുദ്ധ കളവാണെന്ന് ഇനിയും ആർക്കെങ്കിലും സംശയമുണ്ടൊ? എങ്കിൽ ഉദാഹരണങ്ങൾ വായിച്ചോളൂ.

സലമത്ത് ബ്ൻ മിഹ്റസ് പറയുന്നു: "അബൂ അബ്ദില്ലയോട് ഞാൻ ചോദിച്ചു: അർമേനിയക്കാരനായ ഒരു വ്യക്തി മരണവേളയിൽ അദ്ദേഹത്തിൻെറ അനന്തര സ്വത്തിനേയു അയാളുടെ മകളേയും എനിക്ക് വസ്വിയ്യത്താക്കിയാണ് പോയത്. ആ സ്വത്ത് ഞാനെങ്ങനെ കൈകാര്യം ചെയ്യണം? അദ്ദേഹം പറഞ്ഞു: സ്വത്തിലെ പകുതി ആ പെൺകുട്ടിക്ക് നൽകുക." അങ്ങനെ സുറാറയെക്കണ്ടപ്പോൾ ഇതിനെ സംബന്ധിച്ച് ഞാൻ അയാളെ ധരിപ്പിച്ചു. സുറാറ പറഞ്ഞു: 'അബൂ അബ്ദില്ല നിന്നോട് കളവു പറഞ്ഞതാണ്, ആ സമ്പത്തു മുഴുവൻ ആ പെൺകുട്ടിക്കുള്ളതാണ്.' പിന്നീട് ഞാൻ അദ്ദേഹത്തെ സമീപച്ചു കൊണ്ട് പറഞ്ഞു: 'അബൂ അബ്ദില്ലാ, താങ്കളെന്നോട് കളവു പറഞ്ഞതാണെന്ന് എൻെറ കൂട്ടുകാർ പറയുന്നു. സത്യമാണൊ?' അദ്ദേഹം പറഞ്ഞു: 'അല്ലാഹുവാണ, സത്യം ഞാൻ നിന്നോട് കളവു പറഞ്ഞതല്ല, പോട്ടെ, ആരെങ്കിലും ഇതറിഞ്ഞൊ?' ഞാൻ പറഞ്ഞു: 'ഇല്ല.' 'എങ്കിൽ ബാക്കിയുള്ളതും അവൾക്കു തന്നെ കൊടുത്തേക്കുക." (അൽഫുറൂഉ ഫിൽ കാഫി, വാ. 7, പേ. 87, 88, ഇറാൻ പതിപ്പ്, വാ. 3, പേ. 48, ഇന്ത്യൻ പതിപ്പ്)

നോക്കുക, സലമത്ത് ബ്ൻ മിഹ്റസിന് ആദ്യം അബൂ അബ്ദില്ല സ്വത്തിൻെറ പകുതി അനുവദിച്ചു കൊടുക്കുന്നു. പിന്നെ ആ പാതിസ്വത്ത് അയാൾക്ക് നിഷിദ്ധമാക്കുകയും ചെയ്യുന്നു. രണ്ടാലൊരു കാര്യമാണ് സത്യം. ഒന്നുകിൽ സുഹൃത്തിൻെറ ഏൽപ്പിക്കപ്പെട്ട സ്വത്തിൽ നിന്ന് പകുതിയെടുക്കാൻ അയാൾക്ക് അവകാശമുണ്ട്. അല്ലെങ്കിൽ അതിനുള്ള അവകാശം അയാൾക്കില്ല. അവകാശമില്ലെന്നാണെങ്കിൽ എന്തിനാണ് അദ്ദേഹം അയാൾക്ക് ആദ്യം അതിനെ അനുവദിച്ചു കൊടുത്തത്? അവകാശമുണ്ടെന്നാണെങ്കിൽ എന്തിനാണ് അയാൾ രണ്ടാമതു തിരിച്ചു വരാൻ വഴിവെച്ചത്? മാത്രമല്ല, പരിഗണനീയനല്ലാത്ത, തൻെറ കൂട്ടുകാരനും അനുയായിയുമായ സുറാറഃയെ എന്തിനാണ് അദ്ദേഹം ഭയന്നത്?

അല്ലാഹുവും അവൻെറ റസൂലും മതത്തിൽ നിശ്ചയിച്ചിട്ടുള്ള വ്യക്തമായ വിധികൾക്കെതിരിൽ 'തക്വിയ്യ'യുടെ പേരു പറഞ്ഞ്, അല്ലെങ്കിൽ ശരിയായ വ്യഖ്യാനത്തിൽ കളവുചേർത്ത് ഫത്വ നൽകാൻ ആർക്കാണ് അധികാരമുള്ളത്? ആരാണിദ്ദേഹത്തിന് അനുമതി നൽകിയത്?!

അനന്തരാവകാശ വിഷയം ഇജ്തിഹാദിയല്ല. ഖണ്ഡിതമായ രേഖകളാൽ അത് നിർണ്ണിതമാണ്. മതത്തിൻെറ ഖണ്ഡിത നിയമത്തിൽ ഭേദഗതി വരുത്തി, തനിക്കു തോന്നിയ മറ്റൊരു വിധി പ്രസ്താവിക്കുന്ന ഒരാളെ ഏതു കാര്യത്തിൽ നമുക്ക് വിശ്വാസിക്കാനാകും?

കുലൈനിയുടെ മറ്റൊരു നിവേദനം കാണുക: അബ്ദില്ലാ ബ്ൻ മിഹ്റസ് പറയുകയാണ്. "ഞാൻ അബൂ അബ്ദില്ലയോട് ചോദിച്ചു: 'ഒരാൾ സ്വന്തം മകളേയും തന്റെ സ്വത്തിനേയും എൻറടുത്ത് വസ്വിയ്യത്തായി ഏൽപ്പിച്ച് മരണപ്പെട്ടു പോയിരിക്കുന്നു. പ്രസ്തുത സ്വത്തിൽ ഞാനെന്താണ് ചെയ്യേണ്ടത്?' അദ്ദേഹം പറഞ്ഞു: 'അദ്ദേഹത്തിന്റെ മകൾക്ക് ആ സ്വത്തിൽ നിന്ന് പകുതി നൽകുക. ബാക്കി പകുതി അവളുടെ സംരക്ഷകർക്ക് എടുക്കാവുന്നതാണ്.' ഈ സംഗതി ഞാനെന്റെ കൂട്ടുകാരെ അറിയിച്ചു. അവർ പറഞ്ഞു: 'അല്ലാഹുവാണ, രക്ഷാകർത്താവിന് പ്രസ്തുത സ്വത്തിൽ യാതൊരു അവകാശവുമില്ല.' അത് കേട്ടപ്പോൾ ഞാൻ അബൂ അബ്ദുല്ലയെ വീണ്ടും സമീപിച്ചു കൊണ്ട് പറഞ്ഞു: 'എന്റെ കൂട്ടുകാർ പറയുന്നു, രക്ഷാകർത്താവിന് പ്രസ്തുത സ്വത്തിൽ അവകാശമില്ലെന്ന്, താകളുടെ അഭിപ്രായം 'തക്വിയ്യ'യാണെന്നും അവർ പറയുന്നു. ശരിയാണൊ?' അദ്ദേഹം പറഞ്ഞു: 'സത്യമായും, നിന്നോട് ഞാൻ തക്വിയ്യ കാട്ടിയതല്ല. സ്വത്തിലെ പകുതി നിനക്ക് ലഭിക്കാതെ പോകുമൊ എന്ന് ഞാൻ ഭയന്നതാണ്. നിനക്ക് ആശങ്കയില്ലെങ്കിൽ നിന്റെ പകുതി കൂടി ആ പെൺകുട്ടിക്ക് കൊടുത്തേക്ക്. അല്ലാഹു നിന്റെ കാര്യം നോക്കിക്കോളും." ." (അൽഫുറൂഉ ഫിൽ കാഫി, വാ. 7, പേ. 87, 88, ഇറാൻ പതിപ്പ്, വാ. 3, പേ. 48, ഇന്ത്യൻ പതിപ്പ്)

ഈ രണ്ട് നിവേദനങ്ങളും കാണിക്കുന്നത്, തങ്ങളുടെ ശരീരത്തെ അന്യന്റെ ഉപദ്രവത്തിൽ നിന്ന് രക്ഷിക്കാനുള്ള ഉപാധി എന്ന നിലക്കല്ല 'കളവി'നെ ഉപയോഗിക്കുന്നതെന്നും, അവരുടെ സാധാരണ സ്വഭാവമാണ് കളവു പറയുക എന്നുമാണ്. അനന്തരാവകാശ സ്വത്തിന്റെ വിധിയറിയാൻ അബൂ അബ്ദില്ലയെ സമീപിച്ച അബ്ദുല്ല ബ്ൻ മിഹ്റസും, മസ്ലമയും അമവികളൊ അബ്ബാസികളൊ ആയിരുന്നില്ല. തങ്ങൾ പാപസുരക്ഷിതനായി കരുതുന്ന ഇമാമിന്റെ അനുചരൻമാരായിരുന്നു, പത്തരമാറ്റുള്ള ശീഇകൾ. പിന്നെ ആരിൽ നിന്നുള്ള ഉപദ്രവം പേടിച്ചിട്ടാണ് അബൂ അബ്ദില്ല ജഅ്ഫർ തന്റെ വിധിപ്രസ്താവനയിൽ കളവും കാപട്യവും കാണിച്ചത്?

സംഗതി വ്യക്തം, തക്വിയ്യയെന്നാൽ കളവല്ല എന്ന് ശീഇകൾ എത്ര വാദിച്ചാലും ശരി, അവരുടെ ഇമാമുകൾ അത് അങ്ങനെത്തന്നെയാണ് എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. അബൂ അബ്ദില്ല ജഅ്ഫറിൽ നിന്ന് അബൂ ബസ്വീർ ഉദ്ധരിക്കുന്നത് വായിക്കുക:

"അബൂ അബ്ദില്ല പറഞ്ഞു: 'തക്വിയ്യ' അഥവാ കളവ് അല്ലാഹുവിന്റെ ദീനിലുള്ളതാണ്.' ഞാൻ ചോദിച്ചു: 'അല്ലാഹുവിന്റെ ദീനിലുള്ളതൊ?' 'തീർച്ചയായും അതെ, യൂസുഫ് നബി പറഞ്ഞത് വായിച്ചിട്ടില്ലെ: "യാത്രാസംഘമേ, തീർച്ചയായും നിങ്ങൾ മോഷ്ടാക്കൾ തന്നെയാണ്." (യൂസുഫ്: 70) സത്യത്തിൽ യാത്രാ സംഘം യാതൊന്നും മോഷ്ടിച്ചിട്ടില്ലായിരുന്നു. എന്നിട്ടും യൂസുഫ് (അ) കളവു പറഞ്ഞില്ലെ?' അദ്ദേഹം മറുപടി പറഞ്ഞു." (അൽ കാഫീ ഫിൽ ഉസ്വൂൽ, വാ. 4, പേ. 217, ഇറാൻ)

ശീഈ മുഹദ്ദിസ് അൽ കുഷീ ഉദ്ധരിക്കുന്നത് ഒന്നു കൂടി വ്യക്തമാണ്: അബൂ അബ്ദില്ലയിൽ നിന്നും ഹുസൈൻ ബ്ൻ മുആദ് ബ്ൻ മുസ്ലിമുന്നഹ്വി നിവേദനം ചെയ്യുന്നു. ഞാൻ അബൂ അബ്ദില്ലയോട് ചോദിച്ചു: 'താകൾ പള്ളിയിലിരുന്ന് ആളുകൾക്ക് ഫത്വ നൽകാറുണ്ടെന്ന് ഞാൻ കേട്ടിട്ടുണ്ട്. ശരിയാണൊ?' അദ്ദേഹം പറഞ്ഞു: 'അതെ' ഞാൻ പറഞ്ഞു: 'എങ്കിൽ താകളോടൊരു കാര്യം ചോദിച്ചറിയാനുണ്ട്. ഈയുള്ളവനും ചിലപ്പോൾ പള്ളിയിലിരുന്ന് ആളുകളുടെ ചോദ്യങ്ങൾക്ക് മറുപടി നൽകാറുണ്ട്. എന്നാൽ ചോദ്യകർത്താവ് മറുവിഭാഗത്തിൽ പെട്ടവനാണെങ്കിൽ അവർ പറയുന്നതു പോലുള്ള ഉത്തരമാണ് ഞാൻ നൽകാറ്. അതിനെപ്പറ്റി താകളുടെ അഭിപ്രായമെന്താണ്?' അപ്പോൾ അദ്ദേഹം പറഞ്ഞു: 'അതേ പോലെത്തന്നെ തുടർന്നോളൂ, ഞാനും അങ്ങനെതന്നെയാണ് ചെയ്യാറ്.'" (രിജാലുൽ കുഷീ, പേ. 218)

എങ്ങനെയുണ്ട് 'പാപസുരക്ഷിതനായ ഇമാ'മിന്റെ ഉത്തരം! ജനങ്ങളോട് കളവു പറയാനും അവരെ കളവു പറഞ്ഞ് വഞ്ചിക്കാനും പ്രോത്സാഹിപ്പിക്കുന്ന ഒരു ഇമാം! ഇവ്വിധമാണ് കാര്യമെങ്കിൽ പിന്നെ, "സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും, സത്യവാൻമാരുടെ കൂട്ടത്തിൽ ആയിരിക്കുകയും ചെയ്യുക." (തൗബ: 119)

“സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും, ശരിയായ വാക്ക് പറയുകയും ചെയ്യുക.” (അഹ്സാബ്: 70) എന്നീ ക്വുർആനിക വചനങ്ങളുടെ സാംഗത്യമെന്താണ്?

യഥാർഥത്തിൽ ഈ ജനത കളവു പറയുക മാത്രമല്ല ചെയ്യുന്നത് അതിന് പ്രേരിപ്പിക്കുക കൂടി ചെയ്യുകയാണ്. കളവിനെ അല്ലാഹുവിൻെറ സാമീപ്യം നേടിക്കൊടുക്കുന്ന സത്കർമ്മമായിട്ടാണ് ഇവർ പഠിപ്പിക്കുന്നത്. അവരുടെ അടത്തറ തന്നെ പണിതിരിക്കുന്നതു കളവിൻമേലാണെന്നിരിക്കെ നാമെന്തു പറയാനാണ്? ഈ വിഭാഗത്തിൻെറ ദീനീ പുസ്തകങ്ങളും ഹദീസ് ഗ്രന്ഥങ്ങളും തഫ്സീറുകളും കളവുകളാലും അടിസ്ഥാനരഹിതമായ കഥകളാലും സമൃദ്ധമാണ്.

ഒരു ഉദാഹരണം കാണുക. അൽ കുഷിയാണ് ഉദ്ധരിക്കുന്നത്. അബുൽ ഹസൻ മൂസൽ കാളിം തൻെറ അനുയായികളിലൊരാൾക്ക് ഇങ്ങനെ എഴുതി: “നിൻെറ രക്ഷിതാവിൻെറ മാർഗത്തിലേക്ക് നീ ഉദ്ദേശിക്കുന്നവരെ നമുക്കു വേണ്ടി ക്ഷണിക്കുക. നമ്മിൽ മാത്രം പരിമിതപ്പെടുത്തരുത്. മുഹമ്മദിൻെറ കുടുംബവുമായി നീ ബന്ധം നിലനിർത്തുക. നമ്മളിൽ നിന്ന് വന്നതൊ, നമ്മളിലേക്ക് ചേർത്ത് പറയപ്പെട്ടതൊ ആയ ഒരു കാര്യത്തേയും, സത്യം അതിന് വിരുദ്ധമാണെന്ന് നിനക്ക് അറിയാമെങ്കിലും, അത് അവാസ്ഥവമാണെന്ന് പറയരുത്. കാരണം എന്തിനു വേണ്ടിയാണ്, ഏതു രൂപത്തിലാണ് നാമത് പറഞ്ഞത് എന്ന് ഒരു പക്ഷെ നിനക്കറിയില്ല.” (രിജാലുൽ കുഷീ, പേ. 268, അലി ബ്ൻ സുവൈദ് അസ്സാഈയെ പറ്റി പ്രതിപാദിക്കുന്നിടത്ത്, കർബല)

വിശുദ്ധ ക്വുർആനിനും പ്രവാചക സുന്നത്തിനും വിരുദ്ധമായ ഒരു അഭിപ്രായം കേട്ടിട്ട്, അത് തങ്ങളുടെ ഇമാം പറഞ്ഞതാണ് എന്നതു കൊണ്ടുമാത്രം, ആ സംഗതി അവസ്ഥവമല്ല എന്ന് പറയുന്ന ഒരു മനഷ്യനെപ്പറ്റി ചിന്തിക്കാനാകുന്നുണ്ടൊ നിങ്ങൾക്ക്? അല്ലാഹുവിൻെറ ക്വുർആനിനും നബിചര്യക്കും അനുയോജ്യമായി വരുന്ന കാര്യങ്ങളെ മാത്രമല്ലെ ഒരു വിശ്വാസിക്ക് സ്വീകരിക്കേണ്ടതുള്ളൂ? മുസ്ലിംകളുടെ ആധാരങ്ങൾ ക്വുർആനും സുന്നത്തുമല്ലെ? ആ രണ്ട് ആധാരങ്ങൾക്ക് വിരുദ്ധമായ അഭിപ്രായം കേട്ടിട്ട് അതും ശരി ഇതും ശരി എന്ന് ഉത്തരം പറയാൻ ഏതൊരു വിവേകിക്കാണ് സാധിക്കുക? രണ്ട് വിരുദ്ധ സത്യങ്ങൾ ഉണ്ടാകില്ല. ഒരേ വിഷയത്തിൽ വ്യത്യസ്ത വാക്കുകൾ സത്യത്തിൻെറയല്ല, അസത്യത്തിൻെറ മുഖമാണ് തുറന്നു കാട്ടുക.

ഒരൊറ്റ വിഷയത്തിലും ശീഇകൾക്ക് രണ്ട് അഭിപ്രായമില്ലാത്തതായിട്ടില്ല. ഒരു ഹദീസ് നിവേദകനെപ്പറ്റി പോലും രണ്ട് വീക്ഷണങ്ങളുണ്ട് ശീഇകളിൽ. ഒരു വീക്ഷണം അയാളെ വിശ്വസ്ഥനായി കാണുന്നുവെങ്കിൽ മറ്റെ വീക്ഷണം അയാളെ ദുർബലനായിട്ടാണ് കാണുക. എന്നല്ല, ആ മനുഷ്യനെ ഏറ്റവും നിന്ദ്യനായി, നികൃഷ്ടനായി, അഭിശപ്തനായിട്ടായിരിക്കും പഠിപ്പിക്കുക. ഇതാണ് ശീഇസം!!

## ശിയാക്കളുടെ ഹദീസ് നിവേദകന്മാർ

മേൽ പറഞ്ഞ സംഗതിക്ക് ഏറ്റവും നല്ല ഉദാഹരണമാണ് ശീഇകളുടെ മഹാമുഹദ്ദിസായ സുറാറത്ത് ബ്ൻ അഅ്യുൻ. മൂസ, ജഅ്ഫർ, ബാക്വിർ എന്നീ മൂന്ന് ഇമാമുകളുടെ അനുചരനായിരുന്നു സുറാറത്ത്. ശീഈ ചരിത്രകാരൻമാർ അയാളെപ്പറ്റി ധാരാളം പുകഴ്ത്തിയെഴുതിയിട്ടുണ്ട്. അതേ സമയം അയളെപ്പറ്റി കേൾക്കാൻ കൊള്ളാത്തവിധം ഇകഴ്ത്തിയെഴുതിയിട്ടുമുണ്ട്. ഒരിടത്ത് സുറാറത്തിനെ സ്വർഗാവകാശിയാണെന്ന് പ്രഖ്യാപിച്ച ശീഇകൾ മറ്റൊരിടത്ത് അയാൾ നരകാവകാശിയാണെന്ന് എഴുതിവിട്ടിട്ടുണ്ട്. നിസ്വാർത്ഥനായ വിശ്വാസിയെന്ന് പറഞ്ഞ അതേ ആളുകൾ തന്നെ സുറാറത്ത് ഏറ്റവും ഭീകരനായ ശത്രുവാണെന്ന് തിരുത്തിപ്പറഞ്ഞിട്ടുണ്ട്.

സുറാറയുടെ ജീവചരിത്രമെഴുതിയ അൽ കുഷ്ഷീ ഉദ്ധരിക്കുന്നു: "അബൂ അബ്ദില്ല(അ) ഒരിക്കൽ പറഞ്ഞു: 'സുറാറഃ, നിന്റെ നാമം സ്വർഗസ്ഥരിൽ ഏറ്റവും ഉന്നതരായവരുടെ പദവിയിൽ എഴുതപ്പെട്ടിരിക്കുന്നു." (രിജാലുൽ കുഷി, പേ. 122, കർബല, ഇറാഖ്)

അബൂ അബ്ദില്ല വീണ്ടും പറയുന്നു: "ജീവിച്ചിരിക്കുന്നവരിലും മരിച്ചവരിലുമായി എനിക്ക് ഏറ്റവും പ്രിയപ്പെട്ടവർ നാലു പേരാണ്. യസീദ് ബ്ൻ മുആവിയ, സുറാറത്ത്, മുഹമ്മദ് ബ്ൻ മസ്ലം, അഹ്വൽ, എന്നിവരാണവർ. അവരാണ് എനിക്ക് പ്രിയപ്പെട്ടവർ" (രിജാലുൽ കുഷി, പേ. 123)

അദ്ദേഹം വീണ്ടും പറയുന്നു: "സുറാറത്തിനെ അല്ലാഹു അനുഗ്രഹിക്കട്ടെ. സുറാറത്തും കൂട്ടുകാരുമില്ലായിരുന്നുവെങ്കിൽ എന്റെ പിതാവിന്റെ ഹദീസുകൾ നാമാവശേഷമാകുമായിരുന്നു." (രിജാലുൽ കുഷി, പേ. 124)

അദ്ദേഹം പറഞ്ഞു: "സുറാറത്ത്, അബൂ ബസ്വീർ, മുഹമ്മദ് ബ്ൻ മസ്ലം, ബുറയ്ദ് ബ്ൻ മുആവിയത്തുൽ അജ്ലി എന്നീ നാലുപേരെയല്ലാതെ, നമ്മുടെ കീർത്തിയേയും എന്റെ പിതാവിന്റെ ഹദീസുകളേയും സജീവമാക്കി നിർത്തിയ മറ്റൊരേയും ഞാൻ കണ്ടിട്ടില്ല. അവരില്ലായിരുന്നുവെങ്കിൽ ഇവ്വിധം മതവിധികൾ കണ്ടെത്താൻ ഒരാൾക്കും കഴിയില്ലായിരുന്നു. ഇവർ മതത്തിന്റെ സംരക്ഷകരാണ്. അല്ലാഹുവിന്റെ ഹലാലുകളും ഹറാമുകളും വിശദീകരിക്കുന്നതിൽ എന്റെ പിതാവിന്റെ വിശ്വസ്തൻമാരുമാണ്. ഇഹലോകത്തും പരലോകത്തും എനിക്ക് പ്രിയപ്പെട്ടവർ ഇവരാണ്." (രിജാലുൽ കുഷി, പേ. 125)

അബൂ അബ്ദില്ലയാൽ വാഴ്ത്തപ്പെട്ട സുറാറത്തിനെ നാമിതിനകം പരിചയപ്പെട്ടു. ഇതേ സുറാറത്ത് ഇതേ അബൂ അബ്ദില്ലയാൽ തന്നെ ഇകഴ്ത്തപ്പെടുന്നത് നിങ്ങൾക്ക് കാണണ്ടെ?

അബൂ അബ്ദില്ലയിൽ നിന്ന് ഇബ്നു അബീ ഹംസയാണ് നിവേദനം. "വിശ്വസിക്കുകയും, തങ്ങളുടെ വിശ്വാസത്തിൽ അന്യായം കൂട്ടികലർത്താതിരിക്കുകയും ചെയ്തവർ" (അൻആം: 82) എന്ന ആയത്ത് ഞാൻ അബൂ അബ്ദില്ലക്ക് ഓതിക്കേൾപ്പിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു: "അല്ലാഹു എന്നേയും നിന്നേയും ആ 'അന്യായ'ത്തിൽ നിന്ന് കാത്തു രക്ഷിക്കട്ടെ. സുറാറത്തും അബൂ ഹനീഫയും മതത്തിൽ പുതുതായുണ്ടാക്കിയ (വ്യഭിചാരത്തിനുള്ള) ഈ അടിശിക്ഷയാണ് അത് കൊണ്ടുദ്ദേശ്യം.' ഞാൻ ചോദിച്ചു: "അപ്പോൾ വ്യഭിചാരം?" അദ്ദേഹം പറഞ്ഞു: "വ്യഭിചാരം, അതൊരു പാപം മാത്രമാണ്." (രിജാലുൽ കുഷി, പേ.131, 132, സുറാറത്തിനെപ്പറ്റിയുള്ള ഭാഗം)

സിയാദ് ബ്ൻ അബിൽ ഹലാലിന്റെ നിവേദനം കാണുക. "അബൂ അബ്ദില്ല പറഞ്ഞു: സുറാറത്തിനെ അല്ലാഹു ശപിക്കട്ടെ, സുറാറത്തിനെ അല്ലാഹു ശപിക്കട്ടെ, സുറാറത്തിനെ അല്ലാഹു ശപിക്കട്ടെ"

ലയ്സുൽ മുറാദി നിവേദനം ചെയ്യുന്നു. "അബൂ അബ്ദില്ല ഇങ്ങനെ പറയുന്നത് ഞാൻ കേട്ടു: 'സുറാറത്ത് വഴികെട്ടവനായിട്ടല്ലാതെ മരണപ്പെടില്ല." (രിജാലുൽ കുഷി, പേ. 134)

അലി അൽ ക്വസ്വീർ പറയുന്നതു കൂടി വായിക്കുക: "ഒരിക്കൽ അബൂ അബ്ദില്ലയെ സന്ദർശിക്കാൻ അനുവാദം ചോദിച്ചു കൊണ്ട് സുറാറത്തും അബുൽ ജാറൂദും വരികയുണ്ടായി. അപ്പോൾ അദ്ദേഹം തന്റെ വാല്യക്കാരനോട് പറഞ്ഞു: 'അവരെ കടത്തിവിടുക, അവർ രണ്ടു പേരും നേരത്തെ ജനിച്ച് നേരത്തെ മരിച്ചു പോകേണ്ടവരാണ്." (രിജാലുൽ കുഷി, പേ. 135)

'സുറാറത്തില്ലായിരുന്നുവെങ്കിൽ എന്റെ പിതാവിന്റെ ഹദീസുകൾ നാമാവശേമായേനെ' എന്ന് പുകഴ്ത്തപ്പെട്ട, 'സുറാറത്തേ, നിന്റെ നാമം സ്വർഗവാസികളിലെ ഉന്നത സ്ഥാനത്താണ്' എന്ന് സന്തോഷവാർത്തയറിയിക്കപ്പെട്ട അതേ മനുഷ്യനെപ്പറ്റി, അത് രണ്ടും പ്രസ്താവിച്ച അതേ ഇമാം തന്നെ പറയുന്നു: "ഈ മതവിധികൾ 'ആലു അഅ്യു'(സുറാറത്ത്)നിൻേറതാണ്. അത് എന്റെയൊ എന്റെ പിതാക്കളുടേയൊ ദീനിൽപ്പെട്ടതല്ല."(രിജാലുൽ കുഷി, പേ. 137)

എന്നാൽ, ഈ അബൂ അബ്ദില്ലയുടെ പുത്രനും ഏഴാം ഇമാമുമായ അബുൽ ഹസൻ മൂസ സുറാറത്തിനെപ്പറ്റി പറയുന്നത്: "സത്യം, അല്ലാഹുവിൻെറ മാർഗത്തിൽ ഹിജ്റ പോയവനാണ് സുറാറത്ത്." (രിജാലുൽ കുഷി, പേ. 139)

അതേ അബുൽ ഹസൻ പിന്നീട് പറഞ്ഞത്: 'എൻെറ ഇമാമത്തിൽ സംശയിച്ചു നിന്നവനാണ് സുറാറത്ത്' എന്നാണ്. (രിജാലുൽ കുഷി, പേ. 138)

ഇതാണ് ശീഇകളുടെ മുഖം. തങ്ങളുടെ സ്വന്തക്കാരാണെങ്കിലും ശരി, ഇന്ന് ഒരാളെ പുകഴ്ത്തും നാളെ അയാളെത്തന്നെ ഇകഴ്ത്തും. സുറാറയെ വാനോളം പുകഴ്ത്തിയ അതേ ഇമാമുകൾ അയാളെ പാതാളത്തോളം താഴ്ത്തിയത് നാം വായിച്ചു. ഇയാളുടെ കാര്യത്തിൽ ഇനിയും ഒരു ഉദാഹരണം കൂടി വായിച്ചു നോക്കുക:

ഒരിക്കൽ അബൂ അബ്ദില്ല തൻെറ ശീഅത്തിൽ പെട്ട ഒരാളോട് ചോദിച്ചു: 'എന്നു മുതൽ തുടങ്ങി, സുറാറത്തുമായുള്ള നിൻെറ ബന്ധം?' അയാൾ പറഞ്ഞു: 'അയാളെ പരിചയപ്പെട്ട അന്നു മുതൽ തുടങ്ങിയതാണ്.' അപ്പോൾ അബൂ അബ്ദില്ല പറഞ്ഞു: 'അവനെ നീ ഗൗനിക്കരുത്. അവൻ രോഗിയായാൽ നീ സന്ദർശിക്കരുത്. അവൻ മരണപ്പെട്ടാൽ അവൻെറ ജനാസ നമസ്കാരത്തിൽ പങ്കെടുക്കരുത്.' അപ്പോൾ അയാൾ അത്ഭുതത്തോടെ ചോദിച്ചു: "സുറാറത്തിനെപ്പറ്റിത്തന്നെയാണൊ താങ്കൾ പറയുന്നത്?' 'അതെ, സുറാറത്ത്, ജൂതൻമാരേക്കാൾ, അല്ലാഹു മൂന്നു പേരിൽ ഒരാളാണ് എന്ന് വാദിക്കുന്ന ക്രിസ്ത്യാനികളേക്കാൾ ചീത്തയാണ്." (രിജാലുൽ കുഷി, പേ. 142)

ശിയാക്കളുടെ 'ഖുതുബുൽ അഖ്താബി'ൻെറ, മൂന്ന് ഇമാമുകളെ കാണാനും അവരുമായി സഹവസിക്കുവാനും അവസരം ലഭിച്ച ഒരാളുടെ ദയനീയ സ്ഥിതിയാണ് നാമിവിടെക്കണ്ടത്! അല്ലാഹുവിൽ നിന്നും വഹ്യും ഇൽഹാമും ലഭിക്കുന്നവരാണെന്ന് വിശ്വസിക്കപ്പെടുന്ന 'പാപസുരക്ഷിത'രായ ഇമാമുകളാണത്രെ ഇത്തരം പരസ്പര വിരുദ്ധമായ അഭിപ്രായങ്ങൾ പറയുന്നത്! അല്ലാഹു പറഞ്ഞതാണ് വാസ്തവം:

"അല്ലാഹുവിന്റെ പേരിൽ കള്ളം കെട്ടിച്ചമയ്ക്കുകയോ, തനിക്ക് യാതൊരു ബോധനവും നൽകപ്പെടാതെ എനിക്ക് ബോധനം ലഭിച്ചിരിക്കുന്നു എന്ന് പറയുകയോ ചെയ്തവനേക്കാളും വലിയ അക്രമി ആരുണ്ട്?" (അൻആം: 93)

"അത് അല്ലാഹു അല്ലാത്തവരുടെ പക്കൽ നിന്നുള്ളതായിരുന്നെങ്കിൽ അവരതിൽ ധാരാളം വൈരുദ്ധ്യം കണ്ടെത്തുമായിരുന്നു." (നിസാഅ്: 82)

"അല്ലാഹുവിനെയും വിശ്വാസികളെയും വഞ്ചിക്കുവാനാണ് അവർ ശ്രമിക്കുന്നത്. (വാസ്തവത്തിൽ) അവർ ആത്മവഞ്ചന മാത്രമാണ് ചെയ്യുന്നത്. അവരത് മനസ്സിലാക്കുന്നില്ല." (അൽബഖ്വറ: 9)

"വിശ്വാസികളെ കണ്ടുമുട്ടുമ്പോൾ അവർ പറയും; ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു എന്ന്. അവർ തങ്ങളുടെ (കൂട്ടാളികളായ) പിശാചുക്കളുടെ അടുത്ത് തനിച്ചാകുമ്പോൾ അവരോട് പറയും: ഞങ്ങൾ നിങ്ങളോടൊപ്പം തന്നെയാകുന്നു. ഞങ്ങൾ (മറ്റവരെ) കളിയാക്കുക മാത്രമായിരുന്നു." (അൽബഖ്വറ: 14)

ശീഇകളുടെ ഈ ഇരട്ടത്താപ്പു രീതിക്ക് ഇനിയും ഉദാഹരണങ്ങളേറെയുണ്ട്. ഇത് ആരോടുമുള്ള അവരുടെ ജന്മശീലമാണ്. സുറാറത്ത് മാത്രമല്ല ആ ശീലത്തിൻെറ ഇര. മുഹമ്മദ് ബ്ൻ മസ്ലം, അബൂ നസ്വീർ, ഹംറാൻ ബ്ൻ അഅ്യുൻ തുടങ്ങിയ തലയെടുപ്പുള്ള ശീഈ പണ്ഡിതൻമാരും, ഹദീസ് നിവേദകരുടെ നേതാക്കളുമായ വ്യക്തികൾ ഈ ഇരട്ടത്താപ്പു ശീലത്തിൻെറ ഇരകളാണ്. സ്വർഗാവകാശികളും കറകളഞ്ഞ വിശ്വാസികളുമാണ് എന്ന് വാഴ്ത്തപ്പെട്ട ഇവർ, മറുഭാഗത്ത് കാഫിറുകളും നരകാവകാശികളുമാണ് എന്ന് ഇകഴ്ത്തപ്പെട്ടിട്ടുണ്ട്!!

## ഇവർ തകിയ്യയെ ആശ്ലേഷിക്കുന്നത് എന്തിന്?

'തക്വിയ്യ' എന്തിന് എന്ന ചോദ്യത്തിന്, ശീഈകൾ ഒരുപാട് വിശദീകരണം നൽകിയിട്ടുണ്ട്. എന്നാൽ മറ്റേതൊരു കാര്യത്തിലുമെന്ന പോലെ, ഏകീകൃതമായൊരുത്തരം ശീഈ ലോകത്തു നിന്നും ലഭ്യമല്ല. അവരുടെ തന്നെ വാക്കുകൾ ശ്രദ്ധിക്കുക:

ഒരു വിഭാഗം പറയുന്നു: "ശരീരത്തിനും അഭിമാനത്തിനും സമ്പത്തിനും സംരക്ഷണമെന്ന നിലക്ക് 'തക്വിയ്യ' അനിവാര്യമാകുന്നു."

ശൈഖ് അത്തൂസി 'അത്തിബ്‌യാ'നിലെഴുതുന്നു: "ജീവന് ആപത്തുഭവിക്കുമൊ എന്ന് ഭയപ്പെടുമ്പോൾ 'തക്വിയ്യ' അനിവാര്യമാണ്. സത്യം പറയുന്നതും അനുവദനീയം തന്നെ... നബി വാദിയായിരുന്ന മുസയ്‌ലിമയുടെ കഥയിൽ നിന്നും മനസിലാകുന്നത് തക്വിയ്യ ഇളവാണെന്നും, സത്യം പറയുന്നത് ശ്രേഷ്ഠമാണെന്നുമാണ്." (അത്തിബ്‌യാൻ, ത്വൂസി, ആലുഇംറാൻ: 28ാമത്തെ ആയത്തിൻെറ വിശദീകരണത്തിൽ)

ശൈഖ് സ്വദൂക്ക് പറയുന്നു: "തക്വിയ്യ നിർബന്ധമാണ്. അവതാര പുരുഷൻ വരുവോളം അത് അസാധുവാക്കപ്പെടാവതല്ല. അദ്ദേഹത്തിൻെറ വരവിനു മുമ്പ് ആർ അതിനെ കയ്യൊഴിക്കുന്നുവൊ അവൻ ഇമാമിയ്യ മതത്തിൽ നിന്നും ഭ്രഷ്ടനാണ്. അവൻ അല്ലാഹുവിനേയും അവൻെറ റസൂലിനേയും ഇമാമുകളേയും ധിക്കരിച്ചവനാണ്. إن أكرمكم عند الله أتقاكم എന്ന ഹുജുറാത്ത്: 13 ലെ أتقاكم എന്നതിൻെറ ആശയമെന്താണ് എന്ന് ചോദിക്കപ്പെട്ടപ്പോൾ സ്വാദിക്ക് പറഞ്ഞു: 'നിങ്ങളിൽ ഏറ്റവും കൂടുതൽ തക്വിയ്യ പാലിക്കുന്നവൻ' എന്നാണ് അതിൻെറ അർത്ഥം." (അൽ ഇഅ്തിക്വാദാത്ത്, സ്വദൂക്ക്)

("തീർച്ചയായും അല്ലാഹുവിന്റെ അടുത്ത് നിങ്ങളിൽ ഏറ്റവും ആദരണീയൻ നിങ്ങളിൽ ഏറ്റവും ധർമ്മനിഷ്ഠ പാലിക്കുന്നവനാകുന്നു." എന്ന് ശരിയായ അർത്ഥം. വിവ.)

അലി (റ) പറഞ്ഞതായി ശീഈകൾ നിവേദനം ചെയ്യുന്നു: "വിശ്വാസിയുടെ ഏറ്റും ശ്രേഷ്ഠമായ കർമ്മമാകുന്നു തക്വിയ്യ. തന്നേയും തൻെറ സഹോദരങ്ങളേയും തെമ്മാടികളിൽ നിന്ന് സംരക്ഷിച്ചു നിർത്തുന്നത് തക്വിയ്യയാണ്." (തഫ്സീറുൽ അസ്കരി, പേ. 163)

മറ്റൊരു വിഭാഗം പറയുന്നു: "ജീവന് ഭീഷണിയുണ്ടാകുമ്പോഴോ അല്ലാത്തപ്പോഴൊ തക്വിയ്യ പാലിക്കൽ നിർബന്ധമാണ്. സുറാറത്ത് അബൂ ജഅ്ഫറിൽ നിന്നും നിവേദനം ചെയ്ത ഒരു ഹദീസ് കുലൈനി ഉദ്ധരിക്കുന്നു. 'തക്വിയ്യ എല്ലാ ആവശ്യഘട്ടത്തിലും ഉപയോഗിക്കാം. ഏതാണതിനുള്ള സന്ദർഭമെന്ന് അത് പാലിക്കേണ്ടവരാണ് തീരുമാനിക്കേണ്ടത്." (അൽ കാഫി ഫിൽ ഉസ്വൂൽ, അധ്യായം തക്വിയ്യ)

സ്വദൂഖ് ജാബിറിൽ നിന്നും നിവേദനം ചെയ്യുന്നു. "ജാബിർ പറയുകയാണ്: ഞാൻ നബി(സ്വ)യോട് ചോദിച്ചു: 'റസൂലേ, അബൂത്വാലിബ് കാഫിറായിട്ടാണ് മരണപ്പെട്ടതെന്ന് എല്ലാവരും പറയുന്നല്ലൊ?' തിരുമേനി(സ) പറഞ്ഞു: 'ജാബിറേ, നിൻെറ രക്ഷിതാവാണ് അദൃശ്യം അഗാധമായി അറിയുന്നവൻ. ഇസ്റാഇൻെറ രാത്രിയിൽ അല്ലാഹുവിൻെറ അർശിൻെറ അരികിലെത്തിയപ്പോൾ നാല് പ്രകാശങ്ങൾ ഞാൻ കാണുകയുണ്ടായി. ഒരാൾ വിളിച്ചു പറഞ്ഞു: ഇത് അബ്ദുൽ മുത്തലിബാണ്, ഇത് നിൻെറ പിതൃവ്യൻ അബൂ ത്വാലിബാണ്. ഇത് നിൻെറ പിതാവ് അബ്ദുല്ലയും, മറ്റേത് നിൻെറ പിതൃവ്യ പുത്രൻ ജഅ്ഫർ ബ്ൻ അബൂ ത്വാലിബുമാണ്.' അപ്പോൾ ഞാൻ പറഞ്ഞു: എൻെറ ഇലാഹേ, ഇവരെങ്ങിനെയാണ് ഈ പദവിയിലെത്തിയത്?' 'മരണംവരെ അവർ ഈമാൻ മനസിൽ ഒളിപ്പിച്ചു വെക്കുകയും പരസ്യമായി അവർ കുഫ്ർ പ്രകടപ്പിക്കുകയും ചെയ്തവരായിരുന്നു. അതിനാലാണ് അവരീ പദവിയിലെത്തിയത്." (ജാമിഉൽ അഖ്ബാർ, തൻക്വീഹുൽ മസാഇൽ എന്ന ഗ്രന്ഥത്തിൽ നിന്നും ഉദ്ധരണം, പേ. 140)

ശീഈ മുഫസ്സിറായ ത്വബ്റസി എഴുതുന്നു: "ജീവന് ഭീഷണി നേരിടുന്ന സന്ദർഭത്തിൽ തക്വിയ്യ അനുവദനീയമാണെന്നതിന് ഈ ആയത്ത് രേഖയാണ്." (മജ്മഉൽ ബയാൻ, ആലുഇംറാൻ: 28ൻെറ വിശദീകരണത്തിൽ)

(“സത്യവിശ്വാസികൾ സത്യവിശ്വാസികളെയല്ലാതെ സത്യനിഷേധികളെ മിത്രങ്ങളാക്കിവെക്കരുത്. -അങ്ങനെ വല്ലവനും ചെയ്യുന്ന പക്ഷം അല്ലാഹുവുമായി അവന്ന് യാതൊരു ബന്ധവുമില്ല- നിങ്ങൾ അവരോട് കരുതലോടെ വർത്തിക്കുകയാണെങ്കിലല്ലാതെ. അല്ലാഹു അവനെപ്പറ്റി നിങ്ങൾക്ക് താക്കീത് നൽകുന്നു. അല്ലാഹുവിങ്കലേക്കത്രെ (നിങ്ങൾ) തിരിച്ചുചെല്ലേണ്ടത്.” എന്നാണ് ആയത്തിന്റെ പൂർണ്ണരൂപം. വിവ.)

ലുത്ഫുല്ല അസ്സ്വാഫീ ‘മഅൽ ഖത്വീബ്’ എന്ന തന്റെ ഗ്രന്ഥത്തിൽ പറയുന്നു: “അതെ, ശീഇകൾ തക്വിയ്യ അനുവദനീയമാണെന്ന് വിശ്വസിക്കുന്നവരാണ്. മുആവിയ, യസീദ്, വലീദ്, മൻസ്വൂർ തുടങ്ങിയ സ്വേഛാധിപതികളും ക്രൂരരുമായ ഭരണാധികാരികൾ നാടുവാണിരുന്ന ഘട്ടങ്ങളിലൊക്കെ ശീഇകൾ പ്രാവർത്തികമാക്കിയിട്ടുമുണ്ട്.” (മഅൽ ഖത്വീബ്, പേ. 39)

പ്രമുഖ ഇന്ത്യൻ ശീഈ പണ്ഡിതനായ സയ്യിദ് അലി പറയുന്നു: ‘ജീവനും സ്വത്തിനും സംരക്ഷണമെന്ന നിലക്ക് തക്വിയ്യയെ അനുവദനീയമായി കാണുന്നവരാണ് ഇമാമിയ്യ വിശ്വാസക്കാർ” (മിസ്ബാഹുല്ലുൽമ്, പേ. 71 , ഉറുദു പതിപ്പ്, ഇന്ത്യ)

അബൂ ജഅ്ഫറിൽ നിന്ന് സുറാറത്ത് നിവേദനം ചെയ്തതായി കുലൈനി ഉദ്ധരിക്കുന്നു: “മൂന്നു കാര്യങ്ങളിൽ ഒരാളോടും ഞാൻ തക്വിയ്യ കാണിക്കാറില്ല: കള്ള് കുടി, ഖുഫ്ഫയിൽ തടവൽ, ഹജ്ജിലെ മുത്അ എന്നിവയാണവ.” (അൽ കാഫീ ഫിൽ ഫുറൂഅ്, ഖുഫ്ഫയിൽ തടവൽ എന്ന അധ്യായം)

ശീഇകളുടെ തക്വിയ്യയെ സംബന്ധിച്ച യാഥാർഥ്യം ഇപ്പോൾ ബോധ്യപ്പെട്ടു കാണണം. സ്വയരക്ഷക്കാകട്ടെ അല്ലാത്തതിനാകട്ടെ, തക്വിയ്യ (അഥവാ ശുദ്ധ കാപട്യം) നിർബന്ധമാണെന്ന് വിശ്വസിക്കുന്നവരാണ് ശീഇകൾ. അത് അവരുടെ നിത്യ ജിവിതത്തിന്റെ ഭാഗവുമാണ്. കളവിന് മറ്റൊരു പേരിടുകയും അതിന്റെ മഹത്വം വ്യക്തമാക്കാൻ വ്യാജ ഹദീസുകൾ നിർമ്മിക്കുകയും ചെയ്തവരാണ് ഇവർ.

ഈ ‘തക്വിയ്യ’യെ ആശ്ലേഷിക്കാൻ ശീഇകളെ നിർബന്ധിക്കുന്ന മറ്റൊരു കാരണം കൂടിയുണ്ട്. തങ്ങളുടെ ഇമാമുകളുടെ പൂർവ്വാപരവിരുദ്ധമായ പ്രസ്താവനകൾ മനസിലാക്കിയ അവർ ആ അപകടത്തിൽ നിന്ന് രക്ഷപ്പെടാൻ സ്വീകരിച്ച മാർഗം കൂടിയാണ് തക്വിയ്യ. ചെറുതും വലുതുമായ പാപങ്ങളിൽ നിന്നും മറവിയിൽ നിന്നും സുരക്ഷിതരാണെന്ന് വിശ്വസിക്കപ്പെടുന്ന തങ്ങളുടെ മഹാൻമാരായ ഇമാമുകൾ ഒരേ വിഷയത്തിൽ പരസ്പരവിരുദ്ധമായ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചത് ഗ്രന്ഥങ്ങളിൽ സുലഭമാണ്. ഒരിക്കൽ ഹറാമാക്കിയതിനെ മറ്റൊരിക്കൽ ഹലാലാക്കും. ഒരു കാര്യത്തെ സംബന്ധിച്ച് നൽകിയ മതവിധിക്ക് വിരുദ്ധമായി മറ്റൊരിക്കൽ മാറ്റിപ്പറയും. എന്തുകൊണ്ടിങ്ങനെ? എന്ന് ചോദിച്ചാൽ എന്തുത്തരം നൽകും? അപ്പോൾ സ്വയരക്ഷക്കു വേണ്ടി അവർക്ക് പറയാവുന്ന ഉത്തരം: ‘ഇമാമുകൾ ഒരു സമയത്ത് പറഞ്ഞതിന് വിരുദ്ധമായി അവർ തന്നെ മറ്റൊരു സമയത്ത് പറഞ്ഞിട്ടുള്ളത് ‘തക്വിയ്യ’ എന്ന നിലക്കാണ്.’ ഇക്കാര്യം ശീഇകളിലെ നിഷ്പക്ഷർ തന്നെ അംഗീകരിച്ചിട്ടുള്ളതാണ്.

## ശീഈ നിഷ്പക്ഷരുടെ ഉദ്ധരണികൾ

മൂന്നാം നൂറ്റാണ്ടിലെ പ്രമുഖ ശീഈ പണ്ഡിതനായ അബൂ മുഹമ്മദ് ഹസൻ അന്നൗബഖ്തി ഉദ്ധരിക്കുന്നു. “ഉമർ ബ്ൻ റബാഹ് അബൂ ജഅ്ഫറിനോട് ഒരു വിഷയത്തിൽ മതവിധി ചോദിച്ചു. അതിന് അദ്ദേഹം ഉത്തരം നൽകുകയും ചെയ്തു. ഒരു വർഷം കഴിഞ്ഞപ്പോൾ അതേ വിഷയത്തെപ്പറ്റി അബൂ ജഅ്ഫറിനോട് ഉമർ വീണ്ടും ചോദിച്ചു. പക്ഷെ മുമ്പ് പറഞ്ഞ മതവിധിക്ക് വിരുദ്ധമായിട്ടാണ് അദ്ദേഹം അതിന് മറുപടി പറഞ്ഞത്. അപ്പോൾ ഉമർ പറഞ്ഞു: ‘താകൾ കഴിഞ്ഞ വർഷം നൽകിയ ഉത്തരത്തിന് വിരുദ്ധമാണല്ലൊ ഇത്?’ ‘ഒരു പക്ഷെ, അന്ന് പറഞ്ഞ ഉത്തരം

എന്റെ തക്വിയ്യയുടെ ഭാഗമായിട്ടായിരിക്കാം' അബൂ ജഅ്ഫർ മറുപടി പറഞ്ഞു. അത് കേട്ടപ്പോൾ അദ്ദേഹത്തിന്റെ കാര്യത്തിൽ, എന്നല്ല, അദ്ദേഹത്തിന്റെ ഇമാമത്തിൽ തന്നെ ഉമറിന് സംശയം തോന്നി. ഒരിക്കൽ അബൂജഅ്ഫറിന്റെ അനുയായികളിൽ ഒരാളായ മുഹമ്മദ് ബ്ൻ ക്വയ്സിനെ കണ്ടപ്പോൾ ഉമർ പറഞ്ഞു: "സുഹൃത്തെ, ഇമാം അബൂ ജഅ്ഫറിനോട് ഒരു വിഷയത്തെപ്പറ്റി ഞാൻ മതവിധി ആരാഞ്ഞപ്പോൾ എനിക്ക് അതിന്റെ ഉത്തരം നൽകുകയുണ്ടായി. ഒരു വർഷം കഴിഞ്ഞ് അതേ വിഷയത്തെപ്പറ്റി ചോദിച്ചപ്പോൾ മുമ്പ് പറഞ്ഞതിന്റെ നേർവിരുദ്ധമായ ഉത്തരമാണ് അദ്ദേഹം എനിക്ക് നൽകിയത്. എന്താണിങ്ങനെ എന്ന് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: 'ഞാനത് തക്വിയ്യക്കു വേണ്ടി ചെയ്തതാണ്. അന്ന് നിനക്ക് ഉത്തരം നൽകിയത് ശരിയായ രീതിയിൽ തന്നെയായിരുന്നു എന്ന് അല്ലാഹുവിനറിയാം, അഥവാ അന്ന് അത് ആവശ്യമായിരുന്നു. ഇന്നത്തെ എന്റെ അവസ്ഥയിൽ അത് ആവശ്യമില്ലാത്തതിനാലാണ് ഞാൻ ഈ ഉത്തരം നൽകിയത്''. സുഹൃത്തേ, എന്താണിതിന്റെ സത്യാവസ്ഥ?' ഇത് കേട്ട മുഹമ്മദ് ബ്ൻ ക്വയ്സ് പറഞ്ഞു: 'ഒരു പക്ഷെ, നിന്റെ കൂടെ വേറെ ആരെങ്കിലും ഉള്ളതു കൊണ്ടായിരിക്കും അദ്ദേഹം നുണ പറഞ്ഞത്.' 'ഇല്ല, ഈ ചോദ്യവുമായി രണ്ടു പ്രാവശ്യം ഞാൻ പോയപ്പോഴും അദ്ദേഹത്തിന്റെ സദസിൽ ഞാനല്ലാതെ വേറൊരാളും ഉണ്ടായിരുന്നില്ല. മാത്രമല്ല യാതൊരു ഉത്തരവാദിത്തബോധവും ഇല്ലാതെയാണ് രണ്ട് തവണയും അദ്ദേഹം ഉത്തരം നൽകിയത്. കഴിഞ്ഞ വർഷം നൽകിയ മറുപടിയെ ഓർക്കാനൊ അതു പോലൊരു ഉത്തരം നൽകാനൊ അദ്ദേഹം തീരെ ശ്രദ്ധിച്ചില്ല'. അങ്ങനെ ഉമർ ബ്ൻ റബാഹ് അദ്ദേഹത്തിന്റെ ഇമാമത്തിനെ തള്ളിപ്പറയുകയും, 'ഒരു വിഷയത്തിൽ കളവു കൊണ്ട് ഫത്‌വ പറയുന്ന ഒരാൾ, ഏതർത്ഥത്തിലും ഇമാമാകാൻ യോഗ്യനല്ല. ഇമാമാണൊ, അയാൾ നന്മ ഉപദേശിക്കുകയും തിന്മ വിരോധിക്കുകയുമാണ് വേണ്ടത്.' എന്ന് പരസ്യമായി പ്രഖ്യാപിക്കുകയും ചെയ്തു." (ഫിറക്വു ശ്ശീഅ, നൗബഖ്തി, പേ. 80, 81, 82, നജഫ്, ഇറാഖ്, 1379 ഹി.)

അബൂ ജഅ്ഫർ അൽ ബാക്വിറിൽ നിന്ന് സുറാറത്ത് നിവേദനം ചെയ്തതായി കുലൈനി ഉദ്ധരിക്കുന്നു: "ഞാൻ അബൂ ജഅ്ഫറിനോട് ഒരു പ്രശ്നത്തിന് ഫത്‌വ ചോദിക്കുകയുണ്ടായി. അദ്ദേഹം അതിന് ഉത്തരവും നൽകി. അല്പം കഴിഞ്ഞപ്പോൾ വേറൊരാൾ വരികയും അതേ ചോദ്യം ആവർത്തിക്കുകയും ചെയ്തു. പക്ഷെ, എനിക്കു നൽകിയതിൽ നിന്നും വ്യത്യസ്തമായ ഉത്തരമാണ് അയാൾക്ക് നൽകിയത്. കുറച്ചു കഴിഞ്ഞപ്പോൾ വേറൊരാൾ വന്ന് അതേ ചോദ്യം അദ്ദേഹത്തോട് ചോദിച്ചു. അയാൾക്ക് നൽകിയ ഉത്തരം ഞങ്ങൾക്ക് രണ്ടു പേർക്കും നൽകിയ ഉത്തരത്തിന് തീർത്തും വിരുദ്ധമായിട്ടായിരുന്നു. ആ രണ്ട് സുഹൃത്തുക്കളും പോയപ്പോൾ ഞാൻ അദ്ദേഹത്തോട് ചോദിച്ചു: 'പ്രവാചക പുത്രാ, അങ്ങെന്താണീ പറഞ്ഞത്. നേരത്തെ വന്ന രണ്ടു പേരും ഇറാഖികളാണ്, താങ്കളുടെ വിഭാഗത്തിൽപ്പെട്ടവരും. അവരുടെ ഒരേ ചോദ്യത്തിന് വ്യത്യസ്തമായ രണ്ടുത്തരം നൽകിയതെന്തിനാണ്?' അദ്ദേഹം പറഞ്ഞു: "സുറാറത്തേ, ഈ രീതിയാണ് നമുക്കും നിങ്ങൾക്കുമൊക്കെ നല്ലത്.' ഞാനെന്റെ പിതാവിനോട് പറഞ്ഞു: "ഉപ്പാ, നിങ്ങളുടെ അനുയായികളെ നിങ്ങൾ നിർബന്ധിച്ചാൽ അവർ അമ്പിൻമുനകളിലൂടേയും അഗ്നിനാളങ്ങളിലൂടേയും നടക്കും, പക്ഷെ, (കാര്യം ഈ രൂപത്തിലാണെങ്കിൽ) അവർ നിങ്ങളിൽ നിന്നും ഓടിയകലും." (അൽ കാഫീ ഫിൽ ഉസ്വൂൽ, പേ. 37, ഇന്ത്യൻ പതിപ്പ്)

അൽ കുഷി ഇതു പോലൊരു റിപ്പോർട്ട് ആറാമത്തെ ഇമാമായ ജഅ്ഫറിൽ നിന്നും ഉദ്ധരിക്കുന്നുണ്ട്. മുഹമ്മദ് ബ്ൻ ഉമർ പറയുകയാണ്. "ഞാൻ അബൂ അബ്ദില്ലയെ സമീപിച്ചു. അദ്ദേഹം ചോദിച്ചു. 'നീ സുറാറത്തിനെ ഏതു നിലയിൽ കണ്ടിട്ടാണ് വരുന്നത്?' ഞാൻ പറഞ്ഞു: 'ഞാൻ വരുമ്പോൾ അയാൾ അസ്വ്ർ നമസ്കാരം പിന്തി നമസ്കരിക്കുകയായിരുന്നു.' അദ്ദേഹം പറഞ്ഞു: 'നമ്മുടെ ആളുകൾ നമസ്കരിക്കുന്ന സമയത്തേ നമസ്കരിക്കാവൂ എന്ന് നീ സുറാറത്തിനോട് ചെന്ന് പറയുക.' അങ്ങനെ ആ വിവരം ഞാൻ സുറാറത്തിനെ അറിയിച്ചു. അപ്പോൾ അയാൾ പറഞ്ഞു: 'അല്ലാഹു സത്യം, നീ അദ്ദേഹത്തോട് നുണ പറയില്ലെന്ന് എനിക്കറിയാം. എങ്കിലും ഒഴിവാക്കാൻ

എനിക്ക് മടിയുള്ള ഒരു കാര്യം ചെയ്യാനാണ് അദ്ദേഹം എന്നോട് കൽപിക്കുന്നത്.'' (രിജാലുൽ കുഷി, പേ. 128)

ജഅ്ഫറിൻെറ മകനും ഏഴാമത്തെ ഇമാമുമായ മൂസ അബുൽ ഹസനിൽ നിന്നും നിവേദനം. ശുഐബ് ബ്ൻ യഅ്കൂബ് പറഞ്ഞതായി അൽ കുഷി ഉദ്ധരിക്കുന്നു: ''ഭർത്താവുള്ള ഒരു പെണ്ണിനെ, അവൾ ഭർതൃമതിയാണ് എന്നറിയാതെ ഒരാൾ വിവാഹം കഴിച്ചു, എങ്കിൽ അതിൻെറ വിധിയെന്താണ്? എന്ന് ഞാൻ അബുൽ ഹസനോ(അ)ട് ചോദിച്ചു.' അദ്ദേഹം പറഞ്ഞു: 'ആ സ്ത്രീയെ എറിഞ്ഞു കൊല്ലണം, അവൻ അറിയാതെയാണ് വിവാഹം കഴിച്ചതെങ്കിൽ അവന്ന് യാതൊരു ശിക്ഷയും വേണ്ടതില്ല.' ഈ ഉത്തരം ഞാൻ അബൂ ബസ്വീറുൽ മുറാദിയെ അറിയിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: 'അല്ലഹു സത്യം. സ്ത്രീയെ എറിഞ്ഞു കൊല്ലണമെന്നും പുരുഷന് അടി ശിക്ഷ നൽകണമെന്നുമാണ് ജഅ്ഫർ എന്നോട് പറഞ്ഞിട്ടുള്ളത്. നമ്മുടെ ഈ ഇമാമിന് അറിവ് പൂർത്തിയായിട്ടില്ല എന്നാണ് എനിക്ക് തോന്നുന്നത്' അദേഹം തൻെറ മാറത്തടിച്ച് ആശ്ചര്യം പ്രകടിപ്പിച്ചു.'' (രിജാലുൽ കുഷി, പേ. 154)

ഏഴാം ഇമാമായ മൂസയെപ്പറ്റി ഇവ്വിധം പറഞ്ഞ അബൂ ബസ്വീർ നിസാരക്കാരനല്ല. ജഅ്ഫർ ബ്ൻ ബാക്വിർ സ്വർഗമുണ്ടെന്ന സന്തോഷ വാർത്തയറിയിച്ച നാലു പ്രമുഖരിൽ ഒരാളാണ് ഇദ്ദേഹം. ബുറയ്ദ് ബ്ൻ മുആവിയ, മുഹമ്മദ് ബ്ൻ മസ്‌ലം, സുറാറത്ത് എന്നവരാണ് മറ്റു മൂന്നു പേർ. ഈ നാൽവരില്ലായിരുന്നുവെങ്കിൽ നബിചര്യകൾ നാമാവശേഷമായേനെ എന്നാണ് ജഅ്ഫർ അഭിപ്രായപ്പെട്ടിട്ടുള്ളത്. (രിജാലുൽ കുഷി, അബൂബസ്വീറിനെപ്പറ്റിയുള്ള വിവരണം, പേ. 152)

ഈ സംഗതിയേക്കാൾ വലിയ വേറൊരു സംഗതിയുണ്ട്. സാക്ഷാൽ ഹസനും ഹുസൈനിനുമെതിരിൽ തന്നെ, അവർ വിരുദ്ധ മതവിധികൾ നൽകിയതിൻെറ പേരിൽ ശീഇകൾ ആവലാതിപ്പെട്ടിട്ടുണ്ട്.

നൗബഖ്തി പറയുന്നത് കേൾക്കുക: ''ഹുസൈൻ വധിക്കപ്പെട്ടപ്പോൾ അദേഹത്തിൻെറ അനുചരൻമാരിലെ ഒരു വിഭാഗം വന്ന് കൊണ്ട് പറഞ്ഞു: 'ഹസൻേറയും ഹുസൈനിൻേറയും പ്രവർത്തനം ഞങ്ങളിൽ അങ്കലാപ്പുണ്ടാക്കിയിരിക്കുന്നു. തന്നോടൊപ്പം ധാരാളം സഹായികളുണ്ടായിട്ടും, യുദ്ധം ചെയ്യാനുള്ള കഴിവു കേടു കൊണ്ടു മാത്രം മുആവിയയുമായി സമാധാനത്തിലേർപ്പെടാനും അയാൾക്ക് കീഴ്പ്പെടാനും നിന്ന ഹുസൈൻ ചെയ്തത് ശരിയായ നിലപാടാണെങ്കിൽ. കുറഞ്ഞ അനുയായികളുമായി യസീദിൻെറ ശക്തമായ സൈന്യത്തോട് യുദ്ധം ചെയ്ത് സകലരും വധിക്കപ്പെടേണ്ട അവസ്ഥിയിലേക്കെത്തിച്ച ഹുസൈനിൻെറ നിലപാട് തെറ്റും അനിവാര്യമല്ലാത്തതുമായിരുന്നു. എന്തു കൊണ്ടെന്നാൽ, മുആവിയയോട് സന്ധിയിലേർപ്പെട്ട ഹസനേക്കാളും, യസീദിനോട് സന്ധിയിലേർപ്പെടാനും യുദ്ധം ചെയ്യാതെ മാറിയിരിക്കാനും കൂടുതൽ വിവേകം കാട്ടേണ്ടിയിരുന്നത് അംഗബലമില്ലാത്ത ഹുസൈനായിരുന്നു. എന്നാൽ സ്വന്തം മകനും, അനുയായികളും വധിക്കപ്പെടാനിടയായ, യസീദിൻെറ സൈന്യവുമായുള്ള ഹുസൈനിൻെറ യുദ്ധമാണ് ശരിയായ നിലപാടെങ്കിൽ, വലിയ അംഗബലമുണ്ടായിട്ടും മുആവിയയുമായി യുദ്ധത്തിലേർപ്പെടാതെ സന്ധിയിലേർപ്പെട്ട ഹസൻെറ നിലപാടാണ് അക്ഷന്തവ്യമായ അപരാധം.' ഇവ്വിധം അവർ അവരുടെ ഇമാമത്തിനെ ചോദ്യം ചെയ്യുകയും, അവർക്കെതിരിൽ 'സാധാരണക്കാ'രോടൊപ്പം ചേർന്ന് സംസാരിക്കുകയും ചെയ്തു.'' (ഫിറക്വു ശ്ശീഅ, നൗബഖ്തി, പേ. 46, 47, നജഫ്)

(ജൂതൻമാർ തങ്ങളെ 'അല്ലാഹുവിൻെറ മക്കളും പ്രിയപ്പെട്ടവരും' എന്നാണ് സ്വയം പരിചയപ്പെടുത്താറ്. അവരല്ലാത്തവരെയെല്ലാം 'ഉമ്മിയ്യൂൻ അഥവാ നിരക്ഷരൻമാൻ' എന്നാണ് അവർ വിളിക്കാറ്. അതേ പോലെ ശീഇകൾ തങ്ങളെ സ്വയം പരിചയപ്പെടുത്താറുള്ളത് 'പ്രധാനികൾ' എന്നാണ്. അവരോട് വിയോജിക്കുന്ന അഹ്‌ലുസ്സുന്നയെ 'ഉവാം അഥവാ സാധാരണക്കാർ' എന്നാണ് വിളിക്കുക. ഇക്കാര്യത്തിൽ പോലും ജൂത ശീഈ ശൈലിപ്പൊരുത്തം!!)

വ്യാജമായ കുറേ മോഹനവാഗ്ദാനങ്ങൾ നൽകി തങ്ങളുടെ അനുയായികളെ ശീഇസത്തിൽ തന്നെ പിടിച്ചു നിർത്താൻ ഇമാമുകൾ കണ്ട മറ്റൊരു മാർഗം കൂടിയാണ് തക്വിയ്യ. കുലൈനി ഉദ്ധരിക്കുന്നു.

അലി ബ്ൻ യക്ത്വീൻ പറയുകയാണ്: "എന്നോട് അബുൽ ഹസൻ(അ) പറഞ്ഞു, 'നൂറു വർഷങ്ങളായി ശീഇസം വളരുന്നത് മോഹനവാഗ്ദാനങ്ങളിലാണ്.' യക്ത്വീൻ തന്റെ മകനായ അലിയോട് പറഞ്ഞു: 'നമ്മുടെ കാര്യം അത്ഭുതം തന്നെ. ഞങ്ങളോട് പറയപ്പെട്ടതെല്ലാം പുലർന്നിരിക്കുന്നു. എന്തേ നിങ്ങളോട് പറയപ്പെട്ടവ ഇപ്പോഴും സംഭവിച്ചിട്ടില്ല?' അലി പറഞ്ഞു: 'നിങ്ങൾക്കു നൽകിയ വാക്കുകൾ സംഭവിച്ചു. നിങ്ങൾക്കവ ലഭിച്ചു. ഞങ്ങളോട് നൽകിയ വാഗ്ദാനങ്ങൾ ഇനിയും നടന്നിട്ടില്ല. അതു കൊണ്ട് തന്നെ അവ അടുത്തു തന്നെ സംഭവിക്കും എന്ന പ്രതീക്ഷയിലാണ് ഞങ്ങൾ. ഏതെങ്കിലുമൊരു കാര്യം ഇരുനൂറോ മുന്നൂറോ വർഷങ്ങൾക്കു ശേഷമാണ് നിങ്ങൾക്ക് ലഭിക്കുക എന്നാണ് ഞങ്ങളോട് പറയപ്പെടുന്നതെങ്കിൽ, പലർക്കും മടുക്കും. അവർ ഇസ്‌ലാമിൽ നിന്നു തന്നെ ഒഴിഞ്ഞു പോകും. അതു കൊണ്ടാണ് ഇമാമുകൾ, 'ഹൊ, അതെത്ര സമീപസ്ഥം, ഹൊ, അതിതാ സംഭവിക്കാൻ പോകുന്നു' എന്നിങ്ങനെ പറഞ്ഞ് ആളുകളുടെ മനസിനെയും തൃഷ്ണയേയും മയപ്പെടുത്തി നിർത്തുന്നത്." (അൽകാഫീ ഫിൽ ഉസ്വൂൽ, പേ. 369)

നൗബഖ്തി ഉദ്ധരിക്കുന്നു. സുലൈമാൻ ബ്ൻ ജരീർ തന്റെ അനുയായികളോട് പറഞ്ഞു: "റാഫിളികളുടെ ഇമാമുകൾ തങ്ങളുടെ അനുയായികൾക്കായി രണ്ട് സിദ്ധാന്തങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്. ഒന്ന് 'ബിദാഅ്' (അഥവാ അല്ലാഹുവിന്റെ മറവി), രണ്ട്, 'തക്വിയ്യ' (അഥവാ കളവു പറയൽ). 'ബിദാഅ്' ഉപയോഗിക്കുന്നതിന് ഒരു സന്ദർഭമുണ്ട്. ശീഇകൾക്കിടയിൽ പ്രവാചകൻമാരുടെ സ്ഥാനം സ്വയം കയ്യേൽക്കുകയും, നടന്നതും നടക്കാനിരിക്കുന്ന കാര്യങ്ങളും സാധാരണക്കാരേക്കാൾ തങ്ങൾക്കാണ് അറിയുക എന്ന് പ്രഖ്യാപിക്കുകയും ചെയ്ത ശീഈ ഇമാമുകൾ, 'ഇതാ, ഇന്നത് ഇന്ന സമയത്ത് നടക്കും, ഇന്ന കാര്യങ്ങൾ അടുത്ത നാൾ സംഭവിക്കും' എന്നിങ്ങനെ തങ്ങളുടെ അനുയായികളോട് പറയാറുണ്ട്. അക്കാര്യങ്ങളിൽ നിന്ന് വല്ലതും യാദൃശ്ചികമായി പുലർന്നാൽ അവർ പറയും: 'ഇത് സംഭവിക്കുമെന്ന് ഞങ്ങൾ മുമ്പേ പറഞ്ഞിരുന്നില്ലേ? അമ്പിയാക്കൻമാരെ പോലെ അല്ലാഹുവിൽ നിന്ന് ഞങ്ങൾക്കും അറിവു കിട്ടുന്നുണ്ട്. അല്ലാഹുവിൽ നിന്ന് അമ്പിയാക്കൻമാർക്ക് അറിവു ലഭിക്കാനുണ്ടായിരുന്ന അതേ മാധ്യമം അവനും ഞങ്ങൾക്കുമിടയിലും നിലനിൽക്കുന്നുണ്ട്.' എന്നാൽ, അവർ പറഞ്ഞ കാര്യങ്ങൾ പറഞ്ഞ സമയത്ത് നടക്കുന്നില്ല എന്നു കണ്ടാൽ അവർ പറയും: 'ഓ, അത് അല്ലാഹുവിന് മറവി സംഭവിച്ചതാണ്.' 'തക്വിയ്യ' കാണിക്കാനും ഒരു സന്ദർഭമുണ്ട്. ഓരോ കാലത്തെ ഇമാമുകളും ഓരോ സന്ദർഭങ്ങളിൽ ഓരോ മതവിധികൾ നൽകും. ഒരൊറ്റ വിഷയത്തിൽ തന്നെ ഓരോരുത്തരും വ്യത്യസ്തവും വിരുദ്ധവുമായ ഉത്തരങ്ങൾ നൽകാറുണ്ട്. ഒരു പ്രശ്നത്തിന് കഴിഞ്ഞു പോയ ഇമാം നൽകിയ മറുപടിയെന്താണെന്ന് അറിയാത്ത, പിന്നീടു വരുന്ന ഇമാം അയാൾക്ക് തോന്നിയ ഉത്തരമാണ് നൽകുക. ഒരു ചോദ്യത്തിന് ഒരു സന്ദർഭത്തിൽ പറഞ്ഞ ഉത്തരമായിരിക്കില്ല മറ്റൊരു സന്ദർഭത്തിൽ അതേ ചോദ്യത്തിന് നൽകുക. ഈയവസ്ഥയിൽ അനുയായികൾ ചോദിച്ചു പോകും: 'ഒരു വിഷയത്തിൽ തന്നെ ഇങ്ങനെ വ്യത്യസ്താഭിപ്രായങ്ങൾ എന്തു കൊണ്ടാണ് സംഭവിക്കുന്നത്? ഏത് നിലക്കാണ് ഇത് അനുവദനീയമാകുക?

അപ്പോൾ ഇമാമുകൾ പറയുന്ന മറുപടി: 'അങ്ങനെ ഞങ്ങൾ ഉത്തരം നൽകാൻ കാരണം തക്വിയ്യയുടെ ഭാഗമായിട്ടാണ്. ഞങ്ങൾക്ക് എങ്ങനെ വേണമെങ്കിലും നിങ്ങൾക്കുള്ള ഫത്വ നൽകാം. അതിനുള്ള അവകാശം ഞങ്ങൾക്കുണ്ടല്ലോ? നിങ്ങളുടെ ജീവിതത്തിന് ഉപയുക്തമായവയേതാണ്, നിങ്ങളിൽ എന്നെന്നും നിലനിൽക്കേണ്ട സംഗതി എന്താണ്, നമ്മുടെ ശത്രുക്കളെ നമുക്കെങ്ങനെ പ്രതിരോധിക്കാം, എപ്പോഴാണ് ആ ശത്രുക്കൾക്ക് നമ്മൾ പറയുന്ന കാര്യങ്ങളിൽ നുണയേതാണ് സത്യമേതാണ് എന്നറിയാൻ കഴിയുക തുടങ്ങിയവയൊക്കെ ഞങ്ങൾക്കാണ് കൂടുതൽ അറിയുക.' ഈ വാദത്തിന്റെ അടിസ്ഥാനത്തിലാണ് അബൂ ജഅ്ഫറിന്റെ അനുയായികളിൽ നിന്നൊരു വിഭാഗം ഇതിനോട് താത്പര്യം പ്രകടിപ്പിച്ചതും ജഅ്ഫറിന്റെ ഇമാമത്തിൽ നിന്ന് ഒഴിവായതും." (ഫിറക്വുശ്ശീഅ, നൗബഖ്തി, പേ. 85 – 8, നജഫ്)

'തക്വിയ്യ' വിശ്വാസത്തിന്റെ ഭാഗമായി നിലനിർത്താൻ ശീഈകളെ പ്രേരിപ്പിക്കുന്ന മറ്റൊരു കാര്യം കൂടിയുണ്ട്. ശീഈകളുടെ ഇമാമുകൾ പ്രവാചകന്റെ സ്വഹാബികളെ വാഴ്ത്തിപ്പറഞ്ഞിട്ടുണ്ട്.

അവരുടെ മഹത്വത്തെയും, നന്മകളിലേക്ക് അവർ ആദ്യം വന്നെത്തിയതിനേയും അവർ പുകഴ്ത്തിയിട്ടുണ്ട്. അവരുടെ ഖിലാഫത്തിനേയും നേതൃത്വത്തേയും അവർ അംഗീകരിച്ചിട്ടുണ്ട്. അലിയും കുടുംബവും അവർക്ക് ബൈഅത്ത് ചെയ്തിട്ടുണ്ട്. തങ്ങളുടെ പെൺമക്കളെ അവർക്ക് വിവാഹം കഴിച്ചു കൊടുത്തിട്ടുണ്ട്. അവരുമായി നല്ല ബന്ധം നിലനിർത്തുകയും അവരെ ചീത്ത പറയുന്നവരുമായി ഞങ്ങൾക്ക് ബന്ധമില്ലെന്ന് പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. ഈ വസ്തുതകൾ മനസിലാക്കിയ ശീഈ പ്രഭൃതികൾ അകലാപ്പിലാവുക സ്വാഭാവികമാണ്. കാരണം പ്രവാചക സ്വഹാബത്തിനെ തള്ളിപ്പറഞ്ഞും, അവരോട് സ്നേഹം കാണിക്കുന്നവരോട് ശത്രുത പുലർത്തിയുമാണ് തങ്ങളുടെ മതം നിലനിൽക്കുന്നതു തന്നെ. അഹ്ലുൽ ബൈത്തിനോട് കൂറും സ്നേഹവും പ്രകടിപ്പിച്ചു കൊണ്ടാണ് ജീവിച്ചു പോകുന്നത്. ഈ സന്നിഗ്ദഘട്ടം തരണം ചെയ്യാൻ എന്തുണ്ട് വഴി? അവർ ആലോചിച്ചു. ഒരേ ഒരുവഴിയേ അതിന്നവർ കണ്ടുള്ളൂ, അവർ പ്രഖ്യാപിച്ചു: "ഇമാമുകൾ അവരെപ്പറ്റി നല്ലതു പറഞ്ഞതു മുഴുവൻ നുണയായിട്ടാണ്, അഥവാ തഖിയ്യ. സത്യത്തിൽ അവരുടെ മനസിലുണ്ടായിരുന്നത് നേർ വപരീതമാണ്."

# ഇമാമുകളും സ്വഹാബത്തും

മഹാൻമാരായ പ്രവാചക സ്വഹാബത്തിനെപ്പറ്റി നല്ലതു പറഞ്ഞവരാണ് ഇമാമുകൾ എന്ന് മുകളിൽ നാം പറയുകയുണ്ടായി. അവയിൽ നിന്ന് ചില ഉദാഹരണങ്ങളാണ് താഴെ.

നാലാം ഖലീഫ, ശീഇകൾ തങ്ങളുടെ ഒന്നാമത്തെ ഇമാമായി എണ്ണുന്ന അലി ബ്ൻ അബീത്വാലിബ് (റ) സ്വഹാബികളെപ്പറ്റി പറഞ്ഞു: "പ്രവാചകൻെറ സ്വഹാബികളെ നേരിട്ടു കണ്ടവനാണ് ഞാൻ. അവരെപ്പോലെ ഒരാളെയും നിങ്ങളിൽ ഞാൻകണ്ടിട്ടില്ല. അവർ ദരിദ്രരായിരുന്നു. പാതിരാവിൽ സുജൂദിലും നമസ്കാരത്തിലും കഴിഞ്ഞു കൂടിയവർ. തങ്ങളുടെ മടക്കത്തെയോർത്ത് തീക്കട്ടമേൽ നിൽക്കുന്നവണ്ണം അസ്വസ്ഥരായവർ. ദീർഘദീർഘം സുജൂദ് ചെയ്തതിനാൽ അവരുടെ നെറ്റിത്തടത്തിൽ നീണ്ട പാടുകൾ കാണാമായിരുന്നു. അല്ലാഹുവിനെ ഓർക്കുമ്പോഴെല്ലാം അവരുടെ കണ്ണുകൾ നിറഞ്ഞൊഴുകും. അവരുടെ മാറുകൾ കണ്ണീര് കൊണ്ട് നനഞ്ഞൊട്ടും. അല്ലാഹുവിൻെറ ശിക്ഷയെ ഭയന്നും അവൻെറ പ്രതിഫലത്തെ കൊതിച്ചും, കാറ്റിലാടുന്ന മരം കണക്കെ അവർ വിറകൊള്ളും." (നഹ്ജുൽ ബലാഗ, പേ. 143, ബെയ്റൂത്, 1387 ഹി.)

അബൂ ബക്കറി(റ)നേയും ഉമറി(റ)നേയും പറ്റി അലി(റ) പറഞ്ഞു: "ഇസ്ലാമിലെ ഏറ്റവും ശ്രേഷ്ഠർ, അല്ലാഹുവിനോടും അവൻെറ റസൂലിനോടും ഏറ്റവും കൂടുതൽ കൂറുള്ളവർ, എൻെറ വീക്ഷണത്തിൽ, ഖലീഫ സിദ്ദീഖ്വാണ്, ഖലീഫ സിദ്ദീഖ്വിൻെറ ഖലീഫയായ ഉമറാണ്. സത്യം, ഇസ്ലാമിൽ അവർ രണ്ടു പേർക്കുമുള്ള സ്ഥാനം മഹിതമാണ്. അവർ രണ്ടുപേരേയും ആക്രമിക്കുന്നവൻ ഇസ്ലാമിലെ ഏറ്റവും മാരകമായ മുറിവാണ്. അവർ പ്രവർത്തിച്ച നന്മകൾക്ക് അല്ലാഹു കരുണ ചൊരിയട്ടെ." (ശറഹു നഹ്ജുൽ ബലാഗ, അൽ മയ്സം, വാ. 1, പേ. 31, ടഹ്റാൻ)

ശീഇകളുടെ ആറാമത്തെ ഇമാമായ അബൂ അബ്ദില്ല അബൂബക്കറി(റ)നേയും ഉമറി(റ)നേയും അംഗീകരിക്കാൻ ആവശ്യപ്പെട്ടിരുന്നുവെന്ന് രേഖപ്പെട്ടു കിടപ്പുണ്ട്. കുലൈനി, അബൂ ബസ്വീറിൽ നിന്നും ഉദ്ധരിക്കുന്നു: "ഞാൻ അബൂ അബ്ദില്ലയുടെ കൂടെ ഇരിക്കുകയായിരുന്നു. അപ്പോഴാണ് ഉമ്മു ഖാലിദ് അദ്ദേഹത്തെ കാണാൻ അനുവാദം ചോദിച്ചു കൊണ്ട് വന്നത്. അബൂ അബ്ദില്ല എന്നോട് ചോദിച്ചു: 'നിനക്ക് ഇവരുടെ സംസാരം കേൾക്കണമൊ?' ഞാൻ പറഞ്ഞു: 'അതെ'. അങ്ങനെ ആ സ്ത്രീക്ക് അദ്ദേഹം അനുമതി നൽകുകയും എന്നെ അദ്ദേഹത്തിനരികിലായി ഒരു തലയിണയിൽ ഇരുത്തുകയും ചെയ്തു. ആ സ്ത്രീ ഒരുപാട് സംസാരിച്ചു. സാഹിത്യ സമ്പുഷ്ടമായ സംസാരം. അവസാനം അവൾ അബൂ അബ്ദില്ലയോട് ചോദിച്ചു: 'അബൂബക്കർ ഉമർ എന്നിവരെപ്പറ്റി താങ്കൾ എന്തു പറയുന്നു?' അദ്ദേഹം പറഞ്ഞു: 'അവർ രണ്ടു പേരേയും നീ

അംഗീകരിക്കണം.' അവൾ പറഞ്ഞു: 'അവർ രണ്ടു പേരേയും അംഗീകരിക്കണമെന്ന് താങ്കളെന്നോട് കൽപിച്ചതായി എൻെറ റബ്ബിനെ കണ്ടുമുട്ടുന്ന വേളയിൽ ഞാനവനോട് പറയും.' 'അതെ, തീർച്ചയായും' അദ്ദേഹം അതിന് മറുപടി നൽകി. (കിതാബുർറൗദ്വ, കുലൈനി, പേ. 29, ഇന്ത്യ)

ജഅ്ഫറിൻെറ പിതാവ് മുഹമ്മദ് ബാക്വിറും മഹാനായ അബൂബക്കർ സിദ്ധീക്വിനെ പുകഴത്തി പ്പറഞ്ഞിട്ടുണ്ട്. അലി ബ്ൻ ഈസ അർദബീലി എന്ന പ്രമുഖ ശീഈ പണ്ഡിതൻ 'കശ്ഫുൽ ഗുമ്മ ഫീ മഅ്രിഫത്തിൽ അഇമ്മ' എന്ന തൻെറ ഗ്രന്ഥത്തിൽ അത് രേഖപ്പെടുത്തിയത് ഇങ്ങനെ വായി ക്കാം. 'ഒരാൾ അബൂ ജഅ്ഫർ മുഹമ്മദ് അൽ ബാക്വിറിനെ സമീപിച്ചു കൊണ്ട്, 'എനിക്ക് എൻെറ വാളിൽ സ്വർണ്ണം കൊണ്ടലങ്കരിക്കാമൊ' എന്ന് ചോദിച്ചു. അദ്ദേഹം പറഞ്ഞു: 'തീർച്ചയായും, അബൂബക്കർ സിദ്ധീക്വ് അദ്ദേഹത്തിൻെറ വാൾ വെള്ളികൊണ്ട് അലങ്കരിച്ചിരുന്നു.' അപ്പോൾ ചോദ്യകർത്താവ് അതിശയത്തോടെ ചോദിച്ചു: 'അബൂബക്കറിനെ സിദ്ധീക്വ് എന്നാണൊ താങ്കൾ പറയുന്നത്?' അപ്പോൾ അദ്ദേഹം തൻെറ ഇരിപ്പിടത്തിൽ നിന്നും ചാടിയെഴുന്നേറ്റു കൊണ്ടു പറഞ്ഞു: 'അതെ, സിദ്ധീക്വ് തന്നെ, സിദ്ധീക്വ്. അദ്ദേഹത്തെ സിദ്ധീക്വ് എന്ന് ആര് പറയുന്നി ല്ലയൊ, ദുനിയാവിലും ആഖിറത്തിലും അവൻെറ വാക്കുകളെ അല്ലാഹു സത്യപ്പെടുത്താതിരിക്കട്ടെ." (കശ്ഫുൽ ഗുമ്മ ഫീ മഅ്രിഫത്തിൽ അഇമ്മ, അർദബീലി)

അതെ, അബൂബക്കർ സിദ്ധീക്വിൻെറ ശ്രേഷ്ഠപദവിയെപ്പറ്റി ഏവർക്കും അറിയാം. ആരാലും അംഗീകരിക്കപ്പെട്ട ആ വസ്തുതക്ക് വിശുദ്ധ ക്വുർആനിലെ ആയത്തുകൾ തന്നെ സാക്ഷിയാണ്. അല്ലാഹു പറയുന്നു: "ആർ അല്ലാഹുവെയും അവന്റെ ദൂതനെയും അനുസരിക്കുന്നുവോ അവർ അല്ലാഹു അനുഗ്രഹിച്ചവരായ പ്രവാചകൻമാർ, സത്യസന്ധൻമാർ, രക്തസാക്ഷികൾ, സച്ചരിതൻമാർ എന്നിവരോടൊപ്പമായിരിക്കും. അവർ എത്ര നല്ല കൂട്ടുകാർ!" (നിസാഅ്: 69)

# ഇമാമുകളും ആദ്യ മൂന്നു ഖലീഫമാരും

ശീഇകൾ തങ്ങളുടെ നേതാക്കളായി കണക്കാക്കി വരുന്ന ഇമാമുകൾ ഇസ്ലാമിൻെറ ആദ്യ മൂന്ന് ഖലീഫമാരേയും അംഗീകരിക്കുകയും അവരെ സംബന്ധിച്ച് നല്ലത് പറയുകയും ചെയ്തിട്ടുണ്ട്. ശീഈ ഗ്രന്ഥങ്ങൾ തന്നെ അതിന് സാഷിയാണ്. മഹാനായ അലി(റ)യും മക്കളും അബൂബക്കറി (റ)ൻേറയും ഉമറി(റ)ൻേറയും ഭരണാധികാരത്തെ ഉൾക്കൊണ്ടവരായിരുന്നു. അലി(റ) അവർ രണ്ടു പേരുടേയും ഉപദേഷ്ടാവായി വർത്തിക്കുകയും ചെയ്തിട്ടുണ്ട്. ഒരിക്കലദ്ദേഹം പറഞ്ഞു: "അല്ലാഹുവാണ, അദ്ദേഹം (അബൂബക്കർ) ധീരനായിരുന്നു. സകല വളവുകളും അയാൾ തീർത്തു. മുഴുവൻ തൂണുകളും നന്നാക്കി. ആലസ്യങ്ങളെ തട്ടിയുണർത്തി. കുഴപ്പങ്ങളെ മുഴുവൻ വരുതിയി ലാക്കി. ശുദ്ധവസ്ത്രവുമായാണദ്ദേഹം വിടപറഞ്ഞത്. പോരായ്മകളധികമില്ലാതെ. അദ്ദേഹം നന്മകളെ ഉൾക്കൊള്ളുകയും തിന്മകളെ അതിജയിക്കുകയും ചെയ്തു. അല്ലാഹുവിനോടുള്ള അനുസരണം അദ്ദേഹം കൃത്യമായി നിറവേറ്റി. അവനോടുള്ള ബാധ്യതകളിൽ യഥാവിധി സൂക്ഷ്മതകാണിച്ചു." (നഹ്ജുൽ ബലാഗ, പേ. 350)

റോമക്കാരുമായുള്ള യുദ്ധത്തിന് സൈന്യത്തോടൊപ്പം പോകുന്നതു സംബന്ധിച്ച് താനുമായി കൂടിയാലോചന നടത്തിയ ഉമറി(റ)നോട് അലി(റ) പറഞ്ഞു: 'താങ്കളും സൈനികരോടൊപ്പം പോവുകയും ശത്രുക്കളുമായേറ്റുമുട്ടുകയും ചെയ്യുകയാണെങ്കിൽ താങ്കൾക്കത് കൂടുതൽ ഭാരം നൽകുകയാണ് ചെയ്യുക. അവരുടെ രാജ്യത്തിൻെറ അടുത്തുണ്ടായിട്ടു പോലും മുസ്ലിംകൾക്ക് സഹായവുമായി നിലകൊള്ളാൻ താങ്കൾക്ക് കഴിയാതെ വരും. അതിനാൽ അവരിലേക്ക് പരിചയ സമ്പന്നനായ മറ്റൊരാളെ പറഞ്ഞയക്കുന്നതാണ് നല്ലത്. അദ്ദേഹത്തോടൊപ്പം ധീരരും ഉപദേഷ്ടാക്കളുമായ ചിലരേയും അയച്ചു കൊടുക്കുക. അല്ലാഹു വിജയം നൽകുകയാണെങ്കിൽ അത് താങ്കൾ ഉദ്ദേശിച്ചതു പോലെത്തന്നെ നടന്നെന്ന് സന്തോഷിക്കാം. മറിച്ചാണെങ്കിൽ, മുസ്ലി

ംകൾ ആശ്രയവും സഹായവുമായി നിലകൊള്ളാനെങ്കിലും താങ്കൾക്കാകുമല്ലൊ.'' (നഹ്ജുൽ ബലാഗ, 193, ബെയ്റൂത്ത്)

പേർഷ്യൻ സൈന്യത്തോട് യുദ്ധം ചെയ്യാൻ ആരെയൊക്കെ അയക്കണം എന്നതു സംബന്ധിച്ച് തന്നോട് കൂടിയാലോചന നടത്തിയ ഉമർ ബ്ൻ അൽ ഖത്വാബി(റ)നോട് അലി ബ്ൻ അബീത്വാലിബ്(റ) പറഞ്ഞു: "ഈ മതത്തിൻെറ വിജയം അനുയായികളുടെ ആധിക്യത്തേയൊ കുറവിനേയോ ആസ്പദിച്ചല്ല നിലകൊള്ളുന്നത്. ഈ ദീൻ സകല മതങ്ങൾക്കു മീതേയും അല്ലാഹു അതിജയിപ്പിച്ച ദീനാണ്. അവൻ തയ്യാറാക്കുകയും സഹായിക്കുകയും ചെയ്ത സൈന്യമാണ് ഇതിൻേറത്. വിജയിക്കേണ്ടിടത്തോളം ഈ മതം വിജയിക്കുക തന്നെ ചെയ്യും. ഉദിക്കേണ്ടിടങ്ങളിലെല്ലാം ഇത് ഉദിച്ചുയരും. അല്ലാഹുവിൻെറ വാഗ്ദാനത്തിലുള്ള പ്രതീക്ഷയിലാണ് നാമെപ്പോഴും. അവൻ തൻെറ വാക്ക് പാലിക്കുക തന്നെ ചെയ്യും. അവൻെറ സൈന്യത്തെ സഹായിക്കുകയും ചെയ്യും. ഒരു ഭരണാധികാരി മുത്തമണികളെ ഒന്നിച്ചു നിർത്തുന്ന പാശം പോലെയാണ്. പാശമറ്റാൽ, വീണ്ടും ഒന്നിച്ചു ചേർക്കാൻ പറ്റാത്തവിധം അതിലെ മണികൾ ചിതറിപ്പോകും. ഇന്ന് അറബികൾ കുറവായിരിക്കാം. പക്ഷെ, അവർ ഇസ്ലാം കൊണ്ട് സമൃദ്ധരാണ്. ഐക്യം കൊണ്ട് ശക്തരാണ്. അതിനാൽ താങ്കൾ അച്ചുതണ്ടായി വർത്തിക്കുക. താങ്കൾക്കും ചുറ്റും അറബികൾ ആസുകല്ലു കറക്കട്ടെ. യുദ്ധാഗ്നി അവരിലൂടെ ആളട്ടെ. താങ്കൾ ഈ മണ്ണിൽ നിന്ന് പോവുകയാണെങ്കിൽ അറബികൾ നാലുപാടുനിന്നും താങ്കളെ പിടിച്ചു കുലുക്കും. താങ്കൾ ഇവിടെ വിട്ടേച്ചു പോകുന്ന ഉത്തരവാദിത്തങ്ങളാണ് താങ്കളുടെ മുന്നിലുള്ള എന്തിനേക്കാളും സുപ്രധാനം എന്നറിയുക "

''താങ്കളെ നോക്കി അനറബികൾ പറയുന്നത്: 'ഇതാ, ഇത് അറബീ തറവാടിയാണ്. നിങ്ങൾക്ക് അവനെ തകർക്കാനായാൽ നിങ്ങൾ സ്വസ്ഥരായി' എന്നാണ്. അഥവാ താങ്കളെ അത്രകണ്ട് അവർക്ക് ആവശ്യമുണ്ടെന്നർത്ഥം. അങ്ങനെ സംഭവിക്കുന്നുവെങ്കിൽ അത് വല്ലാത്തൊരു സംഭവം തന്നെയാകും... പിന്നെ, അവർ അംഗബലമുള്ളവരാണെന്ന് താങ്കൾ പറഞ്ഞല്ലൊ. അറിയുക. കഴിഞ്ഞ യുദ്ധങ്ങളൊന്നും നമ്മുടെ അംഗബാഹുല്യം കൊണ്ടല്ല നാം നടത്തിയത്. അല്ലാഹുവിൽ നിന്നുള്ള സഹായവും അവൻെറ തന്നെ അനുഗ്രഹവും കൊണ്ടാണ്.'' (നഹ്ജുൽ ബലാഗ പേ 203, 204, ബൈറൂത്ത്)

ഉസ്മാനി(റ)നെപ്പറ്റി ആളുകൾ വന്ന് തന്നോട് ആവലാതി പറഞ്ഞപ്പോൾ അദ്ദേഹത്തെ സമീപിച്ചു കൊണ്ട് അലി(റ) പറഞ്ഞു: ''താങ്കൾക്കും ആളുകൾക്കുമിടയിലുള്ള പ്രശ്നത്തിൽ അവരുടെ ഭാഗത്തു നിൽക്കാൻ ആവശ്യപ്പെട്ടു കൊണ്ട് ജനങ്ങൾ എൻെറ പിറകെ കൂടിയിരിക്കുകയാണ്. അല്ലാഹുവാണ, താങ്കളോട് എന്തു പറയണം എന്നെനിക്കറിയുന്നില്ല. താങ്കൾക്കറിയാത്ത ഒന്നും എനിക്കറിഞ്ഞു കൂടാ. പുതിയതായെന്തെങ്കിലും താങ്കളെ പഠിപ്പിക്കണമെന്നുമില്ല. ഞങ്ങൾക്കറിയുന്നതെല്ലാം താങ്കൾക്കുമറിയാം. ഏതൊരു കാര്യത്തിന് മുന്നിടുമ്പോഴും അത് താങ്കളെ ഞങ്ങൾ ബോധ്യപ്പെടുത്താതിരുന്നിട്ടില്ല. ഏതൊരു പ്രവർത്തനത്തിൽ നിന്ന് വിരമിച്ചാലും ഞങ്ങൾ താങ്കളെയത് അറിയിക്കാതിരുന്നിട്ടുമില്ല. പ്രവാചകനിൽ നിന്ന് ഞങ്ങൾ കണ്ടതുപോലെയും കേട്ടതു പോലെയും തന്നെയാണ് താങ്കളും കാണുകയും കേൾക്കുകയും ചെയ്തിട്ടുള്ളത്. ഞങ്ങളെപ്പോലെത്തന്നെയാണ് നബിതിരുമേനി(സ്വ)യോടൊപ്പം താങ്കളും സഹവസിച്ചിട്ടുണ്ടായിരുന്നത്. ബാധ്യതാ നിർവഹണത്തിന് ഇബ്നു അബീ ക്വുഹാഫയും, ഇബ്നുൽ ഖത്വാബും താങ്കളേക്കാൾ പ്രധാനികളല്ല. അവരേക്കാൾ പ്രവാചനോട് ഏറ്റവും സമീപസ്ഥനായിരുന്നത് താങ്കളായിരുന്നു. തിരുമേനിയുടെ മരുമകനാവുക വഴി അവർ രണ്ടുപേർക്കും ലഭിക്കാത്ത സ്ഥാനം  താങ്കൾക്ക് ലഭിച്ചിട്ടുണ്ട്.'' (നഹ്ജുൽ ബലാഗ പേ 234, ബൈറൂത്ത്)

ആദ്യ മൂന്ന് ഖലീഫമാരുടേയും ഖിലാഫത്തിനെ അനുമോദിച്ചു കൊണ്ട് അലി(റ) പറഞ്ഞു: ''ജനങ്ങൾ എനിക്ക് ബൈഅത്ത് ചെയ്തിരിക്കുന്നത്, അവർ അബൂബക്കറിനും, ഉമറിനും, ഉസ്മാനിനും ബൈഅത്ത് ചെയ്ത അതേ പ്രകാരം തന്നെയാണ്. സാക്ഷിയായവന്ന് സംശയിക്കാനൊ സന്നിഹിതനാകാത്തവന്ന് തള്ളിക്കളയാനൊ പറ്റാത്തവിധം വ്യക്തമാണാ കാര്യം. കാര്യങ്ങൾ മുഹാജിറുകളും അൻസ്വാറുകളുമായിട്ടാണ് കൂടിയാലോചന നടത്തേണ്ടത്. അവർ

ഒരാളെ അഭിപ്രായപ്പെടുകയും, അദ്ദേഹത്തെ തങ്ങളുടെ ഇമാമായി പ്രഖ്യാപിക്കുകയും ചെയ്താൽ, അതാണ് അല്ലാഹുവിൻെറ തൃപ്തി. അവരുടെ തീരുമാനത്തിൽ നിന്ന് ആക്ഷേപം പറഞ്ഞ് പുറത്തു പോകുന്നവനെ, പുറത്തേക്കുള്ള വഴിയിലേക്കു തന്നെ ആട്ടിവിടുക. അതിനവൻ വിസമ്മതിക്കുന്നുവെങ്കിൽ, വിശ്വാസികളുടേതല്ലാത്ത വഴിസ്വീകരിച്ച അവനോട് നിങ്ങൾ യുദ്ധം ചെയ്യുക. അല്ലാഹു അവനെ തിരിഞ്ഞേടത്തേക്കു തന്നെ തിരിച്ചു വിടും.'' (നഹ്ജുൽ ബലാഗ, പേ 366, 367, ബൈറൂത്ത്)

യാതൊരു അവ്യക്തതക്കും സാധ്യതയില്ലാത്തവിധം സത്യം വ്യക്തമാക്കുന്ന ഒരു പ്രസ്താവനയുണ്ട്. ശീഈ മുഫസ്സിറും, പ്രമുഖനുമായ അലി ബ്ൻ ഇബ്റാഹീമുൽ ക്വുമ്മി ''ഓ; നബീ, നീയെന്തിനാണ് ന അല്ലാഹു അനുവദിച്ചു തന്നത് നിഷിദ്ധമാക്കുന്നത്?'' (തഹ്രീം: 1) എന്ന ആയത്ത് വിശദീകരിക്കുന്നിടത്ത് അത് രേഖപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹം പറയുന്നു: ''നബി(സ്വ) ഹഫ്സയോട് ഒരു ദിവസം പറയുകയുണ്ടായി: 'ഞാൻ നിനക്കൊരു രഹസ്യം പറഞ്ഞു തരട്ടെ?' അവർ പറഞ്ഞു: 'അതെ' അപ്പോൾ നബി(സ്വ) പറഞ്ഞു: 'എനിക്കു ശേഷം അബൂബക്കർ ഖലീഫ യായി വരും, അതിനു ശേഷം നിൻെറ പിതാവ് ഉമറായിരിക്കും ഖലീഫയാകുക.' അവർ ചോദിച്ചു: 'ആരാണ് താങ്കൾക്കിത് അറിയിച്ചു തന്നത്?' 'അല്ലാഹുവാണ് എനിക്കിത് അറിയിച്ചു തന്നത്' തിരുമേനി(സ്വ) പ്രതിവചിച്ചു.'' (തഫ്സീറുൽ ക്വുമ്മി, വാ. 2, പേ. 376, നജഫ്, 1387)

ഉസ്മാൻ(റ)ൻെറ വധത്തിന് ശേഷം ജനങ്ങൾ തനിക്ക് ബൈഅത്ത് ചെയ്യാൻ മുതിർന്നപ്പോൾ അലി(റ) അവരോട് പറഞ്ഞു: 'നിങ്ങൾ എന്നെ വിടുക, വേറൊരാളെ അന്വേഷിക്കുക... ഞാനല്ലാത്ത വേറൊരാളെ ഭരണാധികാരിയായി നിങ്ങൾ തെരഞ്ഞെടുക്കുന്നുവെങ്കിൽ നിങ്ങളിലൊരാളായി ഞാനും അദ്ദേഹത്തെ കേട്ടും അനുസരിച്ചും നിലകൊള്ളും. നിങ്ങളുടെ അമീറാവുക എന്നതിനേക്കാൾ ഞാൻ നിങ്ങളുടെ വസീറാകുന്നതാണ് ഏറ്റവും അനുയോജ്യം.'' (നഹ്ജുൽ ബലാഗ, പേ. 136, ബെയ്റൂത്ത്)

# ഉമറു(റ)മായുള്ള ഉമ്മുകുൽസൂമിന്റെ വിവാഹം

അലി(റ)യും ആദ്യ മൂന്ന് ഖലീഫമാരും തമ്മിൽ ബലിഷ്ഠമായ ബന്ധമുണ്ടായിരുന്നുവെന്നതിനുള്ള ഏറ്റവും യുക്തമായ ഉദാഹരണമാണ്, അലി(റ) ഫാത്വിമ(റ)യിലുണ്ടായ തൻെറ മകൾ ഉമ്മു കൽസൂമിനെ ഉമറി(റ)ന് വിവാഹം കഴിച്ചു കൊടുത്തു എന്നത്. അതെ, പ്രവാചകൻെറ ഖലീഫയായ അമീറുൽ മുഅ്മിനീൻ ഉമറുൽ ഫാറൂക്വി(റ)നു തന്നെ. ഈ വിവാഹത്തെ ശീഈ മുഹദ്ദിസുകളും മുഫസ്സിറുകളും 'മഅ്സൂ'മുകളായ ഇമാമുകളും ശരിവെച്ചിട്ടുള്ളതാണ്. കുലൈനി ഉദ്ധരിക്കട്ടെ. മുആവിയത്തു ബ്നു അമ്മാർ, അബൂ അബ്ദില്ലയിൽ നിന്ന് നിവേദനം. ''ഭർത്താവു മരിച്ച സ്ത്രീ അവളുടെ വീട്ടിലാണൊ ഇദ്ദ ഇരിക്കേണ്ടത്? അതല്ല അവൾക്ക് ഇഷ്ടമുള്ളിടത്ത് താമസിക്കാമൊ? എന്ന് ഞാൻ അബൂഅബ്ദില്ലയോട് ചോദിച്ചു. അദ്ദേഹം പറഞ്ഞു: അവൾക്ക് ഇഷ്ടമുള്ളിടത്ത് ഇരിക്കാം. ഉമർ മരണപ്പെട്ടപ്പോൾ അലി(റ) ഉമ്മു കൽസൂമിനെ വീട്ടിലേക്ക് കൂട്ടിക്കൊണ്ടു പോവുകയാണ് ചെയ്തത്.'' (അൽ കാഫീ ഫിൽ ഫുറൂഅ്, വാ. 2, പേ. 211, ഇന്ത്യ)

അബൂജഅ്ഫർ അത്ത്വൂസീ തൻെറ 'തഹ്ദീബുൽ അഹ്കാം' എന്ന കൃതിയിൽ 'സ്ത്രീകളുടെ ഇദ്ദ' എന്ന അധ്യായത്തിലും, അൽ അബ്സ്വാർ എന്ന കൃതിയിലും (വാ. 2, പേ. 185) ഇതേ നിവേദനം രേഖപ്പെടുത്തിയിട്ടുണ്ട്.

ജഅ്ഫർ അദ്ദേഹത്തിൻെറ പിതാവിൽ നിന്നുമുദ്ധരിച്ച ഒരു നിവേദനം അത്ത്വൂസി എഴുതുന്നു: ''അലിയുടെ പുത്രി ഉമ്മുകൽസൂമും അവരുടെ മകൻ സൈദ് ബ്ൻ ഉമറുൽ ഖത്വാബും ഒരേ സമയത്താണ് മരണപ്പെട്ടത്. പക്ഷെ ആരാണ് ആദ്യം മരിച്ചത് എന്ന് അറിയില്ല. അവരിൽ ഒരാൾ

മറ്റൊരാളിൽ നിന്ന് അനന്തമെടുത്തിരുന്നില്ല. അവർക്ക് രണ്ടുപേർക്കും ഒന്നിച്ചാണ് മയ്യിത്ത് നമസ്കരിച്ചത്.'' (തഹ്ദീബുൽ അഹ്കാം, അത്തൂസി, വാ. 2, പേ. 380, ടഹ്റാൻ)

മുഹമ്മദ് ബ്ൻ അലി അൽ മാസൻദറാനി പറയുന്നു: ''ഫാത്വിമ(അ)യിൽ നിന്ന് ഹസൻ, ഹുസൈൻ, മുഹ്സിൻ, സൈനുബുൽ കുബ്റ, ഉമ്മു കൽസൂമുൽ കുബ്റ എന്നിവർ ജനിച്ചു. ഉമ്മു കൽസൂമിനെ ഉമർ വിവാഹം കഴിക്കുകയുണ്ടായി.'' (മനാക്വിബു ആലി അബീ ത്വാലിബ്, വാ. 3, പേ. 162, ഇന്ത്യ)

സൈനുദ്ദീനുൽ ആമിലി എഴുതുന്നു: ''നബി(സ്വ) തന്റെ പുത്രിയെ ഉസ്മാന് വിവാഹം ചെയ്ത് കൊടുത്തു. തന്റെ പുത്രി സൈനബിനെ അബുൽ ആസ്വിനാണ് വിവാഹം കഴിച്ചു കൊടുത്തിരുന്നത്. അവർ രണ്ടു പേരും ബനൂ ഹാശിം ഗോത്രക്കാരല്ല. അതേ പോലെ അലി തന്റെ മകൾ ഉമ്മു കൽസൂമിനെ ഉമറിന് വിവാഹം കഴിച്ചു കൊടുക്കുകയുണ്ടായി. അബ്ദുല്ലാഹിബ്നു അംറ് ബ്ൻ ഉസ്മാൻ ഹുസൈനിന്റെ മകൾ ഫാതിമയെയാണ് വിവാഹം കഴിച്ചത്. അവരുടെ സഹോദരി സകീനയെയാണ് മിസ്വ്അബ് ബ്ൻ സുബൈർ വിവാഹം ചെയ്തത്. ഇവർ മുഴുവനും ബനു ഹാശിം ഗോത്രത്തിൽ നിന്നുള്ളവരല്ല.'' (മസാലികുൽ അഫ്ഹാം, കിതാബുന്നികാഹ്, വാ. 1, ഇറാൻ, 1282 ഹി.)

# ഇമാമുകൾ ശിയാക്കൾക്കെതിരെ

അലി(റ)യും അദ്ദേഹത്തിന്റെ മക്കളായ ഇമാമുകളും, തങ്ങളോട് കൂറും അനുസരണവുമുള്ളവരാണെന്ന് വാദിക്കുന്ന ശീഇകളോട് കോപിക്കുകയും അവരെ കണക്കറ്റു ശാസിക്കുകയും ചെയ്തിട്ടുണ്ട്. പൊതുജനങ്ങൾക്കു മുമ്പിൽ വെച്ച് അവരെ ആക്ഷേപിച്ചിട്ടുണ്ട്. ശീഇകൾ തങ്ങളുടെ ഒന്നാമാത്തെ ഇമാമായി പ്രഖ്യാപിച്ചിട്ടുള്ള അലി(റ) തന്നെ ശീഈസംഘത്തെയും അവരുടെ കൂട്ടാളികളെയും ആക്ഷേപിച്ചു സംസാരിച്ചത് കാണുക:

''ഈ വിഭാഗം അസത്യത്തിൽ ഒരുമിക്കുക വഴി നിങ്ങളിൽനിന്നും വേറിട്ടു നിൽക്കുമെന്ന് ഞാൻ സംശയിക്കുന്നു. നിങ്ങളുടെ ബാധ്യതകളിൽ നിന്ന് നിങ്ങളെ ഭിന്നിപ്പിച്ചു നിർത്തുമെന്നും, ഇമാമിന്റെ നന്മകളോട് നിഷേധം കാണിക്കാനും അവരുടെ തിന്മകളെ അനുസരിക്കാനും നിങ്ങളെയവർ പ്രേരിപ്പിക്കുമെന്നും ഞാൻ ഭയക്കുന്നു. സ്വന്തം ആളുകളോട് മാത്രം വാക്കു പാലിക്കുകയും നിങ്ങളോട് മുഴുവൻ വഞ്ചന കാണിക്കുകയും ചെയ്യുന്നവരാണ് ഇവർ. തങ്ങളുടെ പ്രദേശങ്ങളിൽ നന്മയുണ്ടാകാനാഗ്രഹിക്കുന്ന ഇവർ നിങ്ങളിൽ കുഴപ്പങ്ങളുണ്ടാകാനാണ് ശ്രമിക്കുന്നത്. അല്ലാഹുവേ, ഇവരെക്കൊണ്ട് ഞാൻ മടുത്തിരിക്കുന്നു. ഇവരാൽ ഞാൻ പരിക്ഷീണനാണ്. ഇവരേക്കാൾ ഉത്തമരായ ആളുകളെ നീ എനിക്ക് പകരം നൽകേണമേ. എന്നെക്കാൾ ദുഷിച്ചവനെ അവർക്കായി ഏർപ്പെടുത്തിക്കൊടുക്കേണമേ. വെള്ളത്തിൽ ഉപ്പെന്ന പോലെ നീയവരുടെ ഹൃദയങ്ങളെ അലിയിച്ചു കളയേണമേ.'' (നഹ്ജുൽ ബലാഗ, പേ. 67, ബെയ്റൂത്ത്)

അദ്ദേഹം വീണ്ടും പറയുന്നു: ''ഹേ, ആൺകോലക്കാരേ, നിങ്ങളെ ഞാനും എന്നെ നിങ്ങളും പരസ്പരം അറിയാതിരുന്നെങ്കിൽ എന്ന് ഞാൻ ആഗ്രഹിച്ചു പോവുകയാണ്. നിങ്ങളുമായുള്ള പരിചയം എനിക്കിന്ന് കഷ്ടമായി പരിണമിച്ചിരിക്കുന്നു. കാര്യങ്ങളെ മുഴുവൻ കാർമേഘാവൃതമാക്കിത്തീർത്തിരിക്കുന്നു. അല്ലാഹു നിങ്ങളെ കൊന്നുകളയട്ടെ! നിങ്ങളെന്റെ ഹൃദയത്തിൽ വെറുപ്പിന്റെ ഭാരം നിറച്ചിരിക്കുന്നു. എന്റെ നെഞ്ചിൽ കോപത്തിന് ആക്കം കൂട്ടിയിരിക്കുന്നു. നിങ്ങളെന്നെ കണ്ണീരു കുടിപ്പിച്ചു കൊണ്ടിരിക്കുകയാണ്. നിങ്ങളുടെ അനുസരണക്കേടും കൂറില്ലായ്മയും എന്റെ കാര്യബോധത്തെ പോലും അവതാളത്തിലാക്കിയിരിക്കുകയാണ്. അതെ, ഖുറൈശികൾ പറയാൻ തുടങ്ങിയിരിക്കുന്നു: 'അബൂത്വാലിബിന്റെ പുത്രൻ ധീരൻ തന്നെ, പക്ഷെ, അയാൾക്ക് യുദ്ധമറിഞ്ഞുകൂടാ' എന്ന്.''

“കഷ്ടം! യുദ്ധത്തിൽ എന്നേക്കാൾ അതിനിപുണരായ, പരിചയസമ്പന്നരായ ആരെങ്കിലുമുണ്ടോ അവരിൽ?! ഇരുപതു തികയും മുമ്പേ യുദ്ധക്കളത്തിലൂടെ വളർന്നവനാണു ഞാൻ. ഇതാ, ഇന്നു ഞാൻ അറുപതിലെത്തി നിൽക്കുന്നു. പക്ഷെ, അനുസരിക്കപ്പെടാത്തവന് ഭൂമിയിൽ എന്ത് പരിഗണന!” (നഹ്ജുൽ ബലാഗ, പേ. 70, 71)

“ശരീരം ഒന്നും ഹൃദയം വിഭിന്നവുമായ ജനങ്ങളേ, നിങ്ങളുടെ വാക്കുകൾ ഇരുമ്പിനെപ്പോലും ദുർബലമാക്കും. നിങ്ങളുടെ കർമ്മങ്ങൾ, ശത്രുക്കൾക്ക് നിങ്ങളിൽ ആർത്തിയുണ്ടാക്കും. സദസുകളി രുന്ന് വീരവാദം മുഴക്കാറുള്ള നിങ്ങൾ യുദ്ധം വന്നണഞ്ഞാൽ ‘സൊല്ല ഒഴിഞ്ഞു പോയിരുന്നെങ്കിൽ’ എന്ന് പറഞ്ഞ് നിലവിളിക്കും! നിങ്ങളെ ക്ഷണിച്ചവൻെറ ക്ഷണം വ്യർഥാവിലാണ്. നിങ്ങളെ വിലയി രുത്തിയവൻെറ ഹൃദയം അസ്വസ്ഥമാണ്. തീർത്തും ദുർന്യായങ്ങൾ കൊണ്ടുള്ള ഒഴിവുകഴിവുകൾ! നിങ്ങളെന്നോട് ‘മറ്റൊരു തവണയാകട്ടെ’ എന്ന് ചോദിക്കുന്നു. തവണകൾ മാറ്റുന്നവൻെറ പ്രതി രോധം നിന്ദ്യമായ അക്രമത്തെ തടയാൻ പര്യാപ്തമല്ല തന്നെ. അത്യധ്വാനം കൊണ്ടല്ലാതെ ലക്ഷ്യം നേടാനാകില്ല. സ്വന്തം വീട്ടിനെ പ്രതിരോധിക്കാനാകാത്തവന് പിന്നെ ഏത് വീട്ടിനെ പ്രതിരോധി ക്കാനാണാവുക? എൻെറ നേതൃത്വത്തിലല്ലാതെ പിന്നെ ഏത് ഇമാമിൻെറ കീഴിലാണ് നിങ്ങൾ യുദ്ധം ചെയ്യുക? അല്ലാഹുവാണ, നിങ്ങളാൽ വഞ്ചിക്കപ്പെട്ടവനാണ് സാക്ഷാൽ വഞ്ചിതൻ. നിങ്ങളെക്കൊണ്ട് വിജയിക്കുന്നവൻ, ലക്ഷ്യം തെറ്റിയ അമ്പു കൊണ്ട് വിജയിച്ചവനെപ്പോലെയാണ്. അല്ലാഹുവാണ, നിങ്ങളുടെ വാക്കുകളെ എനിക്ക് വിശ്വസിക്കാനാകില്ല. നിങ്ങളുടെ സഹായത്തോട് എനിക്ക് താത്പര്യവുമില്ല. നിങ്ങളെക്കാട്ടി ശത്രുവിനെ ഭീതിപ്പെടുത്താനും ഒരുക്കമല്ല. സമൂഹമേ, നി ങ്ങൾക്കെന്തു പറ്റി? നിങ്ങളുടെ രോഗത്തിനു വേണ്ട മരുന്നെന്താണ്? ഏതു വിധേനയാണ് നിങ്ങളെ ചികിത്സിക്കേണ്ടത്? നിങ്ങളെപ്പോലുള്ള ഒരു ആൺപട കൊണ്ടെന്തുകാര്യം? അറിവില്ല, വെറും സംസാരം മാത്രം! ഭക്തിയില്ല, വെറും അശ്രദ്ധമാത്രം! അനാവശ്യ കാര്യങ്ങളിൽ, അതെ, താത്പര്യം അതിൽ മാത്രം!” (നഹ്ജുൽ ബലാഗ, പേ. 72, 73)

മഹാനായ അലി(റ) മുആവിയ(റ)യുടെ സൈന്യത്തെ പുകഴ്ത്തിയും തൻെറ സേനാംഗങ്ങളെ ആക്ഷേപിച്ചും ഇങ്ങനെ പറഞ്ഞു: “എൻെറ ആത്മാവ് ആരുടെ കയ്യിലാണൊ, ആ നാഥനാണ, ആ സംഘം നിങ്ങളെ അതിജയിക്കുക തന്നെ ചെയ്യും. നിങ്ങളെക്കാൾ അതിനർഹർ അവരാണ് എന്നതു കൊണ്ടല്ല അവരുടെ വിജയം. തങ്ങളുടെ നേതാവിൻെറ അനീതി നടപ്പിലാക്കാനുള്ള അവരുടെ താത്പര്യവും എന്നോടുള്ള ബാധ്യത നിറവേറ്റുന്നതിലുള്ള നിങ്ങളുടെ അലസതയുമാണ് അതിനുള്ള കാരണം. സാധാരണ ഭരണാധികാരികളാലാണ് ഭരണീയർ ദുരിതമനുഭവിക്കാറ്. ഇതാ, ഭരണീയരാൽ ദുരിതമനുഭവിക്കുന്ന ഒരു ഭരണാധികാരി. ഞാൻ നിങ്ങളോട് ജിഹാദിന് പടചേരാൻ ആവശ്യപ്പെടുന്നു, നിങ്ങളാകട്ടെ അതിന് തുനിയുന്നില്ല. നിങ്ങളെന്നെ അനുസരിക്കുന്നില്ല. രഹസ്യമായും പരസ്യമായും നിങ്ങളെ ഞാൻ യുദ്ധത്തിനാഹ്വാനം ചെയ്യുന്നു. പക്ഷെ, നിങ്ങളതിന് ചെവികൊടുക്കുന്നില്ല. എത്രയാണ് നിങ്ങളെ ഞാൻ ഉപദേശിക്കുന്നത്. എന്തു ചെയ്യാം, ഒന്നു പോലും നിങ്ങളംഗീകരിക്കുന്നില്ല. നിങ്ങളുള്ളതും ഇല്ലാത്തതും ഫലമൊന്നുതന്നെ. യജമാനൻമാരെന്ന നാട്യത്തി ൽ ജീവിക്കുന്ന അടിമകൾ! മതവിധികളോതിത്തരുമ്പോൾ നിങ്ങൾ ഓടിയകലുകയാണ്. സമ്പുഷ്ടമായ ഉപദേശങ്ങളിൽ നിന്നും നിങ്ങൾ തിരിഞ്ഞു കളയുകയാണ്. അക്രമികൾക്കെതിരിൽ യുദ്ധസജ്ജരാക്കാൻ നിങ്ങളിൽ ഞാൻ പ്രസംഗിച്ചാൽ അതിൻെറ അവസാനമെത്തും മുമ്പെ നിങ്ങൾ പിരിഞ്ഞു പോവുകയാണ്...”

“ഹേ, ബുദ്ധിഹീനരേ, വിവിധ താത്പര്യക്കാരേ, നേതാക്കൾക്ക് തലവേദന സൃഷ്ടിക്കുന്നവരേ, അല്ലാഹുവിനോട് അനുസരണം കാണിക്കുന്ന എന്നോട് നിങ്ങൾ അനുസരണക്കേട് കാണിക്കുന്നു. ശാമിലേക്ക് നോക്കുക. അതിൻെറ നേതാവ് അല്ലാഹുവിനോട് ലംഘനം കാണിക്കുമ്പോഴും അയാളുടെ അനുയായികൾ അദ്ദേഹത്തോട് അനുസരണം കാണിക്കുകയാണ്. അല്ലാഹുവാണ, മുആവിയയെങ്ങാനും സൈന്യക്കൈമാറ്റത്തിന് തയ്യാറാകുമെങ്കിൽ നിങ്ങളിൽ നിന്ന് പത്തു പേരെ അയാൾക്കു നൽകി ഒരു യോദ്ധാവിനെ ഞാൻ പകരം വാങ്ങുമായിരുന്നു!”

“ഹേ, കൂഫക്കാരേ, കേൾവിശക്തിയുള്ള ബധിരൻമാർ, സംസാരശേഷിയുള്ള ഊമകൾ, കാഴ്ചശക്തിയുള്ള അന്ധൻമാർ. യുദ്ധമുഖത്ത് സത്യസന്ധതയില്ലാത്തവർ. പരീക്ഷണ ഘട്ടത്തിൽ വിശ്വസിക്കാൻ കൊള്ളാത്തവർ. നിങ്ങൾ നശിക്കട്ടെ. ഇടയനില്ലാത്ത ഒട്ടകക്കൂട്ടങ്ങളെപ്പോലെ ജീവിക്കുന്നവരേ. ഒരുമിച്ചു കൂട്ടുമ്പോഴും നിങ്ങൾ ഓടിയകലുകയാണ്.” (നഹ്ജുൽ ബലാഗ, പേ. 141, 142)

അദ്ദേഹം തുടരുന്നു: “ശത്രുക്കളോടേറ്റുമുട്ടേണ്ടതില്ലായിരുന്നുവെങ്കിൽ നിങ്ങളെ ഒഴിവാക്കി ഞാനെൻെറ വാഹനം കയറി സ്ഥലം വിടുമായിരുന്നു. പരസ്പരം പഴിച്ചും ആക്ഷേപിച്ചും തെക്കുവടക്കു നടക്കാൻ നിങ്ങളെ ഞാൻ വിട്ടേക്കുമായിരുന്നു. ഹൃദയൈക്യമില്ലാത്ത നിങ്ങളുടെ അംഗശക്തി കൊണ്ട് എനിക്കെന്ത് ഫലം?” (നഹ്ജുൽ ബലാഗ, പേ. 176)

അദ്ദേഹം വീണ്ടും തുടരുന്നു: “വിശ്വസിക്കാവുന്ന ആളുകളല്ല നിങ്ങൾ, ആശ്രയിക്കാവുന്ന പ്രബലരുമല്ല. നിങ്ങൾക്കു നാശം. ദിനംപ്രതി നിങ്ങളെ പരസ്യമായി ക്ഷണിച്ചും, രഹസ്യമായി ഉപദേശിച്ചും ഞാൻ മടുത്തിരിക്കുന്നു. ആഹ്വാനത്തോട് കൂറുകാട്ടാത്തവരാണ് നിങ്ങൾ. രഹസ്യ കാര്യങ്ങളിൽ വിശ്വസിക്കാൻ കൊള്ളാത്തവർ.” (നഹ്ജുൽ ബലാഗ, പേ. 183)

അലി(റ) ശീഇകളുടെ തനിനിറം തുറന്നു കാട്ടുന്നതു കാണുക: “സംഭവിച്ചു കഴിഞ്ഞ അല്ലാഹുവിൻെറ വിധികളിൽ ഞാനവനെ സ്തുതിക്കുകയാണ്. എൻെറ വിളിക്ക് ഉത്തരം നൽകാത്ത, ഞാൻ കൽപിച്ചാൽ അനുസരിക്കാത്ത വർഗമേ, നിങ്ങളാൽ ഞാനനുഭവിച്ച സകല പരീക്ഷണങ്ങൾക്കും ഞാനവനെ വാഴ്ത്തുകയാണ്. നിങ്ങളെ അവഗണിച്ചാൽ അലസതയിൽ മുങ്ങിത്താഴും. യുദ്ധഭൂമിയിലെത്തിയാൽ നിങ്ങൾ ദുർബലരാകും. ആളുകൾ ഐക്യകണ്ഠേന ഇമാമിനെ അംഗീകരിച്ചാൽ നിങ്ങൾ ആക്ഷേപവുമായി മുന്നിലെത്തും. ഒരു പ്രതിസന്ധിയിലകപ്പെട്ടാലോ നിങ്ങൾ പ്രയാസം നേരിടാനകാതെ നിങ്ങൾ പിന്തിരിയും. നാശം. ജിഹാദിലേർപ്പെടാതെ എന്ത് വിജയമാണ് നിങ്ങൾ പ്രതീക്ഷിക്കുന്നത്? ഒന്നുകിൽ മരണം അല്ലെങ്കിൽ നിന്ദ്യത, ഏതാണ് നിങ്ങൾക്കിതിൽ പ്രിയം? എനിക്കൊരു സന്ദർഭം വന്നു കിട്ടുമെങ്കിൽ ഞാനും നിങ്ങളും തമ്മിലുള്ള ബന്ധം ഛേദിച്ചു കളയുന്നതാണ്. നിങ്ങളുമായുള്ള സഹവാസം മടുത്തവനാണ് ഞാൻ. നിങ്ങൾ വല്ലാത്തൊരു വിഭാഗം തന്നെ! ഒരു മതത്തിനും നിങ്ങളെ ഐക്യപ്പെടുത്താനാകില്ലെന്നൊ?! ഒരു ആദർശത്തിനും നിങ്ങൾക്ക് ഉത്തേജനം നൽകാൻ കഴിയില്ലെന്നൊ?! മുആവിയയുടെ കാര്യം അത്ഭുതം തന്നെ. യാതൊരു വിഭവവും സമ്മാനവും നൽകാതെത്തന്നെ നാടൻജനതപോലും അദ്ദേഹത്തിൻെറ വാക്കുകളെ കേട്ടനുസരിക്കുന്നു. നിങ്ങളൊ, ജീവിത വിഭവങ്ങളും സമ്മാനങ്ങളും നൽകിയിട്ടു പോലും എൻെറ വാക്കുകളെ അവണിച്ചു പിന്തിരിഞ്ഞു പോകുന്നു. നിങ്ങളെ ഞാൻ ക്വുർആൻ പഠിപ്പിച്ചു. അറിവില്ലാത്ത എത്രയോ കാര്യങ്ങളിൽ നിങ്ങളെ ഞാൻ ബോധവാൻമാരാക്കി. അന്ധന് സൂചന മതിയാകും. ഉറങ്ങുന്നവനെ ഉണർത്താനാകും. പക്ഷെ. നിങ്ങളുടെ കാര്യം കഷ്ടം തന്നെ!...” (നഹ്ജുൽ ബലാഗ, പേ. 258, 259)

## ശിയാക്കൾ മറ്റു ഇമാമുകളുടെ കണ്ണിൽ

ഇതുവരേയും നാം വായിച്ചത് അമീറുൽ മുഅ്മിനീൻ അലി(റ)യുടെ ശീഇകളെ സംബന്ധിച്ച പ്രസ്താവനകളാണ്. പാപസുരക്ഷിതരായ ഇമാമുകളായി ശീഇകൾ വിശ്വസിക്കുന്ന ഹസൻ(റ), ഹുസൈൻ(റ) തുടങ്ങിയവർ ഈ വർഗത്തെപ്പറ്റി പ്രസ്താവിച്ചതു കൂടി വായിക്കുന്നത് സംഗതമായിരിക്കും.

കുലൈനി നിവേദനം ചെയ്യുന്നത്. അബുൽ ഹസൻ മൂസ പറഞ്ഞു: "എൻെറ ശീഅത്തിനെ (വി ഭാഗത്തെ) പരിശോധിക്കുക, വർത്തമാനം പറയാൻ മിടുക്കരാണവർ, അവരെ പരീക്ഷണത്തിന് വി ധേയമാക്കുക, അവർ പിന്തിരിഞ്ഞോടുന്നതു കാണാം." (കിതാബുർറൗള, കുലൈനി, പേ. 107, ഇന്ത്യ)

മുല്ലാ ബാക്വിർ മജ്‌ലിസി 'മജാലിസുൽ മുഅ്മിനീൻ' എന്ന ഗ്രന്ഥത്തിൽ ഇമാം മൂസ കാളിമിൻെറ ഒരു പ്രസ്താവന ഉദ്ധരിക്കുന്നുണ്ട്. ഇമാം മൂസ പറഞ്ഞു: "അബ്ദുല്ലാഹി ബ്ൻ യഅ്ഫൂറി നെയല്ലാതെ എൻെറ ഉപദേശങ്ങൾ കേൾക്കുകയും എന്നെ അനുസരിക്കുകയും ചെയ്യുന്ന ഒരാളെപ്പോലും ഞാൻ കാണുന്നില്ലല്ലോ" (മജാലിസുൽ മുഅ്മിനീൻ' പേ. 144, ടഹ്റാൻ)

അൽ കുഷി ജഅ്ഫറിൽ നിന്നും ഉദ്ധരിക്കുന്നു. അദ്ദേഹം പറഞ്ഞു: "അല്ലാഹുവാണ, എന്നെ കേൾക്കുകയും അനുസരിക്കുകയും ചെയ്യുന്ന ഒരാളെ മാത്രമേ ഞാൻ കാണുന്നുള്ളൂ, അബ്ദുല്ലാഹി ബ്ൻ യഅ്ഫൂറാണത്." (രിജാലുൽ കുഷി, പേ. 215, കർബല, ഇറാഖ്)

ഹസൻ(റ) പറയുന്നു: "താകളുടെ വിഭാഗമാണ് ഞങ്ങൾ' എന്ന് വാദിക്കുന്ന ഈ ജനതയേക്കാൾ നല്ലവൻ എൻെറ വീക്ഷണത്തിൽ മുആവിയയാണ്. എന്നെ കൊല്ലാൻ കൊതിച്ചവരാണ് ഇവർ. എൻെറ ധനം കൊള്ളയടിച്ചവർ. എന്നെ വധിക്കുകയും എൻെറ കുടുംബാംഗങ്ങളെ എനിക്ക് നഷ്ടപ്പെടുകയും ചെയ്യുന്നതിനേക്കാൾ എനിക്ക് നല്ലത് മുആവിയയുമായി സന്ധിയി ലേർപ്പെടുന്നതായിരുന്നു. എങ്കിൽ എൻെറ രക്തത്തിനും കുടുംബത്തിനും അത് സുരക്ഷിതമായേനെ. അല്ലാഹുവാണ, ഞാനെങ്ങാനും മുആവിയയോട് യുദ്ധം ചെയ്യുകയാണെങ്കിൽ അവരെൻെറ കഴുത്തിന് പിടിച്ച് അയാളെ ഏൽപ്പിച്ചു കൊടുക്കുമായിരുന്നു. മുആവിയയുടെ തടവുപുള്ളിയായി വധിക്കപ്പെടുന്നതിനേക്കാൾ, അവസാനനാളുവരെ ബനൂ ഹാശിം കുടംബത്തിന് അതൊരു അപമാനമായി നിലനിൽക്കുന്നതിനേക്കാൾ എനിക്കു പ്രിയം മാന്യനായി, അന്തസുള്ളവനായി അദ്ദേഹവുമായി സന്ധിയിലേർപ്പെടുന്നതാണ്." (കിതാബുൽ ഇഹ്തിജാജ്, ത്വബ്റസീ, പേ. 148, ടഹ്റാൻ)

അദ്ദേഹം തുടരുന്നു: "എനിക്ക് കൂഫക്കാരെ (അലിപക്ഷക്കാർ) നന്നായറിയാം. ഞാനവരെ പരീക്ഷി ച്ചറിഞ്ഞിട്ടുള്ളവനാണ്. ഒന്നിനും കൊള്ളാത്തവരാണവർ. കരാറു പാലിക്കാത്തവർ. വാക്കിലൊ പ്രവൃത്തിയിലൊ സത്യസന്ധത കാണിക്കാത്തവർ. ഐക്യമില്ലാത്ത ഒരു ജനത. ഞങ്ങളുടെ ഹൃദയങ്ങൾ നിങ്ങളോടൊപ്പമാകുന്നു എന്ന് അവർ വായ്തോരാതെ പറയും. സത്യത്തിൽ അവരുടെ വാളുകൾ ഞങ്ങൾക്കെതിരിൽ സദാ ജാഗരൂകമായി നിലകൊള്ളുകയാണ്." (കിതാബുൽ ഇഹ്തി ജാജ്, ത്വബ്റസീ, പേ. 149, ടഹ്റാൻ)

തന്നെ മദീനയിൽ നിന്ന് വിളിച്ചു വരുത്തുകയും തൻെറ പ്രതിനിധിയായി മുസ്ലിമു ബ്നു ഉക്വൈലിനെ ഇമാമായി ബൈഅത്ത് ചെയ്യുകയും ചെയ്ത കൂഫക്കാർ, തന്നെ സഹായിക്കുകയും തന്നോട് സഹകരിക്കുകയും ചെയ്യേണ്ട സന്നിഗ്ദഘട്ടത്തിൽ അതിനു പകരം തനിക്കെതിരിൽ അണി നിരന്നപ്പോൾ ഹുസൈൻ(റ) ആ വഞ്ചകരോട് പറഞ്ഞു: "ഹേ, വിഭാഗമേ, നിങ്ങൾ നശിച്ചു പോകട്ടെ. എല്ലാവിധ നിന്ദ്യതകളും നിങ്ങൾക്കു വന്നുഭവിക്കട്ടെ. പ്രയാസസന്ധിയിൽ നിങ്ങളെൻെറ സഹായത്തിനു വേണ്ടി കരയുകയായിരുന്നു. ഇന്നിതാ ഞങ്ങൾ സഹയത്തിന് തേടുമ്പോൾ നിങ്ങൾ പിന്തിരിഞ്ഞു നിൽക്കുന്നു. ഞങ്ങളുടെ കൈവശമുണ്ടായിരുന്ന അതേ വാളുകൾ ഞങ്ങൾക്കെതിരിൽ നി ങ്ങൾ മൂർച്ച കൂട്ടുന്നു. ഞങ്ങളുടേയും നിങ്ങളുടേയും ശത്രുക്കൾക്കെതിരിൽ ഞങ്ങളഴിച്ചു വിട്ട അതേ യുദ്ധം നിങ്ങൾ ഞങ്ങൾക്കെതിരിൽ തിരിച്ചു വിടുന്നു. സ്വന്തം ബന്ധുക്കൾക്കെതിരിൽ ശത്രുസംഘത്തി ന് - അവർ നിങ്ങൾക്ക് യാതൊരു പ്രതിഫലവും പറഞ്ഞിട്ടില്ല, യാതൊരു പ്രതീക്ഷയും നൽകിയിട്ടില്ല, ഞങ്ങളാകട്ടെ നിങ്ങളോട് യാതൊരു കുറ്റവും ചെയ്തിട്ടുമില്ല എന്നിട്ടു കൂടി - സഹായികളായി വർത്തിക്കുകയാണ് നിങ്ങൾ! സകല നാശങ്ങളും നിങ്ങൾക്ക് ഭവിക്കട്ടെ..." (കിതാബുൽ ഇഹ്തി ജാജ്, ത്വബ്റസീ, പേ. 145, ടഹ്റാൻ)

ഇത്രയും ഉദാഹരണങ്ങളാണ്. ഇനിയുമുണ്ട് ധാരാളം. ഈവക കാരണങ്ങൾ കൊണ്ടൊക്കെയാണ് ശീഇകൾ തക്വിയ്യ എന്ന ശുദ്ധ കളവിൽ അഭയം തേടിയത്. സ്വഹാബികളെ, വിശിഷ്യാ

അബൂബക്കർ, ഉമർ, ഉസ്മാൻ എന്നിവരെ പുകഴ്ത്തിക്കൊണ്ടുള്ള ഇമാമുകളുടെ വാക്കുകളേയും അവരെ ഇകഴ്ത്തിക്കൊണ്ടുള്ള അവരുടെതന്നെ പ്രസ്താവനകളേയും ഒന്നിച്ചു വിശദീകരിക്കാൻ സാധ്യമല്ലാത്ത പ്രതിസന്ധിയിൽ ശീഇകൾക്കുള്ള അവസാനത്തെ ആശ്രയമാണത്. സത്യത്തിൽ ശീഇകളും ഇതേ പ്രതിസന്ധിലാണുള്ളത്.

'ഇമാമുകൾ സ്വഹാബികളെ പുകഴ്ത്തുകയും അതേ സമയം ഇകഴ്ത്തുകയും ചെയ്തിട്ടുണ്ടെന്നൊ? അതെങ്ങനെ സംഭവിക്കും?' എന്ന് ചോദിക്കുന്നവരോട് ശീഇകളുടെ മറുപടി: 'ഇമാമുകൾ അവരെ പുകഴ്ത്തിപ്പറഞ്ഞതൊക്കെ സ്വരക്ഷക്കു വേണ്ടിയുള്ള അവരുടെ ഉപായങ്ങളായിരുന്നു, സാക്ഷാൽ തകിയ്യ. അതല്ലാതെ മറ്റൊന്നുമായിരുന്നില്ല അത്.' എന്നായിരിക്കും. എങ്കിൽ നമുക്ക് ചോദിക്കാനുള്ളത്: "ഇമാമുകൾ സ്വഹാബികളെ മൊത്തത്തിലും ആദ്യ മൂന്ന് ഖലീഫമാരെ പ്രത്യേകിച്ചും പുകഴ്ത്തിപ്പറഞ്ഞതും, അവർക്ക് ബൈഅത്ത് ചെയ്തതും, അവർക്ക് തങ്ങളുടെ പെൺമക്കളെ വിവാഹം ചെയ്തു കൊടുത്തതും, ശീഅത്തുമായി തങ്ങൾക്ക് ബന്ധമില്ലെന്ന് പ്രഖ്യാപിച്ചതും, ശീഇകളെ ഒന്നടകം ആക്ഷേപിച്ചതും സ്വയരക്ഷക്കു വേണ്ടിയുള്ള ഉപായ(തകിയ്യ)മായിരുന്നുവെങ്കിൽ ആരാണ് കൂട്ടരെ, ഇതൊക്കെ ചെയ്യാൻ അവരെ നിർബന്ധിച്ചത്? സ്വന്തം ശരീരത്തിന് അപകടമുണ്ടാക്കുന്ന എന്ത് ആശങ്കാവസ്ഥയാണ് അന്നവർക്കുണ്ടായിരുന്നത്?

അലിക്കെങ്ങാനും ഉമറിനോട് അടങ്ങാത്ത പകയുണ്ടായിരുന്നുവെങ്കിൽ റോമക്കാരുമായി യുദ്ധത്തിനു പോകുന്നതു സംബന്ധിച്ച് തന്നോട് കൂടിയാലോചന നടത്തിയ സന്ദർഭത്തിൽ അദ്ദേഹം അത് ഉപയോഗപ്പെടുത്തുമായിരുന്നില്ലെ? യുദ്ധ സൈന്യത്തോടൊപ്പം പോകാൻ ആവശ്യപ്പെടുമായിരുന്നില്ലെ? അവരോടുള്ള യുദ്ധത്തിൽ ഉമർ വധിക്കപ്പെട്ടാൽ അത് തനിക്കും നബികുടുംബത്തിനും ആശ്വാസമാകുമെന്ന് കരുതുമായിരുന്നില്ലെ? പക്ഷെ, അലി(റ) ചെയ്തത് അങ്ങനെയാണൊ? അല്ല, 'താങ്കൾ റോമൻ യുദ്ധത്തിന് സൈന്യത്തോടൊപ്പം പോകരു'തെന്ന് പറഞ്ഞു. അറബികളുടെ ആസുകല്ലിൻെറ ആണിക്കല്ലും, മുത്തുമണികൾ ചേർത്തു നിർത്തുന്ന പാശവുമാണെന്ന് അദ്ദേഹത്തെ പുകഴ്ത്തിപ്പറഞ്ഞു. അപ്പോൾ ശീഇകൾ പറയുന്നതല്ല സത്യം എന്നർത്ഥം.

## തകിയ്യ ഇസ്‌ലാമികമൊ?

ജീവന് അപകടമുണ്ടാകുന്ന വേളകളിൽ തകിയ്യ അനുവദനീമാണെന്നതിന് ശീഇകൾ ഉദ്ധരിക്കാറുള്ള ആയത്തുകളും ഹദീസുകളും വായിച്ചാൽ ഏതൊരു വിവേകിയും ചിരിച്ചു പോകും.

ولا تلقوا بأيديكم إلى التهلكة (البقرة: 195)

"നിങ്ങളുടെ കൈകളെ നിങ്ങൾ തന്നെ നാശത്തിൽ തള്ളിക്കളയരുത്." (അൽബഖറ: 195)

فنظر نظرة في النجوم فقال إني سقيم (الصافات:88، 89)

"എന്നിട്ട് അദ്ദേഹം നക്ഷത്രങ്ങളുടെ നേരെ ഒരു നോട്ടം നോക്കി. തുടർന്ന് അദ്ദേഹം പറഞ്ഞു: തീർച്ചയായും എനിക്ക് അസുഖമാകുന്നു." (സ്വഫ്ഫാത്ത്: 88, 89)

وجاء إخوة يوسف فدخلوا عليه فعرفهم وهم له منكرون (يوسف: 88)

"യൂസുഫിന്റെ സഹോദരൻമാർ വന്നു അദ്ദേഹത്തിന്റെ അടുത്ത് പ്രവേശിച്ചു. അപ്പോൾ അദ്ദേഹം അവരെ തിരിച്ചറിഞ്ഞു. അവർ അദ്ദേഹത്തെ തിരിച്ചറിഞ്ഞിരുന്നില്ല." (യൂസുഫ്: 58)

لا يتخذ المؤمنون الكافرين أولياء من دون المؤمنين ومن يفعل ذلك فليس من الله في شيء إلا أن تتقوا منهم تقاة ويحذركم الله نفسه وإلى الله المصير (آل عمران: 28)

"സത്യവിശ്വാസികൾ സത്യവിശ്വാസികളെയല്ലാതെ സത്യനിഷേധികളെ മിത്രങ്ങളാക്കിവെക്കരുത്. - അങ്ങനെ വല്ലവനും ചെയ്യുന്ന പക്ഷം അല്ലാഹുവുമായി അവന്ന് യാതൊരു ബന്ധവുമില്ല- നിങ്ങൾ അവരോട് കരുതലോടെ വർത്തിക്കുകയാണെങ്കിലല്ലാതെ. അല്ലാഹു അവനെപ്പറ്റി നിങ്ങൾക്ക് താക്കീത് നൽകുന്നു. അല്ലാഹുവിങ്കലേക്കത്രെ ( നിങ്ങൾ ) തിരിച്ചുചെല്ലേണ്ടത്." (ആലുഇംറാൻ: 28)

من كفر بالله من بعد إيمانه إلا من أكره وقلبه مطمئن بالإيمان (النحل: 106)

"വിശ്വസിച്ചതിന് ശേഷം അല്ലാഹുവിൽ അവിശ്വസിച്ചവരാരോ അവരുടെ -തങ്ങളുടെ ഹൃദയം വിശ്വാസത്തിൽ സമാധാനം പൂണ്ടതായിരിക്കെ നിർബന്ധിക്കപ്പെട്ടവരല്ല;" (നഹ്ൽ: 106)

മേൽ പ്രസ്താവിക്കപ്പെട്ട ആയത്തുകളാണ് തക്വിയ്യയെ മതാനുവാദത്തിൻെറ പട്ടികയിലുൾപ്പെടുത്താൻ ശീഇകൾ പ്രമാണങ്ങളായി ഉദ്ധരിക്കുന്നത്. കൂടാതെ അബൂ ജൻദൽ, അബൂ ദർ, അബൂ ബകർ തുടങ്ങിയവരെ സംബന്ധിച്ച കഥകളും തെളിവുകളായി നൽകാറുണ്ട്. പക്ഷെ, ഒന്നു പോലും തക്വിയ്യയുടെ അനിവാര്യതയെ ദ്യോതിപ്പിക്കുന്ന രേഖകളല്ല. അല്ലാഹു പറയുന്നതാകട്ടെ:

"ഹേ; റസൂലേ, നിന്റെ രക്ഷിതാവിങ്കൽ നിന്ന് നിനക്ക് അവതരിപ്പിക്കപ്പെട്ടത് നീ (ജനങ്ങൾക്ക്) എത്തിച്ചുകൊടുക്കുക. അങ്ങനെ ചെയ്യാത്ത പക്ഷം നീ അവന്റെ ദൗത്യം നിറവേറ്റിയിട്ടില്ല. ജനങ്ങളിൽ നിന്ന് അല്ലാഹു നിന്നെ രക്ഷിക്കുന്നതാണ്." (മാഇദ: 67)

"അതായത് അല്ലാഹുവിന്റെ സന്ദേശങ്ങൾ എത്തിച്ചുകൊടുക്കുകയും, അവനെ പേടിക്കുകയും അല്ലാഹുവല്ലാത്ത ഒരാളെയും പേടിക്കാതിരിക്കുകയും ചെയ്തിരുന്നവർ" (അഹ്സാബ്: 39)

"അതിനാൽ നീ കൽപിക്കപ്പെടുന്നതെന്തോ അത് ഉറക്കെ പ്രഖ്യാപിച്ച് കൊള്ളുക. ബഹുദൈവവാദികളിൽ നിന്ന് തിരിഞ്ഞുകളയുകയും ചെയ്യുക." (ഹിജ്ർ: 94)

വിശ്വാസികളുടെ ആർജ്ജവത്തെപറ്റി ക്വുർആൻ പറയുന്നു:

"എത്രയെത്ര പ്രവാചകൻമാരോടൊപ്പം അനേകം ദൈവദാസൻമാർ യുദ്ധം ചെയ്തിട്ടുണ്ട്. എന്നിട്ട് അല്ലാഹുവിന്റെ മാർഗത്തിൽ തങ്ങൾക്ക് നേരിട്ട യാതൊന്നു കൊണ്ടും അവർ തളർന്നില്ല. അവർ ദൗർബല്യം കാണിക്കുകയോ ഒതുങ്ങികൊടുക്കുകയോ ചെയ്തില്ല. അത്തരം ക്ഷമാശീലരെ അല്ലാഹു സ്നേഹിക്കുന്നു." (ആലു ഇംറാൻ: 146)

"ഒരു ആക്ഷേപകന്റെ ആക്ഷേപവും അവർ ഭയപ്പെടുകയില്ല." (മാഇദ: 54)

അല്ലാഹു സത്യവിശ്വാസികളോട് ആവശ്യപ്പെടുന്നത് നോക്കുക:

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും, സത്യവാൻമാരുടെ കൂട്ടത്തിൽ ആയിരിക്കുകയും ചെയ്യുക." (തൗബ: 119)

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും, ശരിയായ വാക്ക് പറയുകയും ചെയ്യുക." (അഹ്സാബ്: 70)

സത്യസന്ധത കാത്തുസൂക്ഷിക്കേണ്ടതിൻെറ ആവശ്യകതയെ സംബന്ധിച്ച വിശുദ്ധ ക്വുർആനിൻെറ പ്രസ്താവനകളാണ് നാം മുകളിൽ വായിച്ചത്. ഇവ്വിഷയകമായി പ്രവാചക വചനങ്ങളും നമുക്ക് ധാരാളം വായിക്കാനാകും.

പ്രവാചകൻ പറഞ്ഞു:

"നിങ്ങൾ സത്യസന്ധത മുറുകെപ്പിടിക്കുക" (ബുഖാരി, മുസ്‌ലിം)

“നിന്റെ സഹോദരനോട് നീയൊരു കാര്യം പറയുന്നു, അവനത് വിശ്വസിക്കുകയും ചെയ്യുന്നു. യഥാർഥത്തിൽ നീ അവനോട് കളവു പറഞ്ഞതായിരുന്നു. എങ്കിൽ അതാണ് ഏറ്റവും കൊടിയ വഞ്ചന.” (അബൂദാവൂദ്)

അമീറുൽ മുഅ്മിനീൻ അലി (റ) പറഞ്ഞു: “ചെറുതും വലുതുമായ കളവുകൾ ഉപേക്ഷിക്കുന്നതുവരെ ഒരു ദാസന്ന് ഈമാനിന്റെ മധുരിമയറിയാൻ സാധിക്കില്ല.” (അൽ കാഫീ ഫിൽ ഉസ്വൂൽ, ബാബുൽ കദിബ്)

“നിനക്ക് ഉപകാരമുണ്ടാകട്ടെ ഉപദ്രവമുണ്ടാകട്ടെ, കളവിനേക്കാൾ സത്യത്തെ പരിഗണിക്കുന്നതാണ് ഈമാൻ.” (നഹ്ജുൽ ബലാഗ)

തക്വിയ്യക്ക് ആധാരമായി ശീഈകൾ നൽകിയ ആയത്തുകൾ പരിശോധിക്കപ്പെടേണ്ടതുണ്ട്. ഇബ്റാഹീം നബി (അ) ‘എനിക്ക് അസുഖമാകുന്നു’ എന്ന് പറഞ്ഞത് യഥാർഥത്തിൽ കളവായിരുന്നില്ല, മറിച്ച് ‘നിങ്ങളുടെ പ്രവർത്തനങ്ങളാൽ എനിക്ക് അസുഖം ബാധിച്ചിരിക്കുന്നു’ എന്ന് സൂചിപ്പിക്കുക മാത്രമായിരുന്നു അത്. യൂസുഫ് നബിയുടെ സംഭവത്തിലും കളവൊ, വ്യംഗമായ സൂചനയൊ അല്ല ഉള്ളത്. തനിക്ക് തന്റെ സഹോദരൻമാരെ അറിയാമെന്നതും അവരോട് ആ സംഗതി അറിയിച്ചില്ല എന്നതും ഏത് നിലക്കാണ് കളവായിത്തീരുക? സത്യത്തിൽ ഇതിലും തക്വിയ്യക്ക് തെളിവില്ല തന്നെ.

ആലുഇംറാൻ: 28ലെ പ്രസ്താവനയും അഥവാ “സത്യവിശ്വാസികൾ സത്യവിശ്വാസികളെയല്ലാതെ സത്യനിഷേധികളെ മിത്രങ്ങളാക്കിവെക്കരുത്. - അങ്ങനെ വല്ലവനും ചെയ്യുന്ന പക്ഷം അല്ലാഹുവുമായി അവന്ന് യാതൊരു ബന്ധവുമില്ല- നിങ്ങൾ അവരോട് കരുതലോടെ വർത്തിക്കുകയാണെങ്കിലല്ലാതെ.” എന്ന ആയത്തും നുണപറയാനുള്ള തുറന്ന ലൈസൻസ് ആർക്കും നൽകുന്നില്ല.

“നിങ്ങളുടെ കൈകളെ നിങ്ങൾ തന്നെ നാശത്തിൽ തള്ളിക്കളയരുത്.” (അൽബഖറ: 195)

എന്ന ആയത്ത്, മുസ്ലിംകൾ അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുന്നതിലും ജിഹാദിലേർപ്പെടുന്നതിലും പിശുക്ക് കാട്ടരുതെന്നും, അങ്ങനെ പിശുക്ക് കാട്ടുന്നുവെങ്കിൽ അവരെയത് നാശത്തിലേക്കെത്തിക്കുമെന്നും സൂചിപ്പിക്കുകയാണ് ചെയ്യുന്നത്. ശീഇ മുഫസ്സിറുകൾ പോലും ഈ ആയത്തിനെ വ്യാഖ്യാനച്ചിരിക്കുന്നത് ഈ വിധത്തിലാണ്. അൽ മൻഹജ് പോലുള്ള ശീഈ തഫ്സീറുകളിൽ നമുക്കത് കാണാനാകും.

അബൂ ജൻദലിന്റെയും അബൂദർറിന്റേയും സംഭവങ്ങളിലും തക്വിയ്യക്ക് തെളിവില്ല. പ്രവാചകനെ ചൂണ്ടി ‘താങ്കളുടെ മുമ്പിലുള്ള ഇദ്ദേഹം ആരാണ്?’ എന്ന് ചോദിച്ച കാഫിറുകളോട്, ‘എന്നെ ശരിയായ മാർഗത്തിലേക്ക് വഴി നയിച്ചവൻ’ എന്ന് അബൂബക്കർ(റ) പറഞ്ഞതിൽ എവിടെയാണ് തക്വിയ്യക്ക് രേഖ? അതുമായി എന്ത് ബന്ധമാണ് ഈ സംഭവത്തിനുള്ളത്? പ്രവാചകൻ(സ്വ) തന്നെയല്ലെ അദ്ദേഹത്തെ സന്മാർഗത്തിലേക്ക്, സ്വർഗത്തിന്റെ പാതയിലേക്ക് നയിച്ചത്?

ശാഹ് അബ്ദുൽ അസീസ് അദ്ദഹ്ലവി തന്റെ ‘തുഹ്ഫ’യിൽ പറയുന്നു:

“തക്വിയ്യ ഭയപ്പാടിന്റെ സമയത്തല്ലാതെ ഉണ്ടാകില്ലെന്നാണ് വാദം. ഭയം രണ്ടു തരമുണ്ട്. ഒന്ന്, ജീവനാശഭീതി. രണ്ട്, ശാരീരികമായ പീഠന ഭീതി. ഇമാമുകളെ സംബന്ധിച്ചിടത്തോളം രണ്ടു കാരണങ്ങളാൽ അവർക്ക് ജീവനാശഭീതി സംഭവ്യമല്ല. ഒന്നാമത്തെ കാരണം: ഇമാമുകളുടെ സ്വാഭാവിക മരണം നടക്കുന്നത് അവരുടെ തന്നെ തീരുമാനപ്രകാരമായിരിക്കും എന്നാണ് ശീഇകളുടെ വിശ്വാസം. പ്രസ്തുത സംഗതി കുലൈനി തന്റെ ‘അൽകാഫി’യിൽ രേഖപ്പെടുത്തിയത് ഒന്നാമത്തെ അധ്യായത്തിൽ നിന്ന് നാം വായിച്ചിട്ടുണ്ട്. അത് എല്ലാ ഇമാമുകളും ഐക്യകണ്ഠേന അംഗീകരിച്ച വസ്തുതയാണെന്നും കുലൈനി വ്യക്തമാക്കിയിട്ടുള്ളതാണ്. രണ്ടാമത്തെ കാരണം: ഇമാമുകൾക്ക് നടന്നതും നടക്കാനിരിക്കുന്നതുമായ സകല കാര്യങ്ങളെ സംബന്ധിച്ചും അദൃശ്യ ജ്ഞാനമുണ്ടെന്നും, തങ്ങൾ എപ്പോൾ? എങ്ങിനെ? എവിടെ? മരിക്കും

എന്ന് മുൻകൂട്ടി അറിയാൻ അവർക്ക് സാധിക്കുമെന്നും ശീഇകൾ വിശ്വസിക്കുന്നു. ഈ രണ്ടു സംഗതി കളും ഇമാമുകളിൽ സംഗതമാണെങ്കിൽ, തങ്ങൾ തീരുമാനിക്കുന്ന സമയത്തിന് മുമ്പ് തങ്ങളുടെ ജീവന് നാശമുണ്ടാകുമൊ എന്ന് ഭയക്കേണ്ട കാര്യം ഇമാമുകൾക്കില്ല. അതു കൊണ്ടു തന്നെ പ്രസ്തുത 'ഭയ'ത്തിൻെറ പേരു പറഞ്ഞ് തങ്ങളുടെ ആദർശത്തിൽ കാപട്യം കാണിക്കാനും, സാധാരണക്കാരായ വിശ്വാസികളെ പറഞ്ഞു പറ്റിക്കാനും ഇമാമുകൾക്ക് അവസരവുമില്ല.''

''ശാരീരിക പീഡന ഭീതി, അന്യരുടെ ആക്ഷേപ ഭീതി തുടങ്ങിയ കാര്യങ്ങളിലും ഇമാമുകൾ തക്വിയ്യ എന്ന കാപട്യം കാണിക്കേണ്ടതില്ല. വിശ്വാസിയായി ജീവിക്കുമ്പോഴും പ്രബോധനങ്ങളിലേർപ്പെ ടുമ്പോഴും വന്നുഭവിക്കുന്ന മുഴുവൻ പ്രയാസങ്ങളിലും പ്രതിസന്ധികളിലും ക്ഷമകൈക്കൊള്ളുക എന്നതാണ് ശരിയായ പണ്ഡിതൻമാരുടെ ധർമ്മം. അല്ലാഹുവിൻെറ കൽപനാ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ പരീക്ഷണങ്ങളെ സഹിക്കുന്നവരാണ് യഥാർത്ഥ പണ്ഡിതൻമാർ. തങ്ങളുടെ ദൗത്യനിർവഹണത്തിൽ പോക്കിരികളായ രാജാക്കൻമാരെവരെ പേടിയേതുമില്ലാതെ നേരിട്ടവരാണ് മുൻകാല ജ്ഞാനികൾ.''

''അപ്പോൾ പ്രവാചക കുടുംബാംഗങ്ങളാണ് അവരുടെ പിതാമഹൻെറ ദീനീ സേവനമാർഗത്തിൽ മറ്റാരേക്കാളും പ്രയാസങ്ങൾ സഹിക്കാൻ കടപ്പെട്ടവർ. തക്വിയ്യയെന്ന ഉപായം വിശ്വാസികളുടെ നി ർബന്ധ ബാധ്യതയായിരുന്നുവെങ്കിൽ അത് ആദ്യം ചെയ്യേണ്ടിയിരുന്നത് അലി(റ)യായിരുന്നു. അബൂബക്കറി(റ)ന് ബൈഅത്തു ചെയ്യാതെ ആറു മാസമാണ് അദ്ദേഹം മാറിനിന്നത്. എന്തേ, അദ്ദേഹത്തിന് തക്വിയ്യയുടെ അടിസ്ഥാനത്തിൽ അബൂബക്കറി(റ)ന് ആദ്യം തന്നെ ബൈഅത്ത് ചെയ്തു കൂടായിരുന്നൊ? തക്വിയ്യയെന്ന നിർബന്ധബാധ്യത നിർവഹിക്കാൻ കിട്ടിയ പ്രഥമാവസരം തന്നെ അദ്ദേഹം നഷ്ടപ്പെടുത്തിയതെന്തിനായിരുന്നു?''

''അലി(റ)ക്കും അദ്ദേഹത്തിൻെറ സന്താനങ്ങൾക്കും തക്വിയ്യയെന്ന കാപട്യത്തിൻെറ ആവശ്യമില്ല. എന്തുകൊണ്ടെന്നാൽ, ഈ ഉപായം ഉപയോഗിക്കേണ്ടിവരുന്നത് ജീവഹാനി സംഭവിക്കുമ്പോൾ സ്വയരക്ഷ എന്ന നിലക്കാണല്ലൊ? എന്നാൽ ശീഇകളുടെ ഇമാമുകൾ, അവരുടെ വിശ്വാസ പ്രകാരം, മറ്റൊരാൾക്കുമില്ലാത്ത കായികശേഷിയുടെ ഉടമകളാണ്. ത്വബ്റസിയുടെ ഒരു റിപ്പോർട്ട് അത് ശരിവെക്കുന്നുമുണ്ട്. അത് കാണുക: ''ഒരിക്കൽ ഉമർ സൽമാനുൽ ഫാരിസിയുമായി തർക്കത്തി ലേർപ്പെടുകയും അദ്ദേഹത്തെ ദേഹോപദ്രവമേൽപ്പിക്കാൻ ശ്രമിക്കുകയും ചെയ്തു. ഉടനെ അമീറുൽ മുഅ്മിനീൻ അലി(അ) ഉമറിൻെറ മേൽ ചാടി വീഴുകയും മുണ്ടിന് കുത്തിപ്പിടിച്ച് അദ്ദേത്തെ നിലത്തടിക്കുകയും ചെയ്തു.'' (അൽ ഇഹ്തിജാജ്, ത്വബ്റസി, പേ. 45, ഇറാൻ)

റാവൻദി രേഖപ്പെടുത്തുന്നത് കാണുക: ''തൻെറ ശീഅത്തിനെ സംബന്ധിച്ച് ഉമർ മോശമായി ചി ലതു സംസാരിച്ചു എന്ന വിവരം അലിക്ക് ലഭിച്ചപ്പോൾ, വഴിയിൽ വെച്ച് അദ്ദേഹം ഉമറിനെ തടഞ്ഞു നിർത്തി. ആ സമയം അലിയുടെ കയ്യിൽ ഒരു അമ്പുണ്ടായിരുന്നു. അദ്ദേഹം ചോദിച്ചു: 'ഉമറേ, എൻെറ സംഘത്തെപ്പറ്റി താകൾ ചിലതു പറഞ്ഞെന്നു കേട്ടു. എന്തിനാണത്?' പക്ഷെ, ഉമർ അദ്ദേഹത്തോട് തട്ടിക്കയറി. കോപാകുലനായ അലി തൻെറ കയ്യിലുണ്ടായിരുന്ന അമ്പിനെ നി ലത്തേക്കെറിഞ്ഞു. അപ്പോൾ അതൊരു ഒട്ടകം കണക്കെയുള്ള സർപ്പമായി മാറി. ഉമറിൻെറ മുന്നിൽ അത് വായ്പിളർന്ന് നിന്നു. അതു കണ്ട ഉമർ നിലവിളിച്ചു കൊണ്ട് പറഞ്ഞു: 'അല്ലാഹു സത്യം, അബുൽ ഹസൻ, ഞാനിനി താകളുടെ സംഘത്തെപ്പറ്റി യാതൊന്നും പറയില്ല.' അയാൾ അലിയുടെ മുന്നിൽ നിന്ന് കെഞ്ചി. ആ സമയം അലി സർപ്പത്തിൻെറ തലയിലൊരു താഡനം നൽകി. അത് പഴയ അമ്പിൻെറ അവസ്ഥയിലേക്ക് പരിണമിക്കുകയും ചെയ്തു. ഉമർ ഭയവിഹ്വലനായി തൻെറ വീട്ടിലേക്ക് തിരിച്ചു പോയി'' (കിതാബുൽ ഖറാഇജ് വൽ ജറാഇഹ്, റാവൻദി, പേ. 20, 21, ഇന്ത്യ, 1301 ഹി.)

ഈ അമാനുഷിക ശക്തി അലി(റ)യുടെ മാത്രം പ്രത്യേകതയായിട്ടല്ല ശീഇകൾ വിശ്വസിക്കുന്നത്. മുഴുവൻ ഇമാമുകൾക്കും ഇത്തരത്തിലുള്ള അമാനുഷിക കഴിവുകളും, ധീരതയും ഉണ്ടെന്നാണ് അവരുടെ വിശ്വാസം. എട്ടാമത്തെ ഇമാമായി ഗണിക്കപ്പെടുന്ന അബുൽ ഹസൻ അലി ബ്ൻ മൂസ

പറയുന്നു: "ഒരു ഇമാമിന്ന് ചില വിശിഷ്ട ലക്ഷണങ്ങളുണ്ട്. അയാൾ ജനങ്ങളിൽ അഗാധജ്ഞാനി യായിരിക്കും, ഏറ്റവും യുക്തിദീക്ഷയുള്ളവനായിരിക്കും. അതി ഭക്തനായിരിക്കും, നല്ല വിവേകി യായിരിക്കും, മഹാധീരനായിരിക്കും... അദ്ദേഹത്തിന് ഭൂമിയിൽ പതിക്കുന്ന നിഴലുണ്ടാകില്ല... അദ്ദേഹത്തിൻെറ പ്രാർത്ഥന ഉത്തരസാധ്യതയുള്ളതായിരിക്കും. അദ്ദേഹമെങ്ങാനും ഒരു പാറക്കെട്ടി നോട് ആവശ്യപ്പെട്ടാൽ അത് രണ്ട് ഖണ്ഡങ്ങളായി പിളരും. അദ്ദേഹത്തിൻെറ കൈവശം പ്രവാചകൻെറ ഖഡ്ഗമുണ്ട്, ദുൽഫുക്വാർ എന്ന ഗഡ്ഗം." (അൽ ഖിസ്വാൽ, ഇബ്നു ബാബവൈഹി അൽക്വുമ്മി, പേ. 105, 106, ഇറാൻ)

കുലൈനിയുടെ നിവേദനത്തിൽ ഇങ്ങനെ കാണാം: "ഇമാമിൻെറ കൈവശം മൂസാനബിയുടെ വേദഫലകങ്ങളും, അദ്ദേഹത്തിൻെറ വടിയും, സുലൈമാൻ നബിയുടെ മോതിരവും ഉണ്ടായിരിക്കും. അവർ അമ്പൊ, കുന്തമൊ ഏശാത്ത നാമം വഹിക്കുന്നവരുമായിരിക്കും."

അലി(റ) മുതൽ പന്ത്രണ്ടു ഇമാമുകളുടേയും അവസ്ഥയാണ് നാം മുകളിൽ വായിച്ചത്. സംഗതി ഇവ്വിധത്തിലാണെങ്കിൽ, ഏത് കാര്യത്തിന് ഇമാമുകൾ 'തക്വിയ്യ'യെന്ന കാപട്യം ആചരിക്കണം? ഏവരേക്കാളും ശക്തരായ, കുന്തത്തിനൊ, ശരത്തിനൊ പോലും മുറിവേൽപിക്കാനാകാത്ത അമാനുഷിക ശക്തിയുള്ള അവർക്ക് സ്വന്തം ശരീരത്തെ ആരിൽ നിന്നാണ് രക്ഷിക്കാനുള്ളത്? അതെ, 'തക്വിയ്യ' ഭീതിദേഹരക്ഷക്കുള്ള

അവസാനമായി, ഈ 'തക്വിയ്യ'യെന്ന ഉപായം ശരിയായ അർത്ഥത്തിൽ പറഞ്ഞാൽ ശുദ്ധ കാപട്യം 'വിശ്വാസികൾ' എത്ര കാലം വരെയാണ് ആചരിക്കേണ്ടത്? ഈ ചോദ്യം ഉന്നയിക്കാൻ ഒരു സന്ദർഭമുണ്ട്. ശിഈകളുടെ 'തക്വിയ്യ' ചില പ്രത്യേക കാലത്തു മാത്രം ഉപയോഗിക്കുകയും അതിൻെറ ആവശ്യം കഴിഞ്ഞപ്പോൾ അതിനെ ഉപേക്ഷിക്കുകയും ചെയ്തു എന്ന് വാദിച്ച് പുസ്തകമെഴുതിയ ആളാണ് സയ്യിദ് ലുത്വ്ഫുല്ലാഹ് അസ്സ്വാഫീ. തൻെറ 'മഅൽ ഖത്വീബ് ഫീ ഖുതൂത്വിൽ അരീള്' എന്ന ഗ്രന്ഥത്തിൽ അയാളെഴുതി: "അതെ, ശീഇകൾ തക്വിയ്യ അനുവദനീയമാണെന്ന് വിശ്വസിക്കുന്നവരാണ്. മുആവിയ, യസീദ്, വലീദ്, മൻസ്വൂർ തുടങ്ങിയ സ്വേഛാധിപതികളും ക്രൂരരുമായ ഭരണാധികാരികൾ നാടുവാണിരുന്ന ഘട്ടങ്ങളിലൊക്കെ ശീഇകൾ അത് പ്രാവർത്തികമാക്കിയിട്ടുമുണ്ട്... എന്നാൽ അമവീ അബ്ബാസീ കാലട്ടത്തേയും സംഭവകാലത്തേയും ഒരേ പോലെ വിലയിരുത്തുന്നത് ഭൂഷണമല്ല. അന്നും ഇന്നും തീർത്തും വ്യത്യസ്തമാണ് " (മഅൽ ഖത്വീബ്, പേ. 39) ഈ പ്രസ്താവനയുടെ അടിസ്ഥാനത്തിലാണ് നമുക്ക് ചോദിക്കേണ്ടിവരുന്നത്, സത്യത്തിൽ അമവീ അബ്ബാസീ യുഗത്തോടെ ശീഇകളുടെ തക്വിയ്യ ആചരണം നിലച്ചുവൊ? അഥവാ ഇപ്പോഴും അത് നിലനിൽക്കുന്നുണ്ടൊ? ശീഈകളുടെ പ്രമാണങ്ങൾ പറയുന്നത് സയ്യിദ് ലുത്വ്ഫിയുടെ വാദത്തിന് എതിരാണ്. നോക്കുക.

അർദബീലി ഹുസൈൻ ബ്ൻ ഖാലിദിൽ നിന്നും നിവേദനം ചെയ്യുന്നു. അദ്ദേഹം പറഞ്ഞു: "തി ദാ(അ) പറഞ്ഞിട്ടുണ്ട്: 'ഭക്തിയില്ലാത്തവന് ദീനില്ല. തക്വിയ്യയില്ലാത്തവന് ഈമാനുമില്ല. അല്ലാഹുവി കൽ ഏറ്റവും ആദരണീയൻ നിങ്ങളിൽ ഏറ്റവും നന്നായി തക്വിയ്യയുള്ളവനാകുന്നു. അത് നിർണ്ണി താവധിവരെ അഥവാ അവതാര പുരുഷൻ വരുന്നതുവരെ കാത്തു സൂക്ഷിക്കേണ്ടതാകുന്നു. അദ്ദേഹത്തിൻെറ വരവിന് മുമ്പ് തക്വിയ്യ ഉപേക്ഷിച്ചവൻ നമ്മിൽ പെട്ടവനല്ല." (കശ്ഫുൽ ഗുമ്മ, അർദബീലി, പേ. 341)

ഇതിനോട് ചേർത്ത് കുലൈനിയുടേതു കൂടി വായിക്കുക. അലി ബ്ൻ ഹസൻ പറയുന്നു: "നമ്മുടെ അവതാര പുരുഷൻ വരും മുമ്പെ നമ്മിൽ നിന്നും പുറത്തു പോകുന്നവൻ, കൂട്ടിൽ നിന്നും ഇറങ്ങി പ്പോയ, ചിറകുറക്കാത്ത പക്ഷിക്കുഞ്ഞിനെപ്പോലെയാണ്. കുട്ടികളതിനെയെടുത്ത് പന്താടുന്ന താണ്." (കിതാബുർറൗദ, കുലൈനി)

ഇബ്നു ബാബവൈഹി എഴുതി: "തക്വിയ്യ നിർബന്ധമാണ്. അവതാരപുരുഷൻ വരുന്നതു വരെ അതിനെ ഉപേക്ഷിക്കൽ അനുവദനീയമല്ല. അദ്ദേഹം വരുംമുമ്പെ തക്വിയ്യ അവസാനിപ്പിച്ചവൻ അല്ലാഹുവിൻെറ ദീനിൽ നിന്നും, ഇമാമിയ്യ വിശ്വാസത്തിൽ നിന്നും ഭ്രഷ്ടനാണ്. അവൻ അല്ലാഹുവി

നോടും, റസൂലിനോടും, ഇമാമുകളോടും അനുസരണക്കേട് കാണിച്ചവനാണ്." (അൽ ഇഅ്തിക്വാദാത്ത്, ഇബ്നു ബാബവൈഹി)

ഇതാണ് ഇമാമിയ്യ ദീൻ. ഇശ്നാ അശരിയ്യ എന്ന നവീന മതം. കളവും, ചതിയും, കുതന്ത്രവും നിറഞ്ഞ ക്ഷുദ്രമതം. കളവിൽ തീർത്ത ഒരാദർശത്തിന് എന്നാണ് വിജയിക്കാനാവുക? ഇല്ല, ഒരിക്കലുമില്ല.

അവസാനമായി, നമ്മളോടും അവരോടുമായി അല്ലാഹു പറഞ്ഞ ചില വചനങ്ങൾ നൽകുകയാണ്:

"അപ്പോൾ അല്ലാഹുവിന്റെ പേരിൽ കള്ളം പറയുകയും, സത്യം തനിക്ക് വന്നെത്തിയപ്പോൾ അതിനെ നിഷേധിച്ചു തള്ളുകയും ചെയ്തവനെക്കാൾ കടുത്ത അക്രമി ആരുണ്ട്? നരകത്തിലല്ലയോ സത്യനിഷേധികൾക്കുള്ള പാർപ്പിടം?

സത്യവും കൊണ്ട് വരുകയും അതിൽ വിശ്വസിക്കുകയും ചെയ്തതാരോ അത്തരക്കാർ തന്നെയാകുന്നു സൂക്ഷ്മത പാലിച്ചവർ.

അവർക്ക് തങ്ങളുടെ രക്ഷിതാവിങ്കൽ അവർ ഉദ്ദേശിക്കുന്നതെന്തോ അതുണ്ടായിരിക്കും. അതത്രെ സദ്വൃത്തർക്കുള്ള പ്രതിഫലം.

അവർ പ്രവർത്തിച്ചതിൽ നിന്ന് ഏറ്റവും ചീത്തയായതു പോലും അല്ലാഹു അവരിൽ നിന്ന് മായ്ച്ചുകളയും. അവർ പ്രവർത്തിച്ചതിൽ ഏറ്റവും ഉത്തമമായതനുസരിച്ച് അവർക്കവൻ പ്രതിഫലം നൽകുകയും ചെയ്യും.

തന്റെ ദാസന്ന് അല്ലാഹു മതിയായവനല്ലയോ? അവന്ന് പുറമെയുള്ളവരെ പറ്റി അവർ നിന്നെ പേടിപ്പിക്കുന്നു. വല്ലവനെയും അല്ലാഹു പിഴവിലാക്കുന്ന പക്ഷം അവന്ന് വഴി കാട്ടാൻ ആരുമില്ല. വല്ലവനെയും അല്ലാഹു നേർവഴിയിലാക്കുന്ന പക്ഷം അവനെ വഴിപിഴപ്പിക്കുവാനും ആരുമില്ല. അല്ലാഹു പ്രതാപിയും ശിക്ഷാനടപടി എടുക്കുന്നവനും അല്ലയോ?" (സുമർ: 32 - 37)

●